
ശബരിമലയാത്ര
പ്രാൎത്ഥനാപദ്ധതി

# ശബരിമലയാത്ര

അഥവാ

## അയ്യപ്പഭക്തന്മാരുടെ വ്രതാനുഷ്ഠാനപദ്ധതി


ഗ്രന്ഥകർത്താ:

ററി. ആർ. രാമകൃഷ്ണപിള്ള,

ആലങ്ങാട്ട്.



പ്രസാധകൻ:

മണികണ്ഠദാസൻ

കെ. നാരായണൻനായർ

ഗുരുവായൂർ.

വില: 1-75

കോപ്പി ആയിരം
കോപ്പി റൈററു്
പ്രസാധകന്നു്
അച്ചടി:
മാതാ പിതാ പ്രസ്സ്,
ഗുരുവായൂർ.

# വിഷയവിവരം

## ഒന്നാം അദ്ധ്യായത്തിൽ


1 ശബരിമലയാത്രയും ഗുരുസ്വാമിസേവയും

2 ആരെയാണ് ഗുരുവായി സ്വീകരിക്കേണ്ടതു്

3 ശബരിമലയെവിടെ?

4 ചിലരുടെ ശബരിമലയാത്ര

5 മുദ്ര ധരിക്കേണ്ട കാലം

6 മുദ്ര ധരിച്ചതിന്നുശേഷം ചെയ്യേണ്ടവ

7 കെട്ടുനിറപ്പാനുള്ള സാമാനങ്ങളുടെ വിവരം

8 ഇരുമുടി സഞ്ചിയുണ്ടാക്കേണ്ടവിധം

9 കെട്ടുനിറക്കേണ്ടവിധം

10 ഭക്തന്മാർ എരുമേലിയിൽ എത്തിയാൽ

11 പേട്ട തുള്ളൽ

12 പ്രായശ്ചിത്തം

13 പേട്ട തുള്ളുന്നതിനുള്ള ഒരുക്കങ്ങൾ

14 പേട്ട തുള്ളുന്നതെന്തിനു്?

15 പേട്ടതുള്ളൽ കഴിഞ്ഞാൽ

16 കോട്ടപ്പടി

17 പേരൂർത്തോടിന്റെ മാഹാത്മ്യം

18 കാളകെട്ടിയ സ്ഥാനം

19 അഴുതാനദിയിലെ സ്നാനവും ആഴിയും

20 അഴുതാനദിയിലെ സ്നാനവും കല്ലെടുപ്പും

21 അഴുതാമേട്

22 ഇഞ്ചിപ്പാറക്കോട്ട

23 കരിയിലാന്തോട് (കരിമലത്തോട്)

24 കരിമലകേററം കഠിനമയ്യപ്പാ!

25 കരിമലയുടെ മാഹാത്മ്യം

26 ഒഴുകുന്ന ദീപാവലി (പമ്പാവിളക്ക്)

27 പമ്പാസ്നാനവും പിതൃകർമ്മങ്ങളും

28 പമ്പയിലെ സദ്യയുടെ വിശേഷം

29 ഗുരുഭൂതന്നു ദക്ഷിണ

30 സ്വാമിസന്നിധിയിലേക്കുള്ള യാത്ര

31 പന്തളരാജവന്ദനം

32 അപ്പാച്ചിക്കുഴിയും ഇപ്പാച്ചിക്കുഴിയും

33 ശബരിപ്പീഠത്തിങ്കൽ

34 ശരംകുത്തിയാൽത്തറ

35 സ്വാമിദർശനം

36 സ്വാമിക്ക് ഘൃതാഭിഷേകം

37 ഗണപതിയുടെ നടയിൽ

38 കർപ്പൂരകുണ്ഡം

39 മഞ്ചമാതാ (മാളികപ്പുറത്തമ്മ)

40 കടുത്തസ്വാമിശരണം

41 കറുപ്പസ്വാമിശരണം

42 നാഗരാജാവും നാഗയക്ഷിയും ശരണം

43 വാവരുസ്വാമി ശരണം

41 ഭസ്മക്കളത്തിലെ സ്നാനം
45 സത്യമായ പതിനെട്ടുതൃപ്പടികൾ
46 സ്വാമിക്കു വഴിപാടുകൾ
47 പ്രത്യേക വഴിപാടുകൾ
48 തിരുവാഭരണപ്പെട്ടിയുടെ ആഗമനം
49 ദീപാരാധന
50 മകരവിളക്ക്
51 കുംഭദളത്തോട് (കുമ്പളത്തോട്)

## രണ്ടാം അദ്ധ്യായത്തിൽ

52 സ്വാമിദർശനകാലങ്ങൾ
53 സ്വാമിദർശനത്തിനർഹനാര്?
54 ബ്രഹ്മചര്യം
55 ക്ഷമാശീലം
56 കോപാഭാവം
57 അനുകമ്പാശീലം
58 അഹിംസാ തത്വം
59 സത്യദീക്ഷ
60 മനഃശ്ശുദ്ധി
61 മിതാഹാരനിഷ്ഠയും അന്നദാനവും
62 ത്യാഗവും സേവനവും
63 ധർമ്മതാല്പര്യം
64 കൃത്യബോധം
65 അപരാധവും ക്ഷമാപണവും

## മൂന്നാം അദ്ധ്യായത്തിൽ

1 സ്വാമിയുടെ കഥകളിൽ ഏററവും സുപ്രധാനമായ ഒരു രംഗം.

2 ശബരിമലയാത്രയിൽ അയ്യപ്പന്മാർ മല കയറുമ്പോൾ വിളിക്കുന്നതിനുള്ള അഷ്ടോത്തരശതശരണങ്ങൾ.

3 അയ്യപ്പഭക്തന്മാർ അനുഷ്ഠിക്കേണ്ടതായ നാല്പത്തിയൊന്നു തത്വോപദേശങ്ങൾ.

# അയ്യപ്പദർശനമഹാത്മ്യം

അഖിലാണ്ഡകോടിബ്രഹ്മാണ്ഡനായകനായി ഹരിഹരപുത്രനായി ശബരിമലയിൽ അധിവസിക്കുന്ന ശ്രീ അയ്യപ്പസ്വാമിയെ ദർശനംചെയ്യുന്നതിന്നായിവ്രതമെടുത്തു ശബരിമലക്കു പോകുന്ന സ്വാമിഭക്തന്മാരുടെ സംഖ്യ ഓരോ കൊല്ലം കഴിയുന്തോറും വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു് എന്നു് നാം ഓരോരുത്തരും പ്രത്യക്ഷത്തിൽ മനസ്സിലാക്കിക്കൊണ്ടിരിക്കുന്ന തർക്കമററ ഒരു സംഗതിയാണു്.

കൈപ്പുണ്ണുകാണുന്നതിന്നു കണ്ണാടിയുടെ ആവശ്യമെന്തു് എന്നുചോദിക്കുന്നതുപോലെ സ്വയമേവ കണ്ടുകൊണ്ടിരിക്കുന്ന കാഴ്ചയെ മറെറാരാൾ വിശദീകരിക്കേണ്ടആവശ്യമില്ല.

'സ്വാമി! ശരണം ശരണമയ്യപ്പാ! എന്നുള്ള ഏകാദശാക്ഷരമഹാമന്ത്രം അത്യുച്ചത്തിൽ ജപിച്ചുകൊണ്ടും സത്യസ്വരൂപനായ ധർമ്മശാസ്താവിനെ (അയ്യപ്പനെ) പരിശുദ്ധമായ ഭക്തിയോടുകൂടി ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ടും. ഇരുമുടിക്കെട്ടുകളുമേന്തി ആവേശഭരിതരായി സ്വാമിഭക്തന്മാർ ശബരിമലക്കുപോകുന്ന ആ മനോഹരമായ കാഴ്ചകണ്ടാൽ ഏതൊരു കഠിനഹൃദയനാണു് ഏതൊരു നിരീശ്വരവാദിക്കാണു് രോമാഞ്ചമുണ്ടാകാത്തതു്?

ഒരു മനുഷ്യൻ അയാളുടെ ജന്മാവസാനത്തിന്നുമുമ്പു് ഒരു പ്രാവശ്യമെങ്കിലുംശരിയായ (നിയമാനുസൃതം) വ്രതാനുഷ്ഠാനങ്ങളോടുകൂടി ശബരിമലക്കുപോയി സ്വാമിദ

ർശനം ചെയ്യുന്നതായാൽ ഇഹലോകത്തുവെച്ച് അയാൾ ചെയ്തിട്ടുള്ള സകലപാപങ്ങൾക്കും, തന്മൂലം അനുഭവിച്ചിട്ടുള്ള ദുരിതങ്ങൾക്കും ശാന്തിലഭിക്കുമെന്നാണ് എന്റെ ആത്മവിശ്വാസവും അനുഭവവും.

അയ്യപ്പൻ, ഭൂതനാഥൻ, ധർമ്മശാസ്താവ്, ഹരിഹര പുത്രൻ ശബരിഗിരീശ്വരൻ എന്നും മററുമുള്ളമഹത്തായ നാമങ്ങൾ എല്ലാംതന്നെ ദുരിതക്ഷയത്തിനും പാപശാന്തിക്കും ഐശ്വര്യവർദ്ധനക്കും ശാന്തതക്കുംമററുഏററവും പററിയമഹാമന്ത്രങ്ങളാകുന്നു. അവയെഓരോന്നിനേയും വേണ്ടതരത്തിൽ (അനുഷ്ഠാനങ്ങളോടുകൂടി) ജപിച്ചാൽ അതിനനുയോജ്യമായ വിധത്തിൽ പലഅത്ഭുതസിദ്ധികളും നമുക്ക് ലഭിക്കാവുന്നതാണ്.

ചിലർ എന്നോടു ചോദിച്ചിട്ടുണ്ടു്. അയ്യപ്പനെഭജിച്ചാൽ; ശബരിമലക്കുപോയാൽ എന്തുകിട്ടുമെന്നു? അതെ അവരുടെ ആ ചോദ്യങ്ങൾ ശരിയാണ്. തെററല്ല അവർക്കു ചോദിക്കാൻമാത്രമേ സമയം കിട്ടിയുള്ളു അവിടം വരെ പോകുന്നതിനോ ആ ദിവ്യദർശനത്തിന്റെ മാഹാത്മ്യം എത്രത്തോളമുണ്ടെന്നു് മനസ്സിലാക്കുന്നതിനോ സമയം കിട്ടിയില്ല എന്നു് കരുതുകമാത്രമല്ലാതെ എന്തു മറുപടിയാണ് ഇങ്ങിനെയുള്ളചോദ്യങ്ങൾക്ക് പറയേണ്ടതു്?

മനുഷ്യനായിട്ടുമഹീതലത്തിൽ
ജനിച്ചുവെന്നാലറിവിന്നുവേണ്ടി
തനിച്ചിരുന്നിത്തരമുള്ളകാര്യം
നിനച്ചിടാഞ്ഞാൽ പഴുതാണുജന്മം.

# ശബരിമലയാത്ര

അഥവാ

അയ്യപ്പഭക്തന്മാരുടെ

# വ്രതാനുഷ്ഠാനപദ്ധതി

## അദ്ധ്യായം 1

### ശബരിമലയാത്രയും ഗുരുസ്വാമിസേവയും

ഈ കലിയുഗകാലത്തു് ശബരിമലയാത്ര ഒരു ആനന്ദയാത്രയായിട്ടാണു് ഭൂരിപക്ഷം ജനങ്ങളും കണക്കാക്കിയിരിക്കുന്നതു് എന്നു് കുറഞ്ഞൊരു കാലത്തിനുള്ളിൽ പോയിക്കൊണ്ടിരിക്കുന്ന തീർത്ഥയാത്രക്കാരെ പരിശോധിച്ചാൽ അറിയാവുന്നതാണു്. ശബരിമല തീർത്ഥാടനംകൊണ്ടുള്ള പ്രയോജനമെന്തെന്നു മനസ്സിലാക്കാതെ പലരും യാത്രചെയ്യുന്നുണ്ടു്: അങ്ങിനെ പോകുന്നവർ വ്രതനിഷ്ഠയോ മററു നിയമങ്ങളോ യാതൊന്നും ഗൌനിക്കാറില്ല. വിരിച്ചുകിടക്കാൻ ഒരു കമ്പിളിയോ പുതപ്പോ

ഏതെങ്കിലുമൊരെണ്ണവും ഒരു സൈഡുബാഗ്ഗും കുറെ പണവും ഉണ്ടെങ്കിൽ തീർത്ഥയാത്രക്കു തയ്യാറാകും. ഒരു ഗുരുഭൂതൻെറ ആവശ്യം പോലും അവർക്കില്ല. പണമാണവരുടെ ഗുരുഭൂതൻ. വ്രതാനുഷ്ഠാനങ്ങളോടുകൂടി മുദ്രക്കെട്ടുമേന്തി ശബരിമലക്കു പോകുന്നവരും ധാരാളമുണ്ട്. അങ്ങിനെ നിയമാനുസൃതംപോകുന്നവർക്ക് അതിനുള്ള അനുഭവം ഇന്നല്ലെങ്കിൽ നാളെലഭിക്കുമെന്നുള്ളതും നിശ്ചയമാണ്.

ശബരിമലയാത്രക്കു ഒരുങ്ങുമ്പോൾ ഒരു ഗുരുഭൂതൻ്റെ സേവയോടുകൂടിപോകണമെന്ന് വളരെക്കാലത്തിനുമുൻപുതന്നെയുള്ള ചട്ടമാണ്. അതിനാൽ ഒരു ഗുരുഭൂതനെ നിശ്ചയിക്കണം. അദ്ദേഹത്തിൻ്റെ അനുമതിയോടുകൂടി മാല ധരിച്ച് വ്രതാനുഷ്ഠാനങ്ങൾനടത്തിമുദ്രക്കെട്ടുമെടുത്തു എരുമേലിവഴി കാൽനടയായിട്ടുതന്നെവേണം യാത്രചെയ്യുവാൻ. അല്ലാതെ പൂരം കാണാനെന്നപോലേയോ മററു വല്ല ക്ഷേത്രങ്ങളിലും ഉത്സവംകാണാനെന്നപോലെയോ പോയതുകൊണ്ടു പ്രയോജനമുണ്ടെന്നുതോന്നുന്നില്ല. എന്നാൽ ഗുരുവായിസ്വീകരിക്കുന്ന ഗുരുസ്വാമി അയ്യപ്പനെ ഏററവും ആത്മാർത്ഥമായി വിശ്വസിച്ചു ഭജിക്കുകയും മുടങ്ങാതെ ശബരിമലയാത്രചെയ്യുന്ന ഒരാളുമായിരുന്നാൽ നന്നായിരിക്കും. ദുരാഗ്രഹിയോ ദുർബ്ബുദ്ധിയോ ആയിരുന്നാൽ മററുപല വിഷമതകൾക്കും വഴിമദ്ധ്യേ ശിഷ്യന്മാൎക്ക് കാരണമുണ്ടായിക്കൊണ്ടിരിക്കും.

## ആരെയാണ് ഗുരുവായി സ്വീകരിക്കേണ്ടത്

സാധനചതുഷ്ടയമുണ്ടായീടണം, പിന്നെ
ബോധവാനായുള്ളോരാചാര്യനേത്തിരയണം.

എന്ന ആപ്തവാക്യമനുസരിച്ച് ഗുരുവിനെ കണ്ടുപിടിച്ച് അദ്ദേഹത്തിന്റെ ആജ്ഞക്ക് വിധേയമായി പോകുന്ന സ്വാമിഭക്തന്മാർക്ക് വഴിമദ്ധ്യേ യാതൊരുബുദ്ധിമുട്ടുകളും സംഭവിക്കാതെ സ്വാമിദർശനംചെയ്തു മടങ്ങി അവരവരുടെ യഥാസ്ഥാനങ്ങളിൽ എത്താൻസാധിക്കും ആദ്യമായിപ്പോകുന്ന ഒരു ഭക്തൻ (ഒരു കന്നിക്കാരൻ) ഈ വകയൊന്നും ഗണ്യമാക്കാതെ ശബരിമലയാത്രക്കൊരുങ്ങിയാൽ വലിയ കഷ്ടനഷ്ടങ്ങൾക്കിടയാകുമെന്ന് പറയേണ്ടതില്ല. ശബരിമലക്കുവേണ്ടിതാല്ക്കാലികമായിസ്വീകരിക്കുന്ന ഗുരുക്കന്മാരിൽനിന്ന്, എത്രയോ അയ്യപ്പന്മാരാണ് ബുദ്ധിമുട്ടുകൾസഹിക്കാറുള്ളത് എന്ന്കണക്കില്ല. ചിലർ വഴിമദ്ധ്യത്തിൽ വെച്ചുതന്നെ ഗുരുഭൃതനായി വാക്കുതർക്കങ്ങളും മററും ഉണ്ടായി പിരിഞ്ഞുപോകും ചിലർ ദേഹോപദ്രവത്തിനുകൂടി തയ്യാറാകും ചിലഗുരുഭൃതന്മാർ ഏതെങ്കിലും തരത്തിൽ കന്നിക്കാരുടെ കൈവശമുള്ള പണത്തിനെ മാത്രം ലാക്കാക്കി അവരോട് അടുത്തുനില്ക്കും. പണത്തിന്റെ അഭാവംകണ്ടുതുടങ്ങിയാൽ മെല്ലെമെല്ലെ പിറകോട്ട് മാറിത്തുടങ്ങും. ചില ഗുരുഭൃതന്മാർ ശിഷ്യഗണങ്ങൾക്കുവേണ്ടി എന്തുത്യാഗങ്ങളുംസഹിച്ചു അവരെ

സന്നിധാനത്തിൽ എത്തിച്ച് ദർശനം ചെയ്യിച്ച് വീട്ടിൽ എത്തിച്ചുകൊള്ളും. ഇങ്ങിനെ പലതരക്കാരാണ് ഗുരുഭൂതന്മാർ.

ഗുരുവേ പരീക്ഷിച്ചു സ്വീകരിക്കൂ!
ഗുരുവേഷം കണ്ടു ഭ്രമിക്കേണ്ട! നീ
പരിശോധിക്കാതെ വരിച്ചുകൊണ്ടീടുകിൽ
പരിതാപം തീരില്ല ........എന്നു

സ്വാമി ബ്രഹ്മാനന്ദൻ പറഞ്ഞിട്ടുള്ളതിന്റെ ആസ്പദമാക്കി ഗുരുവിനെ സ്വീകരിച്ച് അദ്ദേഹത്തോടൊരുമിച്ച് യാത്രചെയ്യുന്നതു് ഭക്തിക്കും തദ്വാരാമുക്തിക്കും ഒരു പ്രധാന കവാടമായിത്തീരുന്നതാണ്.

## ശബരിമലയെവിടെ?

കേരളസംസ്ഥാനത്തിൽപെട്ട പത്തനംതിട്ട താലൂക്കിലാണ് ശബരിമല. അവിടെയാണ് നമ്മുടെ ആരാധനാമൂർത്തിയായ അയ്യപ്പനെ പ്രതിഷ്ഠിച്ചിരിക്കുന്നതു്. പല മലകളും വലിയവലിയ കാടുകളും തോടുകളുംമററും തരണംചെയ്തിട്ടുവേണം ശബരിമലയിൽ ചെന്നുചേരുവാൻ ദുഷ്ടമൃഗങ്ങളുടെ വിഹാരരംഗമായ ആ കാടുകളിൽ കൂടിയുള്ള യാത്ര ഭക്തശിരോമണികളായ അയ്യപ്പന്മാർക്ക് ആനന്ദാമൃതംതന്നെയാണ്.

## ചിലരുടെ ശബരിമലയാത്ര

എല്ലാററിനും പുതുമയും പരിഷ്കാരവും ഏറിവരുന്ന ഇക്കാലത്ത് ശബരിമലയാത്രക്കും ചില പുതുമകളും പരിഷ്കാരങ്ങളും ബാധിച്ചിട്ടുണ്ട്. എപ്പോഴം വേണമെങ്കിലും മാല ധരിക്കാം. എപ്പോഴം വേണമെങ്കിലും കെട്ടുനിറക്കാം. ഒരുപക്ഷെ കെട്ടുനിറക്കാൻ സാധിച്ചില്ലെങ്കിലും പോകാം. വ്രതാനുഷ്ഠാനം യുക്തംപോലെ, നിർബന്ധങ്ങൾ യാതൊന്നിലും വേണ്ട, എന്നുംമററുമുള്ള ചില പുതിയനിയമങ്ങളിൽക്കൂടി ശബരിമലക്ക പോകുന്നവരും ധാരാളമായിട്ടുണ്ട്. അവരും സ്വാമിദർശനം ചെയ്തു മടങ്ങിവരുന്നുണ്ട്. എന്തുപ്രയോജനം? ഒരുവൻ ഒരു കടയിൽ കുറെപണവുമായിചെല്ലുന്നു. അയാൾ അയാൾക്കിഷ്ടപ്പെട്ടതും ആവശ്യമുള്ളതുമായ സാധനങ്ങൾ വാങ്ങിപ്പോരുന്നു. പണമില്ലാത്തവർക്ക് —ആ കടയിൽ ചെല്ലാം. സാധനങ്ങൾ എല്ലാം ഇഷ്ടംപോലെ കാണാം. പക്ഷെ പണത്തിൻെറ കുറവുകൊണ്ട് വാങ്ങാൻ സാധിക്കാതെ മടങ്ങുന്നു. അത്രത്തോളം നടന്നതു മിച്ചം. ശരിയായ നിയമങ്ങളിൽക്കൂടി വ്രതമനുഷ്ഠിച്ച് ശബരിമലക്ക പോയി സ്വാമിദർശനംചെയ്യുന്നവക്ക് അയ്യപ്പൻെറ അനുഗ്രഹാശിസ്സുകളോടുകൂടി മടങ്ങുവാനും അല്ലാത്തവർക്ക് അതുപോലെയുള്ള അനുഭവങ്ങളോടുകൂടി മടങ്ങുവാനും സാധിക്കുന്നു.

## മുദ്ര ധരിക്കേണ്ട കാലം

ശബരിമല തീർത്ഥാടനത്തിനുദ്ദേശിക്കുന്ന സജ്ജനങ്ങൾ ആദ്യമായി സ്വജനങ്ങളുടെയെല്ലാം അനുമതിയോടു

കൂടി അന്നാട്ടിൽനിന്നു് ശബരിമലക്കുപോയി പഴക്കം സിദ്ധിച്ചതും ഭക്തനും ജ്ഞാനിയുമായ ഒരാളെ ഗുരുവായി സ്വീകരിക്കണം. വൃശ്ചികമാസം ഒന്നാംതിയ്യതി രാവിലെ കുളിച്ച് ക്ഷേത്രസന്നിധിയിൽവച്ച് അദ്ദേഹത്തിനു് ഗുരുദക്ഷിണകൊടുത്തു് മാലവാങ്ങി ധരിക്കണം. സ്വാഗൃഹത്തിൽവെച്ചായാലും മതി. പക്ഷെ സ്വാഗൃഹം തലേദിവസംതന്നെ ശുചീകരണം നടത്തിയിരിക്കണം. (ശുദ്ധമായിരിക്കണം) വൃശ്ചികമാസം ഒന്നാംതീയതി മാലധരിക്കാൻ സാധിച്ചില്ലെങ്കിൽ അടുത്ത ഏതെങ്കിലും നല്ല ദിവസങ്ങളിൽ മാല ധരിക്കാവുന്നതാണു്. ഗുരുസ്വാമിയെ തഅവസരത്തിൽ ലഭ്യമാകാതെവന്നാൽ അച്ഛൻ, അമ്മ, മുത്തശ്ശി, മുത്തച്ഛൻ, ജ്യേഷ്ഠൻ മുതലായവരിൽനിന്നും മാലവാങ്ങി ധരിക്കാം. അതുകൊണ്ടു് യാതൊരു തെററുമില്ല അവർ ഹൃദയശുദ്ധിയും ശരീരശുദ്ധിയുമുള്ളവരായിരുന്നാൽ മാത്രം മതി. മുദ്രയായി ധരിക്കുന്നതിനുപയോഗിക്കുന്ന മാല രുദ്രാക്ഷമാലയോ തുളസിമാലയോ ആയിരുന്നാലേററവും നല്ലതാണു്. ചിലർ സ്വർണ്ണമാലയും വെള്ളിമാലയും ധരിക്കാറുണ്ടു്. മേല്പറഞ്ഞ മാലകളിൽ ഓരോ ചെറിയ അയ്യപ്പവിഗ്രഹംകൂടി കൊളുത്തിയിടുന്നതു് നമ്മുടെ സങ്കല്പത്തിനു മാററുകൂട്ടുന്നതാണു്. ഇങ്ങിനെയുള്ള മുദ്രയാണു് അയ്യപ്പഭക്തന്മാർ ധരിക്കേണ്ടതു്. മുദ്ര ധരിച്ചുകഴിഞ്ഞാൽ വ്രതാനുഷ്ഠാനമാണു് നമ്മുടെ പ്രധാന കർത്തവ്യം. അവയെപ്പററി വിസ്തരിച്ചു് അടുത്ത അദ്ധ്യായത്തിൽ വിവരിക്കാം.

## മുദ്രധരിച്ചതിന്നുശേഷം ചെയ്യേണ്ടവ

'മണ്ഡല' കാലത്തു് ശനി, ബുധൻ ഈ ദിവസങ്ങളിൽ ക്ഷേത്രങ്ങളിലൊ അല്ലെങ്കിൽ സ്വവസതിയിലൊ ഇരുന്നു ദീപാരാധന, ഭജനമുതലായവ നടത്തേണ്ടതാണു്. ഭജനച്ചടങ്ങുകൾ വലിയതോതിലും ചെറിയതോതിലും നടത്താം. യഥാശക്തി മഹാഫലം, കൂടാതെ ശാസ്താംപാട്ടു്, അയ്യപ്പൻപാട്ടു്, ആഴിപൂജ, വിളക്കു് എന്നിവയും അവരവരുടെ കഴിവനുസരിച്ചു് നടത്താവുന്നതാണു്. അവ നടത്തണമെന്നു നിർബന്ധമില്ല. കഴിവുള്ളിടത്തോളം സാധുക്കൾക്കു് അന്നദാനം നടത്തുന്നതു നല്ലതാണു്. അടുത്തതായി അറിയേണ്ടതു് കെട്ടുനിറക്കുന്ന സമ്പ്രദായമാണു്. ശാസ്താംപാട്ടു് അന്നദാനം മുതലായവ നടത്താം. വാദ്യവിശേഷങ്ങളോടും അലങ്കാരങ്ങളോടുംകൂടി കെട്ടുനിറയ്ക്കാവുന്നതാണു്. അപ്രകാരം ചെയ്യില്ലെങ്കിലും കെട്ടുനിറക്കാം. കെട്ടുനിറക്കുന്ന സമയത്തും അയ്യപ്പൻപാട്ടും മററും നടത്തുന്ന സമയത്തും ഗുരുഭൂതൻ വേണമെന്നാണു് നിശ്ചയം. അതിൻെറ കാരണം കന്നിക്കാരായ സ്വാമിമാർക്കും കെട്ടുനിറക്കുന്ന മാതൃക വലിയ നിശ്ചയമുണ്ടായിരിക്കയില്ല. പരിചയക്കുറവുകൊണ്ടു് അതിനു പല മാററങ്ങളും സംഭവിച്ചേക്കാം. അതിനാലാണു് പഴയസ്വാമി വേണമെന്നു പറയുന്നതു്.

കെട്ടുനിറക്കുന്നതു് സ്വവസതിയിൽവെച്ചും അടുത്തുള്ള ക്ഷേത്രങ്ങളിൽവെച്ചും ആകാവുന്നതാണു്. കന്നിക്കാ

രായവരുടെ കെട്ടുനിറക്കുന്നതു് കഴിയുന്നതും അവരുടെഗൃഹങ്ങളിൽവെച്ചായിരുന്നാൽ കൊള്ളാമെന്നാണ് എന്റെ അഭിപ്രായം. കെട്ടുനിറയുടെ സമയംഇന്നപ്പോഴെന്നുക്ഌപ്തമില്ല,ഗൃഹങ്ങളിൽവെച്ചാണ്നിറക്കുന്നതെങ്കിൽ,ഗണപതി, സുബ്രഹ്മണ്യൻ, ശാസ്താവ്എന്നിവരെസങ്കല്പിച്ച് പീഠംവച്ച് പൂജിച്ച് കർപ്പൂരംകത്തിച്ച് ദീപാരാധന നടത്തിയതിനുശേഷം കെട്ടുനിറക്കണം.

## കെട്ടുനിറപ്പാനുള്ള സാമാനങ്ങളുടെ വിവരം

കല്ലുപോലെ വിളഞ്ഞ ഒരുതേങ്ങ തുളച്ച്അതിനകത്തുള്ള വെള്ളംകളഞ്ഞു് അതിൽശുദ്ധമായ പശുവിൻനെയ്യ് (ഉരുക്കിയതു്) നിറച്ച് കാക്ക്കൊണ്ടു് അടച്ച് അരക്ക് ഉരുക്കി അടപ്പിന്മേൽ ഒഴിച്ച് പതിക്കുക. അതിനുശേഷം രണ്ടരനാഴി ഉണങ്ങലരി, കർപ്പൂരം,സാമ്പ്രാണിപ്പൊടി, ചന്ദനത്തിരി, ചന്ദനക്കട്ടെ, സിന്ദൂരം, കന്നിസ്വാമിയാണെങ്കിൽ താലി, ചുരിക, വെററില, അടക്ക കാണിപ്പൊന്നു്(കാണിപ്പണം)രണ്ടാംകന്നിയാണെങ്കിൽ ഒരു ഗദ, കാണിപ്പണം മൂന്നാംകന്നിയാണെങ്കിൽ ഒരു വാൾ, കാണിപ്പണം,കദളിപ്പഴം,ശക്കര പനിനീർകുപ്പി മലർപ്പൊടി, മഞ്ഞൾപ്പൊടി,മഞ്ചമാതാവിനു് (മാളികപ്പുറത്തമ്മ)പട്ട് പതിനെട്ടാംപടി കയറുമ്പോഴും ഇറങ്ങുമ്പോഴും പടിയിൽഉടക്കുവാനുള്ള നാളികേരംമുന്തിരിങ്ങാപ്പഴം, കല്ക്കണ്ടം, കുരുമുളക്,എന്നിവയാണ്മുൻകെട്ടിൽ നിറപ്പാനുള്ള സാധനങ്ങൾ. ഇവയെല്ലാംഇരുമുടിസഞ്ചിയുടെ മുൻഭാഗത്തു നിറക്കുക. പിൻഭാഗത്തുള്ള മടിയിൽ

നമുക്കു വേണ്ടതായ ഭക്ഷണസാധനങ്ങൾ, വസ്ത്രങ്ങൾ, ആഹാരങ്ങൾ പാകപ്പെടുത്തുന്നതിനുള്ള പാത്രങ്ങൾ ഇവയാണ് നിറക്കേണ്ടതു്. ഇന്നത്തെ കാലാവസ്ഥ നോക്കിയാൽ ഇവയൊന്നുംകൊണ്ടുപോകേണ്ട ആവശ്യമില്ല ലോഭംക്രൂടാതെ സകലസാധനങ്ങളും എല്ലായിടത്തും (എല്ലാം താവളങ്ങളിലും ലഭിക്കുന്നതാണ്. അതുപോലെ തന്നെ ഹോട്ടലുകളും ചായക്കടകളും അനവധിയുണ്ട് പക്ഷെ ഉദ്ദേശിക്കുന്നതിലിരട്ടിപണം കൈവശമുണ്ടായിരിക്കണമെന്നു മാത്രമേയുള്ളു. ഇവിടെനിന്നും പുറപ്പെടുമ്പോൾ തന്നെ കൊണ്ടുപോകണമെന്നു ഉദ്ദേശിക്കുന്നവരുടെ അറിവിലേക്കായി ഇവിടെ പറയാം.

പുഴുങ്ങലരി, റവ, വെളിച്ചെണ്ണ, ഉപ്പ് മുളക്, കടുക് ചായപ്പൊടി, തേക്കാൻ എണ്ണ, ഉപ്പിലിട്ട നാരങ്ങയോ (മററതെങ്കിലും വസ്തുവായാലുംമതി) വററലുകൾ (കൊണ്ടാട്ടം) പമ്പയിൽ വിളക്കിൻെറ ആവശ്യത്തിലേക്കുള്ള മെഴുകുതിരി. കെട്ടിൻെറമുൻവശം പതിവായി സന്ധ്യക്കും വെളുപ്പാൻ കാലത്തും കൊളുത്തിവെക്കുന്നതിനുള്ള ഒരു ചെറിയ വിളക്ക്, കർപ്പൂരം കത്തിച്ചുദീപാരാധന നടത്തുന്നതിനു് ഒരു ചെറിയ തട്ടം, ഒരു ടോർച്ചു ലൈററ് ഉണ്ടായിരുന്നാൽ നന്നു്. കിടക്കുവാനുള്ള ഉപകരണങ്ങൾ പുകവലിക്കുന്ന വരാണെങ്കിൽ അതിനു വേണ്ടതും കരുതേണ്ടതാണ്. മേല്പറഞ്ഞ സാധനങ്ങൾ എല്ലായിടത്തും (എല്ലാതാവളങ്ങളിലും) കിട്ടുമെങ്കിലും ഓരോ

സാധനങ്ങൾക്കും നാട്ടിൻപുറങ്ങളിൽ കിട്ടുന്നവിലയിലും മൂന്നിരട്ടി വിലകൊടുക്കേണ്ടതായിവരും. ഈ വക സാധനങ്ങൾ കൊണ്ടുപോകാൻചെറിയ ചെറിയ സഞ്ചികൾ ഉണ്ടാക്കേണ്ടതാണ്. ഇവയെല്ലാംകൂടികെട്ടിനകത്താക്കി ഏററുവാൻ കഴിയാത്തവർ പൂജാസാമാനങ്ങൾ മാത്രം ഇരുമുടിക്കെട്ടിലാക്കി മററുള്ളവ സൈഡ്ബാഗിൽ നിറച്ച് തോളിൽ തൂക്കിയിട്ടാൽ മതി.

## ഇരുമുടിസഞ്ചിയുണ്ടാക്കേണ്ട വിധം

ഇരുമുടിസഞ്ചിയുടെ നീളംമൂന്നുമുഴംവേണം (മൂന്നരയായാലും വിരോധമില്ലെന്നപക്ഷക്കാരുണ്ട്) മേല്പറഞ്ഞ നീളത്തിൽ വീതികൂടിയതുണിവാങ്ങിനീളത്തിൽ മടക്കി അടിക്കുക. നീളഭാഗം അടിക്കുമ്പോൾ നടുഭാഗം ഒരടി നീളം അടിക്കരുത്. അതിൽകൂടിയാണ് രണ്ടുഭാഗത്തേക്കും സാധനസാമഗ്രികൾ നിറപ്പാനുള്ളതു്. നെയ്തേങ്ങയും മററുപൂജാസാമാനങ്ങളും കാണിപ്പണവുംഇടുന്നഭാഗത്തിന് മുൻകെട്ട് എന്നുംമററുള്ള സാധനങ്ങൾഇടുന്ന ഭാഗത്തിന് പിൻകെട്ട് എന്നും സ്വാമിഭക്തന്മാർ പറയുന്നു പൊതുവെ ഇരുമുടിക്കെട്ടെന്നാണ് പറയുന്നതു്.

## കെട്ടുനിറക്കേണ്ട വിധം

ഗുരുഭൂതൻെറ ആജ്ഞയേയും സഹായത്തേയും മുൻനിരുത്തിമാതാപിതാഗുരുജനബന്ധുമിത്രാദികളുടെ സമീപത്തിരുന്ന് കെട്ടുനിറക്കുക. കെട്ടുനിറക്കുന്നസമയംഗണ

പതി, സുബ്രഹ്മണ്യൻ, ശാസ്താവ് മുതലായ ദൈവസങ്കല്പത്തോടുകൂടിവേണം ആ ചടങ്ങ് നിർവ്വഹിക്കേണ്ടതു്. അപ്രകാരം മുൻകെട്ടിൽ നിറക്കേണ്ട സാധനങ്ങൾ എല്ലാംനിറക്കുമ്പോൾ സ്വാമിയെ ശരണം ശരണമയ്യപ്പ! എന്ന് ഇടവിടാതെ വിളിച്ചുകൊണ്ടുവേണം ഓരോസാധനങ്ങളും എടുത്ത് ഇരുമുടികെട്ടിൽ നിക്ഷേപിക്കുവാൻ. അതിനുശേഷം ഗുരുസ്വാമിയേയുംമാതാപിതാമാതുലാദി ജനങ്ങളേയും അഭിവാദ്യംചെയ്തു ദക്ഷിണകൊടുത്ത് അവരുടെ അനുഗ്രഹത്തോടുകൂടി കെട്ടുതാങ്ങണം. കെട്ടുതാങ്ങിയാൽ അവിടെവെച്ചുതന്നെ ഒരു തേങ്ങ തലപ്പാറമലയെ ഉദ്ദേശിച്ച് ഒരു കല്ലിട്ട് ദീപംകൊളുത്തി ശരണംവിളിച്ച് പ്രദക്ഷിണംവെച്ച് കിഴക്കോട്ട് തിരിഞ്ഞുനിന്ന് മേൽപറഞ്ഞകല്ലിന്മേൽ ഉടച്ച് തിരിഞ്ഞുനോക്കാതെ ഗുരുസ്വാമിയുടെ പിൻഗാമിയായി നടന്നുകൊള്ളണം. തൽസമയംമുതൽ സ്വാമിയേശരണം ശരണമയ്യപ്പയെന്നുള്ളദിവ്യമഹാമന്ത്രംസദാസമയവുംഉച്ചരിച്ചുകൊള്ളണം. കെട്ടുനിറക്കുന്നതു് സ്വവസതിയിലായാലും അടുത്തുള്ള ക്ഷേത്രസന്നിധിയിലായാലും വിരോധമില്ലെന്ന് മുൻപ് പറഞ്ഞിട്ടുണ്ടല്ലോ. കെട്ടുതാങ്ങിയാൽ കെട്ടിന്റെ പുറത്ത് ഒരു കമ്പിളിയോ പുതപ്പോ ഇട്ടുകൊള്ളണം. മുദ്രകെട്ട് വെയിലും മററും കൊള്ളിക്കാതെ വളരെ ഭദ്രമായി സൂക്ഷിക്കണമെന്ന് പ്രത്യേകം ശ്രദ്ധിച്ചുകൊള്ളണം. ഇങ്ങിനെ യാത്രതുടരുന്ന അയ്യപ്പഭക്തന്മാർ കഴിയുന്നതും കാൽനടയായി പതിനെട്ടാംപടിവരെ പോകുന്നതു് നല്ലതാണ്. തീർത്ഥയാത്ര എന്നു നാം പറയുന്നിടത്തോളംകാലംവാഹനങ്ങളിലും മററും സഞ്ചരിക്കുന്നതു് ശരിയല്ലെന്നാണ്

എൻെറ എളിയ അഭിപ്രായം. വാഹനങ്ങളിൽസഞ്ചരിച്ചുകൊണ്ട് തീർത്ഥയാത്ര എന്നു പറഞ്ഞു കാശി, രാമേശ്വരം, പഴനി മുതലായ പുണ്യസ്ഥലങ്ങളിലേക്ക് ഇന്നു ധാരാളം ജനങ്ങൾപോയി മടങ്ങിവരുന്നുണ്ട്. ആവേശം കൂടുതലായി വിശദീകരിക്കുന്നില്ല.

ഓരോരുത്തരും അവരവരുടെ വീടുകളിൽ നിന്നും ഇറങ്ങിയാൽ പോകുന്നമാർഗ്ഗങ്ങളിലുള്ള ഓരോ ക്ഷേത്രങ്ങളിലും ദർശനംചെയ്തു് എരുമേലിയിൽ എത്തേണ്ടതാണ്. എരുമേലിയിൽ എത്തി അവിടെ ഗുരുസ്വാമിയുടെ ആജ്ഞാനുസാരം പല ചടങ്ങുകളും നിർവ്വഹിക്കേണ്ടതുണ്ട്. അതിനുശേഷം വനയാത്രയാരംഭിക്കണം. ഇക്കാലത്തു ശബരിമല യാത്രചെയ്യുന്നവരിൽ ഭൂരിഭാഗവുംവാഹനങ്ങളിൽകയറി വണ്ടിപ്പെരിയാററിൽ ചെന്നു് സത്രത്തിൽ താവളമടിച്ചു് വിശ്രമിച്ചാണ് സന്നിധാനത്തിലെത്തുന്നതു്. അതുപൂർവ്വാചാരത്തിന്നു വിപരീതമാണെന്നാണ് എനിക്കു തോന്നുന്നതു്. മകരവിളക്കിനും മണ്ഡലപൂജക്കുംകഴിയുന്നതും എരുമേലി വഴിക്കുതന്നെ പോകണം. ആ വഴിയിൽകൂടിപോകുന്നനമുക്കയാത്രാമദ്ധ്യേ പലതും കണ്ടു് പഠിക്കേണ്ടതുണ്ട്. വന്യമൃഗനിബിഡമായ ഘോരവനങ്ങളിൽകൂടി അണിയണിയായി സ്വാമിയേ ശരണമയ്യപ്പ എന്നുള്ള ശരണംവിളികളോടുകൂടി അയ്യപ്പഭക്തന്മാർ പോകുന്ന ആ കാഴ്ചയെ മറെറാരാൾ പറഞ്ഞു മനസ്സിലാക്കുന്നകാര്യം വളരെ പ്രയാസമാണ്. കണ്ടനുഭവിക്കേണ്ട കാര്യമാണതു്.

## ഭക്തന്മാർ എരുമേലിയിൽ എത്തിയാൽ

നാനാഭാഗങ്ങളിൽനിന്നും വരുന്ന അയ്യപ്പഭക്തന്മാർ എരുമേലിയിൽ എത്തി താവളമടിക്കുന്നു. (തമസിക്കുന്നു) അവിടെ ഒരു ശാസ്താവിൻെറ ക്ഷേത്രമുണ്ട്. അതു് ഗവമേ്മെണ്ടു് വകയാണു്. എരുമേലിയിൽ ശാസ്താവേ ശരണമെൻറയ്യപ്പ! എന്നു ശരണംവിളിക്കുന്നതു് അവിടത്തെ ശാസ്താവിനെ സങ്കല്പിച്ചാണു്. ശബരിമലയാത്രക്കാരുടെ ഒരു പ്രധാനപ്പെട്ട താവളസ്ഥലമാണു് എരുമേലി. ക്രമേണ അവിടം ഇന്നു് ഏററവും പ്രസിദ്ധിയാർജ്ജിച്ച ഒരു പുണ്യസ്ഥലമായി രൂപാന്തരപ്പെട്ടിട്ടുണ്ടു്. ഈ ക്ഷേത്രത്തിൽനിന്നു് ഉദ്ദേശം അരമൈൽ വടക്കുകിഴക്കായി എരുമേലിപേട്ടയെന്നു പേരായ ഒരു സ്ഥലമുണ്ടു്. അവിടെ വാവരുസ്വാമിയുടെ ഒരു ക്ഷേത്രവും പേട്ടയിൽ ശാസ്താവ് എന്നു പറഞ്ഞുവരുന്ന ഒരു ദേവൻെറ ക്ഷേത്രവും ഉണ്ടു്. ഇവരണ്ടിനുംതമ്മിൽ വലിയ അകലമില്ല. ഇതിൻെറ പരിസരപ്രദേശങ്ങളിൽ ഭൂരിഭാഗവും മുസ്ലീം ജാതിക്കാരാണു് അധിവസിക്കുന്നതു്. ധനുമാസത്തിൻെറ അവസാനഘട്ടത്തിൽ വാവരുസ്വാമിയുടെ ക്ഷേത്രത്തിൽ കൊടികയററി ഉത്സവമാരംഭിക്കുന്നു.

ശബരിമലയാത്രക്കാരെ ഉദ്ദേശിച്ച് എരുമേലിൽ പേട്ടയിലുള്ള കച്ചവടങ്ങൾ ആ സ്ഥലത്തെ ഒരു പുതിയ വിപണിയായി മാറുന്നു. അവിടെ കാണുന്ന ക്ഷേത്രങ്ങ

ളുടേയും ജനങ്ങളുടേയും സ്ഥിതിഗതികളെപ്പററി ചിന്തിച്ചാൽ ഹിന്ദുക്കളുടേയും മുസ്ലീംങ്ങളുടേയും സൌഹാർദ്ദബന്ധം എത്രമാത്രമുണ്ടെന്നു നമുക്കറിയാൻ കഴിയും. വാവരുസ്വാമി അയ്യപ്പസ്വാമിയുടെ സഹചാരിയും ഒരാത്മസ്നേഹിതനുമാണു്. അദ്ദേഹം ഒരു സന്യാസിവര്യനായിരുന്നു എന്നാണു് പുരാണേതിഹാസങ്ങൾ ഘോഷിക്കുന്നതു്. ഏതായാലും ഹിന്ദുമുസ്ലീംബന്ധത്തിന്റെ മഹിമയെ വൎദ്ധിപ്പിക്കാൻതക്കനിലയിലാണ് അവിടെ വാവരുസ്വാമിയുടെ ക്ഷേത്രം സ്ഥിതിചെയ്യുന്നതു്.

ധനുമാസം ഇരുപതാംതീയതി മുതൽ അയ്യപ്പഭക്തന്മാർ എരുമേലിയിൽ വന്നുതുടങ്ങുന്നു. വില്ലാളിവീരനും ധൎമ്മശാസ്താവു് ചാപബാണപാണിയായി നായാട്ടിനു പോകുവാനൊരുമ്പെട്ടുനില്ക്കുന്ന സന്ദൎഭത്തിനനുയോജ്യമായരീതിയിലാണു് അവിടത്തെ പ്രതിഷ്ഠ. ഭക്തന്മാരുടെ പേട്ടതുള്ളൽകണ്ടു് ആനന്ദതുന്ദിലനായി ഭക്തന്മാരുടെ അഭീഷ്ടങ്ങളെപ്രദാനംചെയ്യുവാൻകാത്തുനില്ക്കുകയാണോ എന്നുഒററനോട്ടത്തിൽ ആൎക്കും തോന്നിപ്പോകും! കാലം പുരോഗമിച്ചുവരുന്തോറും അവിടെ ഒരു ഉത്സവത്തിന്റെ ചടങ്ങുകളാണു് കണ്ടുവരുന്നതു്. ശബരിമലയാത്രക്കാർ കൂടാതെ അവിടത്തെ ഉത്സവാഘോഷങ്ങൾ കാണുന്നതിനും ശാസ്താവിനെ ദൎശനംചെയ്യുന്നതിനും വഴിപാടുകൾ നടത്തുന്നതിനും മററുമായി നിരവധി ജനങ്ങൾ അവിടെയെത്തുന്നു. ഭക്തിയോടും ഹൃദയോല്ലാസത്തോടുംകൂടി നടത്തുന്ന പേട്ടതുള്ളലിന്റെ മാഹാത്മ്യംകൊണ്ടു് അവരിലുണ്ടാകുന്ന (ഭക്തന്മാരിൽ) പാപങ്ങളെ ആട്ടിയോടിക്കുന്നതിനുള്ള ഒരു പുണ്യസ്ഥലമായിത്തീർന്നിരിക്കയാണു് എരുമേലിക്ഷേത്രസങ്കേതം.

## പേട്ട തുള്ളൽ

ധനുമാസം ഇരുപത്തേഴാം തീയതി മുതൽ പേട്ടതുള്ളൽ തുടങ്ങുമെന്നായിരുന്നു പഴയകാലങ്ങളിലെ പതിവ്. പക്ഷെ, ഇന്ന് ജനബാഹുല്യംമൂലം ഇരുപതാം തീയതി മുതൽ ആരംഭിക്കുന്നുണ്ട്. ശബരിമലയിൽ ചെന്ന് സ്വാമിദർശനം ചെയ്യണമെന്നുദ്ദേശിച്ച് മാല ധരിച്ചിട്ടുള്ള ഏതൊരു ഭക്തനും എരുമേലിക്ഷേത്ര സന്നിധിയിൽ എത്തി താവളമടിച്ച് പേട്ടതുള്ളൽ കഴിയാതെ സ്വാമിയുടെ പൂങ്കാവനം ചവുട്ടിക്കൂടായെന്നാണ് പഴയകാലത്തെ നിശ്ചയം. അങ്ങിനെയുള്ള പല ചടങ്ങുകൾക്കും ഇന്നത്തെ പുരോഗമനഭക്തന്മാർ പല മാററങ്ങളും വരുത്തി കാണുന്നുണ്ട്.

## പ്രായശ്ചിത്തം

പേട്ടതുള്ളൽ ആരംഭിക്കുന്നതിനു മുമ്പായി പ്രായശ്ചിത്തം എന്നൊരു ചടങ്ങുകൂടി നടത്തണം. എങ്ങിനെയെന്നാൽ– ഞാൻ സ്വാമിയുടെ മുദ്രധരിച്ചതിനു ശേഷം അറിഞ്ഞോ അറിയാതെയോ വല്ല തെററുകളും ചെയ്തിട്ടുണ്ടെങ്കിൽ (മനസാവാചാകർമ്മണാ) അവയെല്ലാം സ്വാമി വൈരാഗ്യരഹിതനായി ക്ഷമിച്ച് എനിക്ക് മാപ്പുതന്ന് അവിടുത്തെ കോട്ടപ്പടികടന്ന് പൂങ്കാവനത്തിൽ കൂടിനടന്ന പുണ്യതീർത്ഥത്തിൽ ആറാടി സത്യമായ പതിനെട്ടാം പടിയും ചവുട്ടിക്കേറി ഭഗവാനെ ദർശനം ചെയ്യുവാനുള്ള

ഭാഗ്യം തരേണമേ എന്നു പ്രാർത്ഥിച്ച് ഒരുനാണയം വെറ്റിലഅടക്കയോടുകൂടി മുദ്രക്കെട്ടിന്നുമുകളിൽ ദക്ഷിണയായി(പ്രായശ്ചിത്തമായി) വച്ച്സാഷ്ടാംഗം പ്രണാമം ചെയ്യണം ഈ ക്രിയ കെട്ടുനിറക്കുമ്പോഴും ചെയ്യേണ്ടതാണ്. ഇങ്ങിനെവെയ്ക്കുന്നസംഖ്യ ഗുരു സ്വാമിമുഖാന്തിരമോ ദക്ഷിണചെയ്ത ആൾ മാത്രമായിട്ടോ അവിടെയുള്ള ഭണ്ഡാരത്തിൽ നിക്ഷേപിക്കുകയോ, അല്ലാത്തപക്ഷം ഏതെങ്കിലും വഴിപാടുകൾ നടത്തുകയോ ചെയ്യണം.

## പേട്ടതുള്ളുന്നതിന്നുള്ള ഒരുക്കങ്ങൾ

'പ്രായശ്ചിത്തം' എന്ന ചടങ്ങ് എല്ലാവരും നടത്താറില്ലെങ്കിലും പഴയകാലത്തെ ചടങ്ങുകൾക്ക വിധേയരായിപോകുന്നഗുരുസ്വാമിയുടെനേതൃത്വത്തിൽ പോകുന്നവർമിക്കവാറും ഈ ചടങ്ങ് നിർവ്വഹിക്കാതെതരമില്ല. അതുകഴിഞ്ഞാൽ പേട്ടതുള്ളലിന്നുള്ള ഒരുക്കമായി ഒന്നാംകന്നിരണ്ടാംകന്നി,മൂന്നാംകന്നി എന്നിങ്ങിനെയുള്ളസ്വാമിമാരോടുകൂടി ഗുരുസ്വാമി പേട്ടയിലേക്ക് പുറപ്പെടുന്നു. അവിടെയെത്തി രണ്ടുമൂന്നുകോൽ നീളമുള്ള (ഉലക്കപോലെയുള്ള) ഒരു വടിവാങ്ങുന്നു. അതിന്നുശേഷം ഒരു കമ്പിളിയിലോ പുതപ്പിലോ കുറെ കിഴങ്ങുവർഗ്ഗവും പച്ചക്കറി സാമാനങ്ങളും വാങ്ങിശേഖരിച്ച് മേൽപറഞ്ഞ വടിയുടെ നാലുഭാഗത്തും കെട്ടിത്തൂക്കുന്നു. രണ്ടാളുകൾ രണ്ടററത്തും പിടിച്ചു പൊക്കി തോളിൽവെച്ചുകൊണ്ടും മററുള്ളവർ മുൻപിലും പിന്നിലുമായി തൂപ്പുകൾ ഒടിച്ചെടുത്ത് തുള്ളി

ത്തുടങ്ങുന്നു. എല്ലാവരും കരി, കുങ്കുമം, ഭസ്മം മുതലായവ കൊണ്ടു് പലവിധത്തിലുള്ള വേഷമണിഞ്ഞാണു് തുള്ളാൻ ആരംഭിക്കുന്നതു്. ആരംഭത്തിൽതന്നെ–

'അയ്യപ്പൻതിന്തകത്തോം' 'സ്വാമിതിന്തകത്തോം'
അയ്യപ്പൻതിന്തകസ്വാമിതിന്തക അയ്യപ്പൻ–
തിന്തകത്തോം

എന്നു ഉറക്കെ വിളിച്ചും മററും പല വാദ്യവിശേഷങ്ങളോടുകൂടി ആഹ്ലാദഭരിതരായി തുള്ളിച്ചാടി പേട്ടയിൽ ശാസ്താവിനേയും വാവരുസ്വാമിയേയും പ്രദക്ഷിണംവച്ചു വന്ദിച്ചു് എരുമേലിക്ഷേത്രസന്നിധാനത്തിലേക്കു് തിരിക്കുന്നു വൃദ്ധന്മാരിൽ ചിലർ തുള്ളാററില്ല, എങ്കിലും 'അയ്യപ്പൻ തിന്തകത്തോം' എന്നുപാടി പേട്ടക്കമ്പു് (വടി) തൊട്ടു തൊഴുതുകൊണ്ടാണു് പോരുന്നതു്. പേട്ടതുള്ളി വരുമ്പോൾ സ്വാമി നായാട്ടിന്നുപോയി തിരിച്ചുവരുന്നു എന്നാണു് പൊതുവേയുള്ള സങ്കല്പം. കാഴ്ചക്കാർക്കു് ഭക്തി പാരവശ്യംകൊണ്ടു് രോമാഞ്ചമുണ്ടാകത്തക്ക രീതിയിൽ ഏതോ ഒരത്ഭുതചൈതന്യം ഈ പേട്ടതുള്ളലിൽ ഉണ്ടാകുമെന്നുള്ളതു് നിസ്തർക്കം പറയാം. ഇപ്രകാരം തുള്ളിച്ചാടി ക്ഷേത്രത്തിനു് മൂന്നുപ്രാവശ്യം പ്രദക്ഷിണം ചെയ്തു നടയ്ക്കൽവന്നു് നമസ്കരിച്ചു് കർപ്പൂരംകത്തിച്ചു് പേട്ടതുള്ളൽ അവസാനിപ്പിക്കുന്നു ആലങ്ങാട്ടു യോഗക്കാരുടേയും അമ്പലപ്പുഴയോഗക്കാരുടേയും പേട്ടതുള്ളലാണു് എല്ലാററിലും പ്രധാനമായിട്ടുള്ളതു്. ആലങ്ങാട്ടുകാരുടെ പേട്ടതുള്ളൽ കഴിഞ്ഞാൽ പിന്നെ അവിടെ മററാരും പേട്ടതുള്ളാററില്ല അവസാനിപ്പിക്കുന്നതു് ആലങ്ങാട്ടുകാ

ണാണ്. അമ്പലപ്പുഴക്കാരുടെ പേട്ടതുള്ളൽ ആരംഭിച്ച് ക്ഷേത്രനടയിൽ വരുമ്പോൾ ഒരു കൃഷ്ണപ്പരുന്ത് ക്ഷേത്രത്തിന്മുകളിലായി പറന്നുകൊണ്ടിരിക്കും. അതുപോലെ തന്നെ ആലങ്ങാട്ടുകാരുടെ പേട്ടതുള്ളൽ ക്ഷേത്രനടയിലെത്തുമ്പോൾ ഒരു നക്ഷത്രം ഉദിച്ചുനില്ക്കുന്നതും കാണാം. ഈ രണ്ടു ലക്ഷ്യങ്ങളും ഇന്നും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. എരുമേലി മുതൽ കുറേക്കാലമായി അയ്യപ്പസേവാസംഘക്കാരുടെ പല സഹായസഹകരണങ്ങളും അയ്യപ്പഭക്തന്മാർക്ക് ലഭിച്ചുവരുന്നുണ്ടെന്നുള്ളതും സ്മരണീയമാണ്. അവർ ഓരോ പ്രധാനപ്പെട്ട താവളങ്ങളിലും ആഫീസ് സ്ഥാപിച്ചു ഭക്തസേവനമനുഷ്ഠിക്കുന്നതിൽ നമുക്കു പല വിധത്തിലും സന്തോഷിക്കാനുള്ള കാര്യങ്ങളുണ്ട്.

## പേട്ടതുള്ളുന്നതെന്തിന് ?

പേട്ടതുള്ളുന്നത് എന്തിന് എന്ന് പലരും ചോദിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. പക്ഷെ, വ്യക്തമായ അറിവൊന്നും ലഭിച്ചിട്ടില്ലെങ്കിലും, പന്തളരാജാവിന്റെ അനുമതിയോടുകൂടി കാട്ടിലേക്കു പോയ അയ്യപ്പൻ (മണികണ്ഠൻ) നായാട്ടുകാരോടുകൂടി വേട്ടയാടി തിരിച്ചുവരുന്നു എന്നുള്ളതിനെ ആസ്പദമാക്കിയായിരിക്കണം ഇന്നത്തെ ഈ പേട്ടതുള്ളൽ. ആലോചിച്ചാൽ മിക്കവാറും ശരിയാണെന്നു നമുക്കു അനുമാനിക്കാം. പൊതുവേ പറഞ്ഞാൽ, കുബേരകുചേലഭേദമെന്യേ ആബാലവൃദ്ധം ജനങ്ങളും ഒരേ രീതിയിൽ ശരണാഗതവത്സലനായ ഭഗവാനെ (അയ്യപ്പനെ)

ഭക്തിയോടുകൂടി ഭജിച്ചു ഇമ്മാതിരിയുള്ള വേഷപ്രച്ഛന്നരായി ദുരഭിമാനത്തെ ഉച്ചാടനംചെയ്തു് പേട്ടതണ്ടും പിടിച്ചു്—' അയ്യപ്പൻ തിന്തകത്തോ 'മെന്നു പാടിരസിച്ചു് ആർത്തുവിളിച്ചു് തുള്ളിച്ചാടിവരുന്ന ആ മനോഹരമായ കാഴ്ചകണ്ടാൽ ഏതൊരു നിരീശ്വരവാദിക്കാണു് ഹൃദയാഹ്ലാദമുണ്ടാകാത്തതു്! ഏതൊരു കഠിനഹൃദയനാണു് ആ ആനന്ദനൃത്തത്തിൽ പങ്കുകൊള്ളാതിരിക്കുന്നതു്? ഏതൊരു ബുദ്ധിശൂന്യനായിരുന്നാലും തത്സമയം അവനു് ഒരു ചെറിയ ഭക്തനായിത്തീരുവാൻ ഈ പേട്ടതുള്ളൽ ഒരു മാർഗ്ഗദർശിയായിത്തീരാതിരിക്കയില്ല.

## പേട്ടതുള്ളൽ കഴിഞ്ഞാൽ

പേട്ടതുള്ളൽ കഴിഞ്ഞാലുടനെ ക്ഷേത്രത്തിന്റെ മുൻവശത്തുതെക്കുവടക്കായിഒഴുകുന്നതോട്ടിൽ സ്നാനം ചെയ്തു് ക്ഷേത്രത്തിൽകയറി ദർശനംചെയ്തതിനു ശേഷമല്ലാതെവിരിയിൽ(മുദ്രകെട്ടു് ധരിക്കുന്ന സ്ഥാനത്തു)പ്രവേശിക്കാൻ പാടില്ലാത്തതാകുന്നു. അന്നു് അവിടെത്തന്നെ ക്ഷേത്രോപവാസിയായി കഴിച്ചു് പിറേറദിവസം രാവിലെ ഭഗവാനു് കാണിയ്ക്കയിട്ടു് തൊഴുതു് വനയാത്രക്കുള്ള അനുമതിയും വാങ്ങി നാളികേരം എറിഞ്ഞു് കെട്ടുതാങ്ങി അവിടെനിന്നും പുറപ്പെട്ടു വാവരുസ്വാമിയേയും പേട്ടയിൽ ശാസ്താവിനേയും വണങ്ങി വിടവാങ്ങി ' സ്വാമിയുടെ കോട്ടപ്പടി'യെന്നു പറയുന്ന ആ സ്ഥാനം കടക്കുന്നു.

## കോട്ടപ്പടി

എരുമേലിയിൽനിന്നുംപേരൂർത്തോട്ടിലേക്ക് ഉദ്ദേശം രണ്ടു മൈൽ ദൂരംകാണും. അതിനപ്പുറമായിട്ടുള്ള സ്ഥലത്തിനാണ് അയ്യപ്പഭക്തന്മാർസ്വാമിയുടെ കോട്ടപ്പടിയെന്ന് സങ്കല്പിച്ചു ശരണം വിളിക്കുന്നതു്. ഈ കോട്ടപ്പടി (കോട്ടവാതിലെന്നും പറയാറുണ്ട്.) കടന്നിട്ടുവേണംപേരൂർത്തോട്ടിലെത്തേണ്ടതു്. കോട്ടപ്പടിമുതലാണ്സ്വാമിയുടെ പൂങ്കാവനം ആരംഭിക്കുന്നതു് എന്നുപഴമയേറിയ സ്വാമിമാർ ശിഷ്യഗണത്തെ ധരിപ്പിക്കുന്നു. പൂങ്കാവനത്തിലേക്കുള്ള മാർഗ്ഗംഅതായതുകൊണ്ടായിരിക്കാം കോട്ടപ്പടിയെന്നുംകോട്ടവാതിലെന്നുംമററുംപറയുന്നതു് എന്നു നിശ്ചയമില്ലെങ്കിലുംപഴമക്കാരുടെ പഴമൊഴിയേത്തന്നെ പിൻഗാമികളും സ്ഥിരീകരിച്ചു് സ്വാമിയുടെ കോട്ടപ്പടിയേ ശരണമെൻറയ്യപ്പയെന്നു് ശരണം വിളിച്ചു് അവിടവും കടന്നു പേരൂർത്തോട്ടിലെത്തുന്നു.

## പേരൂർതോടിൻെറ മാഹാത്മ്യം

നാടിനേയുംകാടിനേയുംവേർതിരിച്ചുകാണിക്കുന്ന ഒരു അതിർത്തിയായിട്ടാണ് പേരൂർത്തോടിനെ കണക്കാക്കേണ്ടതു്. ഇവിടംമുതലാണ്തീർത്ഥാടനം ആരംഭിക്കുന്നതു്. ഇരുഭാഗങ്ങളിലുംതിങ്ങിക്കൂടി നില്ക്കുന്നവൃക്ഷസമൂഹത്താ

ലും പച്ചിലക്കാട്ടുകളാലും അലങ്കരിക്കപ്പെട്ട പ്രശാന്തസുന്ദരമായ വനത്തിന്റെ അതിർത്തിയിൽക്കൂടിയാണ് പേരൂർത്തോട്ടിന്റെ ഗതി. അയ്യപ്പഭക്തന്മാർ അതിനെ പുണ്യതീർത്ഥമായി സങ്കല്പിച്ച് അതിൽ സ്നാനംചെയ്ത് അവിടവിടെയായിക്കാണുന്ന പാറകളിൽ അരിപ്പൊടി, മലർപ്പൊടി മുതലായവ വിതറി ഭക്ത്യാദരവോടെവന്ദിക്കുന്നു തീർത്ഥാടകരെ ഉദ്ദേശിച്ച് വഴിയുടെ ഇരുപാർശ്വങ്ങളിലും വരിവരിയായിനിരന്നിരിക്കുന്ന (കിടക്കുന്ന) ഭിക്ഷുക്കൾക്ക് സ്വാമിമാർ യഥാശക്തി ധർമ്മവുംചെയ്ത് യാത്രയാകുന്നു. കന്നിക്കാരായ അയ്യപ്പഭക്തന്മാർ ഇവിടെ സ്നാനംചെയ്ത് പൊടിവിതറി വന്ദിക്കേണമെന്ന് പഴയകാലങ്ങളിലും ഇപ്പോഴും നിർബന്ധമായ കാര്യമാണ്. അയ്യപ്പൻ വനവാസിയായി നടന്ന കാലത്ത് തന്റെ അനുചരന്മാരോടുകൂടി പേരൂർത്തോട്ടിൽ വന്നിരുന്നുവിശ്രമിച്ചുവെന്നും അങ്ങിനെ ആ ദിവ്യമൂർത്തിയുടെഅരുളപ്പാട് അവിടെഉണ്ടായതുമൂലമാണ് പേരൂർത്തോട്ടിന് ഇത്ര വലിയ മാഹാത്മ്യംഉണ്ടായതെന്നുമാണ് ഗുരുസ്വാമിമാർ പറയുന്നത്. അനന്തരം സ്വാമിഭക്തന്മാർ അവിടെനിന്നും ഒരേ സ്വരത്തിൽ സ്വാമിയേശരണം ശരണമെന്റയ്യപ്പാ! യെന്നു ഉറക്കെചൊല്ലിക്കൊണ്ട് 'കാളകെട്ടി'യെന്ന സ്ഥലത്ത് എത്തിച്ചേരുന്നു.

## കാളകെട്ടിയസ്ഥാനം

പേരൂർത്തോട്ടിൽനിന്ന് പുറപ്പെടുന്ന ഭക്തന്മാർ അടുത്ത പ്രധാന താവളസ്ഥലമായ കാളകെട്ടിയിലെത്തു

ന്നു. അവിടേക്ക് പേരൂർത്തോട്ടിൽനിന്നു് ഉദ്ദേശം എട്ടു മൈലോളം ദൂരംകാണും. നേത്രാനന്ദകരവും മനോഹരവുമായ ഒരുതാഴ്‌വരപ്രദേശമാണ് കാളകെട്ടി. ദുഷ്ടമൃഗങ്ങളുടെ ഒരു പ്രധാന താവളവുമാണ്. മഹിഷീമർദ്ദനം കഴിഞ്ഞു് ആനന്ദിച്ചുനില്ക്കുന്ന അയ്യപ്പനെ അച്ഛനായപരമശിവൻ ജ്ഞാനദൃഷ്ട്യാകണ്ടു് സംതൃപ്തനായിഅവിടെയെത്തി തന്റെവാഹനമായ കാളയെ അവിടെയുണ്ടായിരുന്ന ഒരു അയ്‌നി വൃക്ഷത്തിൽ ബന്ധിച്ചുഎന്നാണ് ഐതിഹ്യം. കന്നിക്കാരായ സ്വാമിമാർ ഇവിടെ നാളികേരം ഉടക്കുകയും, വെടിവെപ്പിക്കുകയും, കാണിയിട്ടുകയുംകർപ്പൂരം കത്തിക്കുകയും ചെയ്യുന്നുണ്ടു്. ഇവിടെ മിക്കവാറും ആരുംതന്നെവിരിവെച്ചു്താമസിക്കാറില്ല. എരുമേലിൽനിന്നും ഈവനത്തിൽക്കൂടി ഒരുറോഡ് അഴുതാനദിവരെ തെളിച്ചിരിക്കുന്നു. അയ്യപ്പൻ അദ്ദേഹത്തിന്റെ വനയാത്രയിൽ കാളകെട്ടിയിൽ വിശ്രമിച്ചതായി ഭക്തന്മാർ വിശ്വസിക്കുന്നതുകൊണ്ടാണ് തൽസ്ഥാനത്തു് മേൽപറഞ്ഞ വഴിവാട്ടുകൾക്ക് അവിടെ പ്രാധാന്യമർഹിക്കുന്നതു്.

## അഴുതാനദിയിലെ സ്നാനവും, ആഴിയും

കാളകെട്ടിയിൽനിന്നു് ഉദ്ദേശം ഒന്നൊന്നരമൈൽ ദൂരം കിഴക്കുമാറിയാണ് അഴുതാനദി പ്രവഹിക്കുന്നതു്. ഇതു പമ്പാനദിയുമായി സമ്പർക്കം പുലർത്തുന്നു. ഈ നദി സംസ്കൃതപണ്ഡിതന്മാർ "അലസം" നദിയെന്നു

വ്യാഖ്യാനിക്കുന്നുണ്ട്. സ്വാമിഭക്തന്മാർ ഇവിടെ താവള മടിച്ചു് വിശ്രമസുഖം അനുഭവിക്കുന്ന സായാഹ്നവേള യിൽ ഭക്തന്മാരുടെ ശരണംവിളികളും നാമസങ്കീർത്തന ങ്ങളും ശംഖനാദങ്ങളും ചെണ്ട,മദ്ദളം, ചേങ്കില മുതലായ വാദ്യവിശേഷങ്ങളുംകൊണ്ടു് അഴുതാ നദീതീരത്തിലെ അന്നത്തെ രംഗം അനന്തസാലും വർണ്ണിപ്പാൻ പ്രയാസ മാണെന്നു തോന്നിപ്പോകും. ആകപ്പാടെ ആലോചി ച്ചാൽ പരമകാരുണികനും ദയാനിധിയും സത്യസ്വരൂ പനുമായ ശ്രീ അയ്യപ്പന്റെ കൃപാകടാക്ഷം ഭക്തജനങ്ങ ളിൽ ഉണ്ടായിട്ടുണ്ടു് എന്നും തന്മൂലം അവൎക്കു് ബ്രഹ്മാന ന്ദപദവി ലഭിച്ചുവെന്നും മാത്രം പറഞ്ഞുകൊണ്ടു് ആ രംഗവർണ്ണന ചുരുക്കുന്നു. അഴുതയിൽ അന്നേദിവസം ആഴിതയ്യാറാക്കി ഭക്തന്മാർ ചുററും കൂടിനിന്നു്—

സ്വാമി ശരണം ശരണമെൻറയ്യപ്പാ!
സ്വാമിയല്ലാതൊരു ശരണമില്ലയ്യപ്പാ!
അഴുതാ നദിയേ ശരണമെൻറയ്യപ്പാ!
അഴുതയിൽ സ്നാനം ശരണമെൻറയ്യപ്പാ!
അഴുതയിൽ താവളം ശരണമെൻറയ്യപ്പാ!
അഴുതയിലാഴിയും ശരണമെൻറയ്യപ്പാ!
ആനന്ദമൂർത്തേ! ശരണമെൻറയ്യപ്പാ!
ആനന്ദം ഞങ്ങൾക്കു തരണമെൻറയ്യപ്പാ!

എന്നിങ്ങനെ ഭക്തിരസം തുളുമ്പുന്ന ഗാനാവലി വളരെ ഉച്ചത്തിൽ പാടി ആനന്ദിച്ചും രസിച്ചും അന്നത്തെ രാത്രി കഴിച്ചുകൂട്ടുന്നു. ചില പഴമസ്വാമികൾ ആഴിയിലെ ഭസ്മം

എടുത്തു ഭദ്രമായി സൂക്ഷിച്ചു നാട്ടിൻപുറങ്ങളിൽ എത്തിയാൽ പരിചയപ്പെട്ട പലവീടുകളിലേക്കും അയ്യപ്പന്റെ പ്രസാദമായി കൊടുത്തുവരുന്നുണ്ടു്.

## അഴുതാനദിയിലെ സ്നാനവും കല്ലെടുപ്പും

അടുത്തദിവസം രാവിലെ കന്നിക്കാരായ അയ്യപ്പന്മാർമഞ്ഞിനേയുംതണുപ്പിനേയും വകവെക്കാതെഅഴുതയിൽ സ്നാനംചെയ്തു് ഒരു ചെറിയകല്ലെടുക്കണം! കല്ലെടുക്കുന്നതു ആദ്യംമുങ്ങുമ്പോൾതന്നെ ആയിരിക്കണം അതു കളഞ്ഞുപോകാതെ ഉടുക്കുന്നവസ്ത്രത്തിന്റെ തുമ്പിൽകെട്ടിസൂക്ഷിച്ചു "കല്ലിടുംകുന്നു്" എന്നുപറയുന്ന സ്ഥാനത്തു ചെല്ലുമ്പോൾ അവിടെ നിക്ഷേപിക്കണം. മേല്പറഞ്ഞ കല്ലു് ഓർമ്മക്കേടിലോ മററോ കളഞ്ഞുപോയാൽ പെരിയസ്വാമിയുടെ കുററത്തിനും പ്രായശ്ചിത്തത്തിനും കന്നിക്കാരായ സ്വാമിമാർ അവകാശികളായിതീരുന്നതാണു്. അയ്യപ്പൻ എന്റെകൈവശമാണു് എന്നു് സ്വയം അഭിമാനിച്ചു് അധികാരപ്രവണതയോടെ ക്ഷുദ്രമാനസരായ അയ്യപ്പന്മാരുടെ നേരെകോപിക്കുന്നതു കണ്ടാൽ അയ്യോ! പാപം ഇവർ(ഗുരുസ്വാമികൾ)നിരവധി പ്രാവശ്യം സ്വാമിദർശനം ചെയ്തിട്ടും മലകേറിയിട്ടും ബുദ്ധി നന്നാകുവാനുള്ളവഴിതേടിയില്ലല്ലോ എന്നുതോന്നിപ്പോകും! അല്ലയോ ഗുരുസ്വാമികളേ! അതാതുകാലത്തെ ഗതിക്കനുസരിച്ചു് നിങ്ങൾ സ്വയംനന്നാകുവാൻശ്രമിക്കണം. തെററുചെയ്യുന്നവർക്കുശിക്ഷകൊടുപ്പാനുംനല്ലതുചെയ്യുന്നവർക്കു രക്ഷകൊ

ട്ടുവാനും ആ ബ്രഹ്മാണ്ഡമൂത്തിയുള്ളപ്പോൾ ഇങ്ങിനെയുള്ള വിവേകഹീനത്വവും സംസ്കാരശൂന്യത്വവും വച്ചുപുലത്താതെ അവരുടെ ആഗ്രഹനിവൃത്തിവരുത്തുവാൻ പഠിക്കുന്നതു ഏററവും നന്നായിരിക്കും. കന്നിക്കാരനും പഴമക്കാരനും സ്വാമിക്കു തുല്യമെന്നു ക തി അധികം ഭരാജ്ഞകൾക്കു് അവരെഅടിമപ്പെടുത്താതെസാന്ത്വനമായ സാരോപദേശങ്ങളെക്കൊണ്ടു് സന്തുഷ്ടചിത്തരാക്കി സ്വാമിദർശനം ചെയ്യിച്ചു് അവരവരുടെ യഥാസ്ഥാനങ്ങളിൽ എത്തിക്കുവാൻ ശ്രദ്ധിക്കുകയും ശ്രമിക്കുകയും ചെയ്യണമെന്നപേക്ഷിക്കുന്നു.

## അഴുതാമേട്

അഴുതാനദിയിൽനിന്നും കല്ലുമെടുത്തു് ആഹ്ലാദപൂരിതരായി അഴുതാമേടു കയറുവാൻ ശ്രമിക്കുന്ന അയ്യപ്പഭക്തന്മാർക്കു് ഉദ്ദേശം രണ്ടുമൈലോളം ദൂരം കടും തൂക്കായ ഒരു ഭയങ്കരകയററം കയറുവാനുണ്ടു്. ഈ കയററം കയറുമ്പോഴാണു് അയ്യപ്പന്മാർ ദീർഘനിശ്വാസത്തോടുകൂടി

അഴുതകയററം ശരണമെൻറയ്യപ്പ
അഴുതാമേടേ ശരണമെൻറയ്യപ്പ

എന്നും മററും അത്യുച്ചത്തിൽ വിളിച്ചു ആ സച്ചിദാനന്ദമൂത്തിയെ പ്രത്യക്ഷപ്പെടുത്തുവാൻ ശ്രമിക്കുന്നതു്.

ഏതു ശൂരവീരനായിരുന്നാലും ഈമേടു കയറുമ്പോൾ അല്പമെങ്കിലും പരുങ്ങാതിരിക്കയില്ല. മലയാത്രയിൽകയ

റുവാനുള്ള പല കയററങ്ങളുള്ളതിൽ ഏററവുംവലിയ ഭാരംതോന്നിക്കുന്നതു അഴുതാമേട്ട കയററം തന്നെയാണ് ഇങ്ങിനെയൊക്കെയാണെങ്കിലും ആബാലവൃദ്ധം ജനങ്ങളും ഈ മേട്ടകയറിപ്പോകുന്നതിനെപ്പററി ചിന്തിച്ചാൽ ജഗദീശ്വരനായ അയ്യപ്പന്റെ ശക്തിയൊന്നുമാത്രമെന്നല്ലാതെ എന്തു പറയട്ടെ.

“കല്ലിടുംകുന്നുകേറി കല്ലിട്ടുവന്ദനം.”

കന്നിക്കാരായ അയ്യപ്പന്മാർ അഴുതാസ്നാനവേളയിൽ വസ്ത്രത്തിന്റെ തുമ്പിൽ സൂക്ഷിച്ചിരുന്നതായ കല്ല് അഴുതാമേട്ട് കയറിച്ചെല്ലുന്നതായ വഴിക്കടുത്തുള്ള ഒരു ഭാഗത്തു ഒരു പാറയിന്മേൽഇട്ട് ഭക്തിയോടുകൂടി വന്ദിക്കണം. ഈസ്ഥാനത്തെ ‘കല്ലിടുംകുന്ന്’’ എന്നു പറയുന്നതിന്റെ ഉദ്ദേശം—ദേവലോകത്തുനിന്നും മഹിഷിയെ എടുത്തെറിഞ്ഞപ്പോൾ ആ ശരീരം അലസാനദിയുടെതീരത്തു (അഴുത) വന്നുവീണു എന്നും തൻമൂലം ലോകോപദ്രവമുണ്ടാകാതിരിപ്പാൻ ബ്രഹ്മാവാദേശമനുസരിച്ചു പാഷാണജാലങ്ങളെക്കൊണ്ടു് മൂടിയെന്നുമാണ് പുരാണങ്ങൾ ഘോഷിക്കുന്നതു്. കൂടാതെഅയ്യപ്പഭക്തന്മാരുടെ നാളതുവരെയുള്ള പാപഫലങ്ങളെ ഇവിടെവെച്ചു നശിപ്പിക്കുന്നു എന്നുകൂടി ചിലർ അഭിപ്രായപ്പെടുന്നുണ്ടു്.

## ഇഞ്ചിപ്പാറക്കോട്ട

“കല്ലിടുംകുന്നുകേറി കല്ലിട്ടുവലംതിരിഞ്ഞതു്’’ വിശ്രമത്തിനൊന്നുംസമയമെടുക്കാതെ ഇഞ്ചിപ്പാറക്കോട്ടയിലെ

ത്തുന്നു. അഴുതാമേട് ഇവിടംകൊണ്ടവസാനിക്കുന്നു. കുറഞ്ഞൊരു കാലംകൊണ്ടു് ഇതൊരു നല്ല താവളമായിത്തീൎന്നിട്ടുണ്ടു്. ഇവിടെയൊക്കെ അയ്യപ്പസേവാസംഘം വളരെ ജാഗ്രതയായി ഭക്തസേവനമനുഷ്ഠിക്കുന്നുണ്ടു്. ജലക്ഷാമം ശക്തിയായിട്ടുണ്ടെങ്കിലും കാപ്പിയോ ചായയോ ആവശ്യക്കാൎക്കു് ഇഷ്ടംപോലെ കിട്ടുന്നതാണ്. എല്ലാം താവളസ്ഥലങ്ങളിലും കച്ചവടക്കാർ മുന്നണിയിൽനില്ക്കുന്നതുകൊണ്ടു് കൂടുതൽപണംകൈവശമുള്ളവൎക്കു് കച്ചവടക്കാരുടെ അനുഗ്രഹം വേണ്ടുവോളം സിദ്ധിക്കും. ഇവിടെ നാളികേരമെറിയുക, വെടിവെപ്പിക്കുക, സൎപ്പംപാട്ടു് നടത്തിക്കുക മുതലായ ചടങ്ങുകൾ കന്നിഅയ്യപ്പന്മാർ നടത്തിക്കുന്നതു് നല്ലതാണ്. 'കോട്ടയിൽ ശാസ്താവ്' എന്നു സങ്കല്പിച്ചാണ് മേല്പറഞ്ഞ വഴിപാടുകൾ ചെയ്യിക്കുന്നതു്.

## കരിയിലാന്തോട് (കരിമലത്തോട്)

ഇഞ്ചിപ്പാറക്കോട്ടയിൽ താവളമടിച്ചു താമസിക്കുന്ന ഭക്തന്മാർ പിറേറദിവസം അതിരാവിലെ അവിടെനിന്നും പുറപ്പെട്ടു് കരിയിലാന്തോട്ടിലെത്തി വിശ്രമത്തിനാരംഭിക്കുന്നു. കരിയിലാന്തോട്ടിലെത്തുന്നതിനിടക്കു് പല ചെറിയ തോടുകളും തരണം ചെയ്യേണ്ടതുണ്ടു്. ഈ സ്ഥലത്തു് ജലദൌൎല്ലഭ്യമില്ലാത്തതുകൊണ്ടു് ഒരു താവളമായി ഉപയോഗിക്കുന്നു. താമസസൌകൎയ്യം കുറവാണെങ്കിലും ആഹാരാദികൾ പാകംചെയ്തു കഴിക്കുന്നതിനു് ഈ സ്ഥലം പൎയ്യാപ്തമാണു്.

## കരിമലകേററം കഠിനമെൻറയ്യപ്പാ!

പല മലകളും കയറിയിറങ്ങിവേണം ശബരിമലയിൽ എത്തേണ്ടതു എന്നുവരികിലും കരിമല കേറുന്നതിനുണ്ടാകുന്ന അദ്ധ്വാനംപോലെ മററു മലകൾ കയറുമ്പോൾ ഉണ്ടാകയില്ലെന്നാണു് പൊതുവെ അയ്യപ്പഭക്തന്മാരുടെ അഭിപ്രായം. കരിമലകയററം കഠിനമെൻറയ്യപ്പ! എന്നുപറയാത്തവരായി ശബരിമലയാത്രക്കാരിൽ ഉണ്ടാകുമോ എന്നു സംശയമാണു്. അത്ര ഭയങ്കരമായിട്ടുള്ളതാണു് കരിമല. പേരുകേട്ടാൽതന്നെ ഇതിൻെറ ഭയങ്കരത്വം എത്രത്തോളമുണ്ടെന്നു മനസ്സിലാക്കാം. ഈ മലയിലെ മണ്ണിൻെറ നിറവും കറുത്തതാണു്. വിശിഷ്യ കരിവീരന്മാരും തീരെ കുറവല്ല. വ്രതാനുഷ്ഠാനങ്ങൾകൊണ്ടുള്ള ഗുണദോഷഫലങ്ങൾ ഈ കരിമല കേറുമ്പോൾ ഓരോരുത്തർക്കും അനുഭവപ്പെട്ടുതുടങ്ങും. ഇവിടെ താവളമടിച്ചു താമസിക്കുന്ന അയ്യപ്പന്മാരുടെ സംഖ്യക്കു അതിരില്ല. കച്ചവടക്കാരും അതുപോലെതന്നെ ഇവിടെ വിശേഷിച്ചു് (അതിശയിക്കത്തക്കവണ്ണം) ഒരു കിണറും ഒരു കുളവും ഉണ്ടു്. ഇത്രവളരെ ഉയരവും ഭയങ്കരത്വവും ജനിപ്പിക്കുന്ന ഈ മലമുകളിൽ ഇതുപോലെയുള്ള കിണറും കുളവും കണ്ടാൽ ആർക്കാണു് അതിശയം തോന്നാത്തതു്? ആവശ്യത്തിനു മതിയാകത്തക്കവിധത്തിൽ ആർക്കും ഇതിൽനിന്നു വെള്ളം കിട്ടുകയില്ല. ഭക്തിയോടുകൂടി ശരണംവിളിച്ചു മലർപൊടിയും മററും തൂകി

-യാൽ ഉറവിൽക്കൂടി അല്പാല്പമായിജലംവന്നു കൊണ്ടിരിക്കും. അതിനെ ക്ഷമയോടുകൂടി കാത്തുനിന്നു എടുത്തു അയ്യപ്പന്മാർ തീർത്ഥമായി സ്വീകരിച്ചു സേവിക്കുന്നു.

## കരിമലയുടെ മാഹാത്മ്യം

അയ്യപ്പൻ 'വില്ലും ശരവും കത്തി കിണറുംകുളവും' ഉണ്ടാക്കിയെന്നു ചില പാട്ടുകാർ പാടുന്നുണ്ട്. മുൻപറഞ്ഞിട്ടുള്ള ചില സംഗതികൾ വിശ്വാസയോഗ്യമാണെങ്കിൽ ഈ പാട്ടു മിക്കവാറും ശരിയാണെന്നുതന്നെ അനുമാനിക്കേണ്ടിയിരിക്കുന്നു. കന്നിക്കാരായസ്വാമിമാർ ഈ കുളത്തിലും കിണററിലും പൊടിത്തുകുക, നാളികേരം എറിയുക, വെടിവെക്കുക, ഭിക്ഷക്കാർക്ക് ധർമ്മംചെയ്യുക, മുതലായവഴിപാടുകൾ ചെയ്യേണ്ടതാണ്, കന്നിക്കാരല്ലാത്തവരും ഈവക വഴിപാടുകൾ ചെയ്യുന്നതു് ഏററവും നല്ലതാണ്. കൊച്ചുകടുത്തസ്വാമി,കരിമല ഭഗവതിയെന്നുപേരായ വനദുർഗ്ഗ എന്നിവരുടെ വാസസ്ഥാനമാണ് ഈ കരിമലയെന്നുകൂടിപഴമക്കാരിൽനിന്നു് അറിയപ്പെടുന്നു. ഭക്തിയില്ലാതെ (പരീക്ഷണാർത്ഥം) യാത്രചെയ്യുന്നവരിൽ പലക്കും പല ആപത്തുകളും പിൻകാലങ്ങളിൽ സംഭവിച്ചിട്ടുള്ളതായിപഴമക്കാരായസ്വാമിമാർപറയുന്നതുകേട്ടിട്ടുണ്ട്. വ്രതാനുഷ്ഠാനങ്ങൾ വിധിപോലെ നടത്താതെ (ആക്കാനുംവേണ്ടി ഓക്കാനിക്കുന്നതുപോലെ) തോന്നിയമാതിരിഅഹങ്കാരത്തള്ളലോടുകൂടിയാത്രചെയ്യു

ന്നവരെ കരിമലഭഗവത് അവിടെനിന്നും മുൻപോട്ടു് വിടുകയില്ല എന്നും പഴമസ്വാമികൾ പറഞ്ഞു മനസ്സിലാക്കിയിട്ടുണ്ടു്. കിഴക്കാംതൂക്കായി വളഞ്ഞുപുളഞ്ഞു കിടക്കുന്ന ഈ കരിമലയിറക്കംകയററത്തേക്കാൾ പ്രയാസമാണെന്നു തോന്നിപ്പോകും. ഈ ഇറക്കം പലവിധ അപകടങ്ങൾ ഉണ്ടാക്കാൻ പര്യാപ്തമായതാണെങ്കിലും സ്വാമിഭക്തരായ സഹൃദയന്മാക്കു് യാതൊരപകടവും ഇങ്ങിനെയുള്ള ദുർഘടമാർഗ്ഗങ്ങളിൽ വെച്ചു ഉണ്ടാകുകയില്ലെന്നാണു് ഓരോരുത്തരുടേയും ആത്മവിശ്വാസം. അയ്യപ്പന്മാർകരിമലയിൽനിന്നും വളരെ വേഗതയോടുകൂടി പമ്പയിലെത്തുവാൻവെമ്പൽകൊള്ളുന്നു കരിമലയിറങ്ങിച്ചെല്ലുമ്പോൾ വലിയാനവട്ടം ചെറിയാനവട്ടം, ഇങ്ങിനെരണ്ടുസമതലസ്ഥാനങ്ങൾ കാണാം ഇവിടങ്ങളിൽ അയ്യപ്പന്മാരു് താവളമടിച്ചു് ഭക്ഷണപദാത്ഥങ്ങൾ പാകംചെയ്തു് കഴിച്ചു് വിശ്രമിക്കാറുണ്ടു്. അവിടംവിട്ടാൽ പിന്നെ പമ്പയിലാണു് സകലഅയ്യപ്പന്മാരുംതാവളമുറപ്പിക്കുന്നതു്. ഹാ! എന്തൊരാശ്ചര്യം? എന്തൊരാനന്ദം! പലവിധ വികാരരോഗങ്ങളാൽ ക്ലേശഭൂയിഷ്ഠമായ ഹൃദയം ആനന്ദത്തിന്റെ കൊടുമുടിയിലെത്തുന്നതുപോലെയായിത്തീരുന്നു.

എല്ലാ അയ്യപ്പന്മാരും 29-ാംനു-ന സന്ധ്യക്കുമുമ്പായി പമ്പാനദിയുടെ തീരവാസികളായി രൂപാന്തരപ്പെടുന്നു. ഈ പുണ്യസ്ഥലജലമാഹാത്മ്യത്തെപ്പററി വണ്ണിക്കുന്നതു അത്ര എളുപ്പമല്ല. എരുമേലി കഴിഞ്ഞാൽ ഇതുപോലെ ആനന്ദപ്രദമായ ഒരുസുഖവാസകേന്ദ്രം ശബരിമലയാത്ര

യിൽ ഉണ്ടാകയില്ല. സുഖകാംക്ഷികളായ അനവധി അയ്യപ്പഭക്തന്മാർ കാലേക്കൂട്ടി പമ്പയിലെത്തി താവളമുറപ്പിച്ചു് പരമാനന്ദപദവിയെ ശരണം പ്രാപിച്ചു വസിക്കുന്നുണ്ടു്. ശബരിമലയാത്ര ആരംഭിച്ച സമയം മുതൽ പമ്പയിലെത്തുന്നതുവരെ സഹിച്ച കായക്ലേശങ്ങൾ സർവ്വവും പമ്പയിലെത്തിയാലുടൻ പമ്പ കടക്കുന്നു!

രണ്ടുവശവും വരിവരിയായി മനോഹരമായ രീതിയിൽ കടകൾ കെട്ടി അലങ്കരിച്ചിരിക്കുന്ന കാഴ്ച ഏതൊരാളേയും ആശ്ചര്യപരതന്ത്രനാക്കുന്നതാണ്. കേവലം കുടിലുകളുടെ മാതിരി ഈറ കൊണ്ടും അവയുടെ ഓല കൊണ്ടും കെട്ടിയുണ്ടാക്കിയിരിക്കുന്നതാണ് ഈ കടകളെങ്കിലും തൽസമയം അതൊന്നും ഗണ്യമാക്കാതെ ഒരു വലിയ പട്ടണത്തിലുള്ള അങ്ങാടിത്തെരുവിലാണ് നമ്മുടെ നിലയെന്നുമാത്രമേ തോന്നുകയുള്ളു. പല ദിക്കുകളിൽനിന്നും വന്നെത്തിയ കച്ചവടക്കാർ, പലതരത്തിലുള്ള കച്ചവടങ്ങൾ, എണ്ണമററ അയ്യപ്പഭക്തന്മാർ എന്നുവേണ്ട അവിടം ഒരു പുതിയ ലോകം സൃഷ്ടികർത്താവിനാൽ ഉണ്ടാക്കപ്പെട്ടതുപോലെ നമ്മെ അതിശയിപ്പിക്കുന്നു. ഈ സ്ഥാനത്തുനിന്നും ഒരു മൈലിൽക്കൂടുതൽ നടന്നുനോക്കിയാലും അവിടേയും അയ്യപ്പന്മാർ താവളമടച്ചിരിക്കുന്നതു കാണാം. പമ്പാനദിയുടെ ഇടത്തേക്കര പുരാണപ്രസിദ്ധമായ 'ഋശ്യമൂകാചല'മാണ്. അവിടെയാണ് ബാലിയെ ഭയന്നു് അനുജനായ സുഗ്രീവൻ താമസിച്ചിരുന്നതു് എന്നാണു് പുരാണം പഠിപ്പിക്കുന്നതു്. ഇടത്തേക്കരയിൽ സാധാരണ ആരും താവളമടിച്ചു താമസിക്കാറില്ല.

അയ്യപ്പന്മാർ സംഘം ചേർന്ന് ഈറയും കമ്പുകളും ഈറയുടെ ഓലകളുംമറവും ശേഖരിച്ചുകൊണ്ടുവന്നു അത്യുത്സാഹഭരിതരായി സൌകര്യമായിതാമസിക്കുന്നതിനുള്ള കുടിലുകൾ കെട്ടിയുണ്ടാക്കുന്ന കാഴ്ച കാണേണ്ടതുതന്നെയാണ്. പഠിക്കേണ്ടതുമാണ്. നാട്ടിൻപുറങ്ങളിൽവെച്ച് ശാപ്പാടുകഴിഞ്ഞു്, ചീട്ടുകളിച്ച്, മൂളിപ്പാട്ടുംപാടി, തുടയിന്മേൽ താളവുമടിച്ച് ശൃംഗാരവേഷധാരികളായിനടന്നിരുന്ന ഒരുതരം ചെറുപ്പക്കാർ വെട്ടുകത്തിയുംമറവുമായി കാടുകളിൽകയറി ഭയരഹിതരായി വിറകുംമറവും ശേഖരിച്ചുകൊണ്ടുവന്നു ആഹാരാദികൾ പാകംചെയ്തുസമയനിഷ്ഠയോടുകൂടി ആഹരിക്കുന്നതും ദിനചര്യകളനുഷ്ഠിക്കുന്നതും നാം കണ്ടുപഠിക്കേണ്ടതാണ്. ചെറുപ്പക്കാരായ ആ സ്നേഹിതന്മാർ മേലിലും (നാട്ടിൽപുറങ്ങളിലെത്തിയാലും) ഇതുപോലെ ഉത്സാഹശീലരായി, സംസ്കാരസമ്പന്നരായി, ഹൃദയശുദ്ധരായി, ഒത്തൊരുമയോടുകൂടി ഓരോ കാര്യവും പ്രവർത്തിക്കുമെങ്കിൽ നമ്മളും നമ്മുടെ നാടും വിശിഷ്യ ഇതുപോലുള്ള തീർത്ഥയാത്രയും അഭിവൃദ്ധിപ്പെടുകതന്നെ ചെയ്യുമെന്നുള്ളതിനു പക്ഷാന്തരമില്ല. മനോമാലിന്യങ്ങളെ വളരെ വേഗത്തിൽ കഴുകിക്കളയുന്നതിനുള്ള ഒരു സുപ്രധാനതീർത്ഥമാണ് ഈ പമ്പാതീർത്ഥമെന്നുള്ള രഹസ്യവും ഈ അവസരം കഴിഞ്ഞാലും ആരും വിസ്മരിക്കരുതേ!

ഇരുപത്തിയൊൻപതാംതീയതി പ്രഭാതംമുതൽ മുപ്പതാംതീയതി ഉച്ചതിരിയുന്നതുവരെ അവിടെനടക്കുന്നവിസ്മയാവഹമായ കാഴ്ചകൾക്ക് അതിരില്ല. സ്നാനം, ബലി

കർമ്മം, സദ്യ മുതലായ കാൎയ്യങ്ങളിൽ തീർത്ഥാടകർ ബദ്ധശ്രദ്ധരായി അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുനടക്കുന്നതു കണ്ടാൽ ജീവിതത്തിൽ അതുപോലൊരു അത്യാവശ്യകാൎയ്യം വേറെയില്ല, ഇനി ഉണ്ടാവുകയുമില്ലെന്നു് പ്രേക്ഷകൎക്കു് തോന്നിപ്പോകും.

വെളുപ്പാൻകാലത്തു് ഒരു ബഡ്കാഫിയും കുടിച്ചു് ബീഡിയോ സിഗററോ അതുമൊരെണ്ണം പുകച്ചു് വീണ്ടും പുതപ്പിനുള്ളിൽ കിടന്നു എട്ടുപത്തു നാഴിക പുലരുന്നതുവരെ കുംഭകർണ്ണനെ ഭജിക്കുന്ന ചില ചെറുപ്പക്കാർ "ഇടിവെട്ടീടുംവണ്ണം" ഞെട്ടുമാറു് സ്വാമിയേ ശരണമയ്യപ്പ! എന്നട്ടഹസിച്ചുകൊണ്ടു് സൂൎയ്യോദയത്തിനു മുൻപായി! മഞ്ഞിനേയും തണുപ്പിനേയും വകവെക്കാതെ ഐസുപോലെ കിടക്കുന്ന ആ പുണ്യനദിയിലിറങ്ങി ആറാടിവരുന്നതു കാണുമ്പോൾ പുതച്ചുമൂടിതീയുംകാഞ്ഞു് പുകയും വലിച്ചു് മന്ദനായിരിക്കുന്നവന്റേയും പുതപ്പു് തനിയേ ദേഹത്തിൽ നിന്നും നീങ്ങിപ്പോകുന്നു! അതും ആ ദിവ്യ ചൈതന്യശക്തിയല്ലേ?

നല്ലനല്ല ആഹാരസാധനങ്ങൾ പാകപ്പെടുത്തി യഥായോഗ്യം മേശപ്പുറത്തു നിരത്തി കസേരയിൽ ഇരുന്നു് ഭക്ഷിച്ചാലും തൃപ്തനാകാതെ പാചകക്കാരനെ കുററപ്പെടുത്തി എഴുന്നേററുപോകുന്ന ചില ധനാഢ്യന്മാർ ഈററ കൊണ്ടുംമററും താല്ക്കാലികമായിനിർമ്മിച്ച കുടിലുകളിൽ ഉരുളൻകല്ലുകളുടെ പുറത്തു് സസുഖംസ്വയംഇരുന്നു് പാകപ്പെടുത്തിയ ഭക്ഷണം കഴിക്കുമ്പോൾ ഉണ്ടാകുന്നരുചിയേപ്പററി ധനാഢ്യരായ സ്വാമിമാരേ! ഒന്നുവൎണ്ണിക്കുമോ

എന്നു ചോദിച്ചാൽ, സ്വാമി ശരണം, അയ്യപ്പൻ ശരണം വനവാസംസുഖം ശരണമെൻറയ്യപ്പ! എന്നും മററും പറഞ്ഞവസാനിപ്പിക്കുന്നതല്ലാതെമറെറാന്നും പറയുകയില്ല. ഇങ്ങിനേയുള്ള ഓരോ കാര്യങ്ങളേയും പ്രത്യേകം പ്രത്യേകം ചിന്തിച്ചാൽ ഈ തീർത്ഥയാത്ര മനുഷ്യനു് സദാചാരബോധംവളത്തുന്നഒരു സാത്വികയാത്രയാണെന്നു് നിസ്സംശയംപറയാം.

സത്യം, ധർമ്മം, ദയാ, നീതി
കൃത്യബോധങ്ങ—ളെന്നിവ
വദ്ധിപ്പാനേററവും നല്ല
യാത്രയാണേതു മർത്ത്യനും

(മഹാനായ പണ്ഡിററ് ജവഹർലാൽ നെഹറുവിൻെറപഞ്ചശീലങ്ങൾപോലെ സച്ചിദാനന്ദമൂത്തിയായ ശ്രീഅയ്യപ്പൻെറപഞ്ചശീലതത്വങ്ങൾ അഭ്യസിക്കുന്നതിന്നുള്ള ഒരു പ്രധാന കലാശാലയാണു് ഈ പമ്പാസരസ്സടം.

## ഒഴുന്ന ദീപാവലി (പമ്പവിളക്കു്)

ധനുമാസം 27-ാംതീയതിമുതൽ പമ്പയിൽ ദീപാവലി ആരംഭിക്കുമെങ്കിലും അതിൻെറ പരിപൂർണ്ണഘട്ടവും മനോഹാരിതയുംപ്രാധാന്യവും 29ാംതീയതിസൂര്യാസ്തമനത്തിനുശേഷമാണു്! സമയം സന്ധ്യയോടടുക്കും തോറും എല്ലാ കുടിലുകളിലും ദീപാലങ്കാരങ്ങൾതുടങ്ങും അയ്യപ്പന്മാർഅവരവരുടെമുദ്രക്കെട്ടിനുമുൻവശത്തു് ഓരോദീപം

കൊളുത്തിവെയ്ക്കുന്നു. പകൽസമയത്തു് അയ്യപ്പന്മാർസംഘംചേൎന്നു് വെട്ടുകത്തി, കൈക്കോടാലി മുതലായ ആയുധധാരികളായിചുററത്തോടുകൂടികാട്ടിൽകയറി വലിയ വലിയ വിറകുമുട്ടികൾ ശേഖരിച്ചുകൊണ്ടുവന്നു് വെച്ചിട്ടുള്ളിൽ ആഴിവൾന്നുന്നെസങ്കല്പിച്ചു് ആഴികൂട്ടി അഗ്നിയേ വളൎത്തുന്നു. കൂടാതെ ഈററക്കമ്പുകൾശേഖരിച്ചു് ഗോപുരം കൂടാരം, രഥം, മുതലായവ ഓരോരുത്തരുടെ കലാവാസനയനുസരിച്ചു് ഏററവുംതന്മയത്വമായികെട്ടിയുണ്ടാക്കി അതിനുചുററും എണ്ണത്തിരികളുംമെഴുകുതിരികളും മററും നിരത്തി കത്തിച്ചുവെച്ചു് ആററിൽഒഴുക്കുന്നു. ഈ മാതിരിഒഴുക്കുന്ന കൂടാരങ്ങളും, ഗോപുരങ്ങളും എണ്ണി തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ല. അത്രവളരെഒന്നിനുപുറകേ ഒന്നു് എന്നപോലെ മുട്ടിമുട്ടിപ്പോകുന്ന പോക്കു് ആരേയും ആഹ്ലാദഹൃദയരാക്കിത്തീൎക്കുന്നതാണ്. അവയുടെ നിറപ്പകിട്ടിനെപ്പററി പറഞ്ഞറിയിപ്പാനും പ്രയാസമാണ്. മനുഷ്യജീവികൾ അവരുടെ ജീവാവസാനത്തിനുമുമ്പായി ഒരു പ്രാവശ്യമെങ്കിലും ഈ കാഴ്ച ഒന്നു കാണേണ്ടതുതന്നെയാണ്. ഇങ്ങിനെ ഓരോരുത്തരുടേയും പ്രയത്നഫലമായിപ്രശോഭിക്കുന്നദീപാവലിയാണ് "പമ്പവിളക്കു് എന്നു പഴമക്കാർ പറയുന്നതു്. നയനാനന്ദകരമായ ഈ ദീപാവലിയോടുകൂടിവെടിക്കെട്ടും, നാദസ്വരവും,ചെണ്ട ചേങ്കില, ശംഖ് മുതലായ വാദ്യഘോഷങ്ങളും, താളമേളങ്ങളോടുകൂടി ഭക്തന്മാർ നടത്തുന്ന ഭജനകളും ശരണംവിളികളും ഇടവിടാതെ നടന്നുകൊണ്ടിരിക്കും ഇങ്ങിനെ ലക്ഷോപലക്ഷം ജനങ്ങളും ഒരേരീതിയിൽ ആഹ്ലാദിച്ചു്

ആനന്ദാമൃതവുമാസ്വദിച്ച് സ്വർഗ്ഗസമാനമായ ആ പുണ്യനദിയുടെ തീരത്തിൽ സമാശ്വസിച്ച് നിശീഥിനിയേ യാത്രയയക്കാൻ തയ്യാറെടുക്കുന്നു.

## പമ്പാസ്നാനവും പിതൃകർകമ്മങ്ങളും

പിറേറദിവസം അരുണോദയത്തിനു മുൻപായി എല്ലാം അയ്യപ്പന്മാരും പമ്പാനദിയിൽ സ്നാനംചെയ്തു് പിതൃകർമ്മാദികൾ ചെയ്തു് പരിശുദ്ധ ഹൃദയരായിഅവരവരുടെ വിരികളിൽവന്നു് സദ്യനടത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നു. ഓരോ സംഘക്കാരായിരുന്നാണ് ആലോചിക്കുന്നതു്. ആ സംഘത്തിൽ ഒരു ഗുരുസ്വാമിയുമുണ്ടായിരിക്കും. അദ്ദേഹത്തിന്റെ–വിധിപ്രകാരമായിരിക്കും സദ്യയുടെഗതി. ചില ഗുരുസ്വാമികൾ അതൊന്നും ഗൌനിക്കാറില്ല. ആരെങ്കിലുംഇഷ്ടംപോലെ ചെയ്തുകൊള്ളട്ടെ എന്നുള്ളഭാവനയോടുകൂടിഅങ്ങുമിങ്ങും ചുററിനടക്കും ഊണിനുസമയമാകുമ്പോൾ ചിലചില്ലറ കുററങ്ങളുമായി എവിടെനിന്നെങ്കിലും യഥാസ്ഥാനത്തെത്തും. അതുതെററ്–ഇതുതെററ് ചെയ്തതെല്ലാം തെററ് എന്നും മററുംപറഞ്ഞു് മററുള്ളവരെഭയപ്പെടുത്തുവാൻ ശ്രമിക്കുന്നതോടൊപ്പം പ്രായശ്ചിത്തം ചെയ്യിക്കുന്നതിനുകൂടിമടിക്കയില്ല എങ്ങിനെയെങ്കിലും അന്നേദിവസം ആ ഗുരുസ്വാമി മററുള്ളവരിൽനിന്നും കുറച്ചുപണം തന്റെ ഭസ്മസഞ്ചിയിലാക്കും ആ–കഥ അങ്ങിനെ അവസാനിപ്പിക്കട്ടെ! മേല്പറഞ്ഞരീതിയിൽഏതെങ്കിലും ഗുരുഭ്രതൻ

വിചാരിക്കുകയോ പ്രവൃത്തിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങിനെയുള്ള ഗുരുഭൂതന്മാർ സദയം ക്ഷമിക്കണം.

ഗുരുർബ്രഹ്മാ ഗുരുർവിഷ്ണുഃ
ഗുരുർദ്ദേവോ മഹേശ്വരഃ
ഗുരുഃ സാക്ഷാൽ പരം ബ്രഹ്മ
തസ്മൈ ശ്രീഗുരവേ നമഃ

എന്നു് തന്റെ ഗുരുവിനെ വന്ദിച്ച് ജീവിതം നയിക്കുന്ന ഗുരുക്കന്മാരും —

പണം ബ്രഹ്മാ പണം വിഷ്ണുഃ
....................................
................................

തസ്മൈ ശ്രീപണദേവനമഃ—എന്നു ജപിച്ചു പണത്തെമാത്രം പൂജിക്കുന്ന ഗുരുക്കന്മാരും ഇന്നത്തെകാലത്തു് കുറവല്ല, ഈ രണ്ടു ജാതിക്കാരേയും ആ സ്വർഗ്ഗത്തിൽ (പമ്പയിൽ) എനിക്കു കാണാൻ സാധിച്ചിട്ടുണ്ടു്.

## പമ്പയിലെ സദ്യയുടെ വിശേഷം

'പമ്പയിൽ സദ്യ' ശരണമെൻറയ്യപ്പ!— എന്നു ശരണം വിളിക്കുന്നതു ഇവിടത്തെ സദ്യയെ അപേക്ഷിച്ചുള്ളവിളിയാണു്. എരുമേലിപ്പേട്ടതുള്ളുന്നതിനുവേണ്ടി പേട്ടയിൽ നിന്നും വാങ്ങിച്ചിട്ടുള്ള ചേന, കായ് മുതലായ പച്ചക്കറി സാമാനങ്ങൾ മിക്കവാറും അയ്യപ്പന്മാർ ഉപയോഗിക്കുന്നതു് പമ്പയിലെ സദ്യയ്ക്കാണു്. അവ

അവരുടെ കെട്ടുകളിൽ നിക്ഷേപിച്ച് കൊണ്ടുപോരും. അവ ഓരോരുത്തരും എടുത്തു ഒന്നിച്ചുചേർത്തു പലതരം കറികളുണ്ടാക്കുന്നു സാമ്പാറ്, അവിയൽ, കാളൻ, വറുത്തുഉപ്പേരി വലിയപപ്പടം, ഉപ്പിലിട്ടനാരങ്ങ, കൊണ്ടാട്ടം പഴപ്രഥമൻ, അരിപ്പായസം ഇങ്ങിനെ ഓരോരുത്തരുടേയും യുക്തിയുംശക്തിയുംപോലെ വിഭവസമൃദ്ധമായ സദ്യവട്ടംഉണ്ടാക്കി ഗുരുഭൂതന്റെസാമീപ്യത്തോടുകൂടി മൃഷ്ടാന്നഭോജനംനടത്തുന്നു. ഓരോസംഘക്കാരും അവരവരുടെ കുടിലുകളുടെ സമീപം വലിയ ഈററക്കമ്പിന്മേൽ വലിയപപ്പടം കെട്ടിത്തൂക്കുന്നു അയ്യപ്പൻശബരിമലയാത്രക്കാരുടെകൂടെയുണ്ടെന്നും അന്നേദിവസം അദ്ദേഹവും ഈ സദ്യയിൽ പങ്കുകൊള്ളുന്നുണ്ടെന്നുമാണ് വിശ്വാസം. പമ്പയിൽവെച്ചുനടത്തുന്ന ഈ സദ്യക്ക് ഇങ്ങിനെയൊരു വിശേഷമുണ്ടെന്നുഗുരുസ്വാമികൾപ്രവചിക്കുന്നു. സദ്യക്കു മുൻപായി വിളക്കിന്റെമുമ്പിൽഇലയിട്ട് സകലപദാർത്ഥങ്ങളുംഅതിൽവിളമ്പി സ്വാമിമാർ ചുററുംനിന്നു ശരണം വിളിച്ചതിനുശേഷമല്ലാതെ ആരും ഭക്ഷണം കഴിക്കയില്ല. നമ്മുടെ നാട്ടിൻപുറങ്ങളിൽവെച്ചു അനവധി വിഭവങ്ങളോടുകൂടി നാം വലിയവലിയ സദ്യകളിൽ പങ്കുകൊണ്ടിട്ടുണ്ടെങ്കിലും ഇതുപോലെ രുചികരവും സുഖപ്രദവുമായ ഭക്ഷണംകഴിക്കാൻസാധിച്ചിട്ടുണ്ടോ എന്നുസംശയമാണ്. ഇവിടെക്കൂടുന്ന ഭിക്ഷക്കാരുടെഎണ്ണവും കുറവല്ല. ഒരുസംഘത്തിൽ പുറമെനിന്നു മറെറാരാളുംകൂടിവന്നുചേർന്നുഭക്ഷണംകഴിച്ചാൽ അതിനുള്ളവിശേഷം ഒന്നു പ്രത്യേകമാണ്. അയ്യപ്പൻ നമ്മെഅനുഗ്രഹിച്ചതാണെന്നുസങ്കല്പിക്കുന്നു.

## ഗുരുഭൂതനു ദക്ഷിണ

സദ്യ അങ്ങിനെയഥാശക്തി മംഗളമായിഅവസാനിച്ചാൽ അടുത്ത ചടങ്ങ് ഗുരുഭൂതനായി സ്വീകരിച്ച ആളിന്റെപ്രീതിക്കും അനുഗ്രഹത്തിനുംവേണ്ടി അദ്ദേഹത്തിനു "ദക്ഷിണ" കൊടുക്കുകയെന്നതാണ്. ഗുരുഭൂതന് ദക്ഷിണ കൊടുക്കേണ്ടതു് കന്നിക്കാരായ സ്വാമിമാരുടെ ഒരു പ്രധാന കർത്തവ്യമാണ്. ദക്ഷിണകൊടുക്കുന്ന സംഖ്യക്ക് കണക്കില്ല. ഒരു നയാപൈസ (ഇന്നു് നിലവിലിരിക്കുന്ന നാണയം) മുതൽ........ അതുമില്ലെങ്കിൽ വെററിലയും പാക്കും മാത്രമായാലുംമതി പക്ഷെ, എല്ലാ ഗുരുഭൂതന്മാരും അതിൽ തൃപ്തരാകുകയില്ല. ചിലർഅതിനെ നിഷേധിക്കും, ആക്ഷേപിക്കും, അശ്ലീലപദങ്ങൾ പോലും പറയാൻ മടിക്കാത്തവരുമുണ്ട്. അവരെയാണു പണംകാംക്ഷികളെന്നു് പറയേണ്ടതു്. വെററില അടക്ക കൊണ്ടു് മാത്രം സംതൃപ്തരാകുന്നവരെയാണു് ഗുണകാംക്ഷികളായി സ്വീകരിക്കേണ്ടതു്. അങ്ങിനെയാണു് ഗുരുഭൂതന്മാരുടെ ഗതി. ഈശ്വരഭക്തി വളർത്തി തരുവാനും നമ്മെ സൽസ്വഭാവികളാക്കിത്തീർക്കുവാനും സംസ്കാരസമ്പന്നന്മാരാക്കുവാനുംപഠിപ്പിക്കേണ്ടതു് ഗുരുവാണ്. ആകയാൽതീർത്ഥയാത്രാവേളയിലും ഇപ്രകാരമുള്ള ഗുരുക്കന്മാരെതേടിപ്പിടിച്ച് സ്വീകരിക്കുന്നതു് നമ്മുടെ ശ്രേയസ്സിനു് നല്ലതാണെന്നു് മാത്രമല്ല–പലവിധ ദുർഘടങ്ങളിൽ നിന്നു് രക്ഷനേടുന്നതിനും നമുക്ക് സാധിക്കുന്നതാണ്,

## സ്വാമിസന്നിധിയിലേക്കുള്ള യാത്ര

പമ്പാസ്നാനം, പിതൃക്കൾക്ക്
തർപ്പണം സദ്യ, ദക്ഷിണ,
യഥാവിധി നടത്തിട്ട്
യാത്രയാകുന്നിതേവരും

30-ാംതിയ്യതി ഉച്ചതിരിഞ്ഞതശേഷം എല്ലാവരും മേൽപറഞ്ഞകാര്യങ്ങൾനിർവ്വഹിച്ച് സ്വാമിസന്നിധാനത്തിലേക്ക് യാത്രതിരിക്കുന്നു. അന്നേദിവസം സംക്രമമാണ്, ധനുമാസത്തിൽചിലപ്പോൾ, 29-ാംതീയതി മാത്രമേയുണ്ടാകയുള്ളു എന്നുവരികിലുംമലനടയിൽ ധനുമാസം മുപ്പതുദിവസവുംകണക്കാക്കിവരുന്നു. മകരസംക്രമവിശേഷവും അന്നുതന്നെയാണ്. ഇതിന്നു ഒരു കൊല്ലത്തിലും മാററം സംഭവിക്കുന്നതല്ല

## പന്തളരാജവന്ദനം

പമ്പാതീരത്തുനിന്നു പതിനെട്ടാം പടിക്കലേക്ക് ഉദ്ദേശം 4 മൈൽ ദൂരംവരും. അയ്യപ്പന്മാർ പമ്പയിൽ നിന്നുപുറപ്പെട്ട് മാർഗ്ഗമദ്ധ്യേ- താവളമടിച്ച് വസിക്കുന്ന (മണികണ്ഠവളർത്തച്ഛനായ) പന്തള രാജാവിന്റെ ദർശനം ചെയ്ത് ഭക്ത്യാദരവോടെവന്ദിച്ചു കാണിയിട്ടിട്ട് പ്രസാദം വാങ്ങിച്ചതിനുശേഷംനീലിമലകേറാൻ ആരംഭിക്കുന്നു അ

ഴുതാമേട്ടകയററം, കരിമലകയററം ഇവയെ വെല്ലുവിളിക്കാൻ തക്കയോഗ്യതയുള്ള കയററമാണ് നീലിമല കയററം രണ്ടുമാസക്കാലത്തോളമായി വ്രതമെടുത്തു് ഭജിച്ചുകൊണ്ടും പലവിധ ക്ലേശങ്ങൾ സഹിച്ചു് ആരാധിച്ചും സ്വാമിയേ ശരണമയ്യപ്പായെന്നു സദാ ഉച്ചൈസ്തരം വിളിച്ചുകൊണ്ടും നടന്നലഞ്ഞു് സാവധാനം കേറിപ്പോകുന്ന സ്വാമിമാർ ഈ കയററത്തിൻെറ കാഠിന്യത്തെപ്പററി ചിന്തിക്കാറില്ല നീലമലകയറുന്നതിനിടക്ക് ഭൂരിപക്ഷം അയ്യപ്പന്മാരും പലയിടത്തിരുന്നു വിശ്രമിച്ചും പാത്രങ്ങളിൽ കൊണ്ടുപോയിട്ടുള്ള പമ്പാതീർത്ഥം അല്പാല്പം സേവിച്ച് ക്ഷീണം തീർത്തുമാണ് നീലിമലയെ തരണംചെയ്യുന്നതു്.

## അപ്പാച്ചിക്കുഴിയും ഇപ്പാച്ചിക്കുഴിയും

കയററം മിക്കവാറും അവസാനിക്കാറായിയെന്നു തോന്നുമ്പോൾ കാണുന്ന സ്ഥലത്തിനു "അപ്പാച്ചിമേടു" എന്നു പറയുന്നു. അവിടെ കുറേ വിസ്തീർണ്ണത്തിൽ പുല്ലുമേടായി കിടക്കുന്നു. ഇവിടെ കന്നിക്കാരായ സ്വാമിമാർ ചില കാര്യങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ടു്. ഈ മേടിൻെറ മദ്ധ്യഭാഗത്തുക്കൂടിയാണു് പാതയുടെകിടപ്പു്. പാതയുടെ ഇരുവശങ്ങളിലുമായി 'അപ്പാച്ചിക്കുഴി' എന്നും 'ഇപ്പാച്ചിക്കുഴി'യെന്നും പേരായ രണ്ടു ഗംഭീരകുഴികളുണ്ടു്. ഗുരുഭൂതൻെറ നിർദ്ദേശപ്രകാരം കന്നി അയ്യപ്പന്മാർ മേല്പറഞ്ഞ കുഴികളിലേക്ക് അരിയുണ്ട, ശർക്കരയുണ്ടമുതലായവ എറിയുന്നു. ശ്രീഭൂതനാഥൻെറ ആജ്ഞകളെ സശ്രദ്ധം

നിർവ്വഹിക്കുന്ന കടുരവൻ ദുർദ്ദേവതകളെ അടക്കിയിരുത്തിയിരിക്കുന്നതു് അവിടെയാണെന്നും അവർക്കുവേണ്ടിയാണു് ഈ ചടങ്ങുകൾ പാലിക്കുന്നതു് എന്നും പഴമക്കാർ വിശ്വസിക്കുകയും അതിനെ കന്നിക്കാരായ സ്വാമിമാക്കു് (അറിവില്ലാത്തവക്കു്) പറഞ്ഞുകൊടുത്തു വിശ്വസിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ വഴിയുടെ ഇരുഭാഗങ്ങളിലും മേട്ടിൻ പുറത്തുകിടക്കുന്ന യാചകക്കും കന്നിഅയ്യപ്പന്മാരെക്കൊണ്ടു് യഥാശക്തി ധർമ്മം ചെയ്യിക്കുന്നുണ്ടു്. ഇങ്ങിനെയുള്ള ചടങ്ങ് നിർവ്വഹിച്ചു കഴിഞ്ഞാൽ ഉടനെ അവിടെനിന്നും പുറപ്പെടുന്നു.

## ശബരിപ്പീഠത്തിങ്കൽ

അപ്പാച്ചിമേട്ടിൽനിന്നും ഉദ്ദേശം രണ്ടു് ഫർലോംഗ് ദൂരം ചെന്നാൽ കാണുന്ന സ്ഥാനത്താണു് ശബരി തപസ്സു ചെയ്തിരുന്നതു്. ആ സ്ഥാനത്തു കുറച്ചു വിസ്താരത്തിൽ ഒരു പരന്ന പാറ കാണുന്നതു ശബരിയിരുന്ന പീഠമാണെന്നു സങ്കല്പിച്ചു അവിടം ഒരു പ്രധാനപ്പെട്ട ആരാധനാസ്ഥാനമായി ഗണിച്ചു് നാളികേരം ഉടച്ചു് കർപ്പൂരം കത്തിച്ചു് ദീപാരാധന നടത്തി ശബരിയെ വന്ദിച്ചു് എല്ലാവരും വലിയ താമസത്തിനിടവരുത്താതെ യാത്രയാകുന്നു.

## ശരംകുത്തിയാൽത്തറ

അയ്യപ്പന്മാർ, സ്വാമിയുടെ ‘സത്യമായ പൊന്നുപതിനെട്ടാംപടിയേ ശരണമെന്റയ്യപ്പ’ യെന്നു വിളിക്കാറുള്ള

ആ പതിനെട്ടാംപടിയ്ക്കലേക്കു ഇനി ഇവിടെനിന്നു ഉദ്ദേശം ഒരു മൈൽദൂരം മാത്രമേയുള്ളു. ഇതിനിടക്കു് കന്നി അയ്യപ്പന്മാർക്കു വന്ദിക്കേണ്ടഒരുസ്ഥാനംകൂടിയുണ്ടു്. അതു് ശരംകുത്തിയാൽത്തറയ്ക്കലാണു്. പോകുന്നവഴിയരികിൽ തന്നെയാണു് ആ സ്ഥാനം ഗുരുസ്വാമിക്കു് ദക്ഷിണ കൊടുത്തു് അദ്ദേഹത്തിൻറെ അനുഗ്രഹത്തോടുകൂടിഎരുമേലിയിൽവെച്ചു കന്നി അയ്യപ്പന്മാർ വാങ്ങിച്ചിട്ടുള്ളശരക്കോലു് അവിടെയാണു് കുത്തേണ്ടതു്. (നിക്ഷേപിക്കേണ്ടതു്) ശബരിപ്പീഠംമുതൽ പതിനെട്ടാം പടിക്കൽപൊട്ടുന്നവെടിയുടെ ശബ്ദം നമുക്കു് കേൾക്കാറാകും. ആനന്ദമൂർത്തിയായ ആ കരുണാനിധിയെ അല്പസമയത്തിനുള്ളിൽ നമുക്കു് ദർശനം ചെയ്യാം, അടിവണങ്ങാം, ഇപ്രകാരമുള്ള അത്യാകാംക്ഷയോടെ ധ്രുതഗതിയിൽ എല്ലാവരും ശരണംവിളിച്ചുകൊണ്ടു് അവിടം വിട്ടുപോകുന്നു.

## സ്വാമിദർശനം

മണ്ണുവാരിയിട്ടാൽ താഴെ വീഴാത്തവണ്ണം തിങ്ങിഞെരുങ്ങിനില്ക്കുന്ന അയ്യപ്പന്മാരുടെ ശരണം വിളികളും ഇടവിടാതെ അഹോരാത്രംപൊട്ടിക്കൊണ്ടിരിക്കുന്ന ചെറിയകതിനാവെടിയുടെ ശബ്ദവും പരിപാവനമായ ക്ഷേത്രത്തിനുള്ളിൽനിന്നും മുഴങ്ങിക്കൊണ്ടിരിക്കുന്ന മണിനാദങ്ങളും കേട്ടുകേട്ടു് ആനന്ദനൃത്തം ചെയ്തു് മലനടയിലെത്തുന്ന ഭക്തന്മാർ മുദ്രക്കെട്ടും തലയിൽവെച്ചു ഭക്ത്യാദരവോടുകൂടി വലത്തുകാൽ ആദ്യമായിവച്ചു് ഓരോപടിയും

ചവുട്ടിക്കേറുന്നു. കന്നിക്കാർആദ്യത്തെപടിയിലും,രണ്ടാം കന്നി മൂന്നാംകന്നി, രണ്ടാമത്തെപടി, മൂന്നാമത്തെപടി യെന്ന ക്രമത്തിനുംഅങ്ങിനെയാത്രയുടെ ക്രമമനുസരിച്ച് [മലചവുട്ടിയ കാലത്തിന്റെ കണക്കനുസരിച്ച്] നാളികേരം ഉടക്കുന്നു. സത്യസ്വരൂപനായ ധമ്മശാസ്താവിനെ ദശ്ശനംചെയ്യുന്നതിനുവേണ്ടി സത്യമായപടികളിൽ നാം ചവുട്ടിയാൽ നമ്മുടെഹൃദയം ഏററവും പരിശുദ്ധമായിത്തീരുന്നു വൃശ്ചികമാസം ഒന്നാംതിയ്യതിമുതൽ വ്രതാനുഷ്ഠാനങ്ങളോടുകൂടി ഏതാനും ദിവസങ്ങൾ [ഒരു മണ്ഡലക്കാലം] കഴിച്ചതിനുശേഷം—

നാടും, വീടു, മുപേക്ഷ്യ-സ്വാമിയെ സദാ
ചിന്തിച്ചു മോക്ഷാത്ഥ മീ-
ക്കാടും, മേടുകൾ തോടുവന്മല, കട-
ന്നാനന്ദമായ് സന്നിധൌ
കൂടുന്നോരഥ, കീത്തനങ്ങൾ പലതും
തോന്നുന്നപോൽ ഭക്തിയാൽ
പാടുന്നു; ശബരീഗിരീശചരണാം-
ഭോജത്തിൽ വീഴുന്നു; ഹാ!

പമ്പാസ്നാനവുംബലികർമ്മാദികളുംകഴിഞ്ഞു് ശുഭ്ര വസ്ത്രാലങ്കാരവിഭൂഷിതരായി വിഭവസമൃദ്ധമായ സദ്യഊണുംകഴിഞ്ഞു് അല്പം വിശ്രമിച്ചതിനുശേഷം പമ്പയിൽനിന്നു പുണ്യനദിയോടും വനദേവതമാരോടും വിടവാങ്ങിയാത്ര തിരിച്ച അയ്യപ്പന്മാർ അഖിലാണ്ഡകോടി ബ്രഹ്മാണ്ഡ നായകനായശ്രീഅയ്യപ്പന്റെസന്നിധാനത്തിൽഅതേത്തു

സ്വർഗ്ഗതുല്യമായ ശബരിമലയിൽ സൂര്യാസ്തമനത്തിനു മുൻപായിഎത്തി ആനന്ദാമൃതമാസ്വാദിച്ച് മദോന്മത്തരായി സൌകര്യമായ താവളങ്ങൾ ഉണ്ടാക്കി വിരിച്ച് താമസിക്കുന്നതിനു തയ്യാറെടുക്കുന്നു. വിശപ്പ് ദാഹം ക്ഷീണം ഇവയൊന്നും ആരേയും ബാധിക്കുന്നില്ല എങ്ങിനെബാധിക്കും? സ്വർഗ്ഗത്തിലെത്തി സ്വർഗ്ഗീശൻെറ അനുഗ്രഹാശിസ്സുകൾക്ക് പാത്രമായിത്തീർന്ന അവൻ ആനന്ദത്താൽ മതിമറന്നിരിക്കുമ്പോൾ വിശപ്പുംദാഹവും അറിയുന്നില്ല. ഭക്താഭീഷ്ടവരപ്രദനായ ഭഗവാൻെറ തിരുമുഖം ദർശിച്ച മാത്രയിൽ തൻെറ സകല വിഷമതകളും നശിച്ച് മുക്തനായിത്തീർന്നിരിക്കുന്നു. സ്വാമിയേ ശരണമയ്യപ്പ! അഹോ! ആ ദിവ്യമന്ത്രോച്ചാരണത്തിൻെറ മാഹാത്മ്യം അവർണ്ണനീയംതന്നെ!

ഒരു ജാതി, ഒരു മതം,
ഒരു ദൈവം മനുഷ്യനു്.

എന്ന തത്വം ശ്രീനാരായണൻ വെളിപ്പെടുത്തിയിട്ടുള്ളതു് ആരെങ്കിലും വിസ്മരിച്ചുപോയിട്ടുണ്ടെങ്കിൽ അവയെവീണ്ടും സ്മൃതിപഥത്തിലെത്തിക്കുവാൻ പര്യാപ്തമായതാണു് ഈ ശബരിമലയാത്രയും ഇവിടുത്തെ ജീവിതവും.

പൊന്നുസഹോദരന്മാരെ സ്വാമിഭക്തന്മാരെ! ഗുരുസ്വാമികളെ! നിങ്ങളുടെദാസനായഞാൻ നിങ്ങളോടപേക്ഷിക്കുന്നു. നിങ്ങൾ പെട്ടെന്നു ഇവിടെനിന്നും പോകരുതേയെന്നു്. കാരണം വളരെ കായക്ലേശങ്ങളും ബുദ്ധിമുട്ടുകളും സഹിച്ചാണ് നാം ഇവിടെയെത്തിയിട്ടുള്ളതു്.

ഇപ്പോൾ സ്വർഗ്ഗസുഖം അനുഭവിക്കുന്നതു്. പോരാ; ചുരുങ്ങിയതു് മൂന്നുദിവസമെങ്കിലും ഈ സ്വർഗ്ഗസുഖം അനുഭവിക്കുവാൻ നാം ഇവിടെ ക്ഷേത്രോപവാസമുറപ്പിക്കണം. നമുക്കു് പലതും കാണാനും പഠിപ്പാനും, ചിന്തിപ്പാനും അവയെ ചില മന്ദബുദ്ധികൾക്കു് മനസ്സിലാക്കിക്കൊടുക്കേണ്ട ചുമതലക്കൂടിയുണ്ടു്. നാം ഈ വനവാസം കഴിഞ്ഞു നമ്മുടെ നാട്ടിലെത്തിയാലും — സ്വാമിശരണമയ്യപ്പ എന്നുതന്നെ എപ്പോഴും പറയാൻ ബദ്ധശ്രദ്ധരാകണം. നമുക്കു് ആത്മജ്ഞാനമുണ്ടാകുന്നതിനുള്ള ഒരു പ്രധാനവഴികാട്ടി മന്ത്രമാണു് 'സ്വാമി ശരണമയ്യപ്പ' യെന്ന അഷ്ടാക്ഷരമന്ത്രം. ഇത്രയും പറഞ്ഞതുകൊണ്ടു് അവസാനിച്ചിട്ടില്ല. അവയെ അടുത്ത അദ്ധ്യായത്തിൽ വിവരിക്കാം.

## സ്വാമിക്കു ഘൃതാഭിഷേകം

സ്വാമിയുടെ സന്നിധാനത്തിലെത്തിയ ഭക്തന്മാർ പലരും അന്നുതന്നെ നെയ്യഭിഷേകത്തിനുള്ള പരിപാടി ആരംഭിക്കുന്നു. അവരവരുടെ മുദ്രക്കെട്ടുകളിൽനിന്നു് നെയ്ത്തേങ്ങയെടുത്തു ഉടച്ചു് ഒരു പരിശുദ്ധമായ പാത്രത്തിലാക്കി ദേവസ്വം ആഫീസിൽ കൊണ്ടുചെന്നു് കാണിച്ചു് അതിനുവേണ്ടതായ പണം അടച്ചു രസീതു വാങ്ങി അഭിഷേകത്തിനായി ക്ഷേത്രത്തിനകത്തേയ്ക്കു് എല്പിക്കുന്നു. അതിന്റെ ശാന്തിക്കാരൻ വാങ്ങി ഭഗവാനു് അഭിഷേകം ചെയ്തു് കുറച്ചു ആ പാത്രത്തിൽതന്നെ പകർന്നു അവകാശിക്കു കൊടുക്കുന്നു. അതിനുശേഷം ഓരോരുത്തരും പ്രാർത്ഥി

ച്ചിട്ടുള്ളതും ശക്തിക്കനുസരണമായിട്ടുള്ളതുമായ വഴിപാടുകൾ നടത്തിക്കുന്നു. ചില അയ്യപ്പന്മാർ അഭിഷേകത്തിന്നു കൊണ്ടുപോകുന്ന നെയ്യ് മണ്ഡപത്തിന്നു സമീപം വച്ചിട്ടുള്ള തോണിയിൽ നിക്ഷേപിക്കുന്നു. അപ്രകാരം ചെയ്യുന്നതിന്നു് ദേവസ്വത്തിലേക്കു് പണം കൊടുക്കേണ്ട ആവശ്യമില്ല. ആ തോണിയിൽ നിന്നു തന്നെ അല്പം പ്രസാദമായി എടുത്തു് കൊണ്ടുപോകുന്നു. ചിലർ ക്രമാതീതമായ രീതിയിൽ കുറേശ്ശെ പല പ്രാവശ്യമായി ചെറുപാത്രങ്ങൾ കൊണ്ടുപോയി ആൾത്തിരക്കിന്നുള്ളിൽ കൂടി കടന്നു ശേഖരിക്കാറുണ്ടു്. ആ പ്രവൃത്തി അത്ര നല്ലതാണെന്നു് എനിക്കു തോന്നുന്നില്ല. പ്രസാദമായി അല്പമെടുക്കുന്നതിന്നു തെറ്റില്ല, രണ്ടും മൂന്നും ഇടങ്ങഴിവരെ ചിലർ പലതുള്ളി പെരുവെള്ളമെന്നപോലെ, അപഹരിച്ചു നാട്ടിൽകൊണ്ടുവന്നു സൂക്ഷിച്ചുവച്ചിരുന്നു് ചോററിൽക്കൂട്ടി ഊണുകഴിക്കുന്നവരുണ്ടു്. അതെത്തൊഴിവാണു് നല്ലതല്ല എന്നു ഞാൻ പറഞ്ഞതു്. ഇങ്ങിനെ ചെയ്യുന്ന സ്വാമിമാർ പരിഭവിക്കരുതേ! ഞാൻ പറഞ്ഞതു് തെററാണെങ്കിൽ ക്ഷമിക്കണം.

അഭിഷേകം കഴിച്ചതായ നെയ്യ് ചില സ്വാമിമാർ വിലകൊടുത്തു വാങ്ങിക്കൊണ്ടുപോന്നു് സൂക്ഷിക്കുന്നു. അതു വിശ്വാസത്തോടുകൂടി ശുദ്ധമായിരുന്നു സേവിച്ചാൽ പല രോഗങ്ങളും ശമിക്കുന്നതാണു്. അങ്ങിനെ സേവിച്ചു് പലരോഗങ്ങളും മാറിയിട്ടുള്ളതായി എനിക്കു അനുഭവപ്പെട്ടിട്ടുണ്ടു്. പലരും പറഞ്ഞു (അനുഭവസ്ഥർ) കേട്ടിട്ടുമുണ്ടു്. അതുപോലെ അവിടുത്തെ മററു

പ്രസാദങ്ങൾക്കും (അപ്പം, മഞ്ഞപ്പൊടി, പായസം, പഞ്ചാമൃതം, ഭസ്മം, ചന്ദനം മുതലായവ) പല മാഹാത്മ്യങ്ങളും ഉണ്ട്. പക്ഷെ നിരീശ്വരവാദികൾക്കും അവിശ്വാസികൾക്കും ഇവയുടെ ഗുണം ലഭിക്കുകയില്ല.

## ഗണപതിയുടെ നടയിൽ

അഭിഷേകം കഴിഞ്ഞാൽ നെയ്യ് നിറച്ചിരുന്ന തേങ്ങാമുറികളിൽ ഒരെണ്ണം ഗണപതിയുടെ നടയിലുള്ള ഹോമകുണ്ഡത്തിൽ നിക്ഷേപിക്കുന്നു. ഒരു മുറി ചെറുതായി അരിഞ്ഞു മഞ്ഞപ്പൊടി പുരട്ടി വെയിലിൽ വറുത്ത് മലർപൊടിയിൽ ഇട്ടു പ്രസാദമായി കൊണ്ടുപോരുന്നു. അതിനെ നാട്ടിൻപുറത്തുള്ള പരിചയക്കാരുടേയും സ്നേഹിതന്മാരുടേയും ബന്ധുക്കളുടേയും മററും വീടുകളിൽ പഴമസ്വാമികൾ എത്തിക്കാറുണ്ട്. മാത്രമല്ല, നെയ്യ്, അപ്പം പായസം, പഞ്ചാമൃതം, ചന്ദനം, ഭസ്മം, മുതലായവയും അവിടെനിന്നും വിലകൊടുത്തു വാങ്ങി അയ്യപ്പന്റെ പ്രസാദമായികൊണ്ടു വന്നുകൊടുക്കുന്ന പഴമക്കാരുമുണ്ട്. പക്ഷെ, അങ്ങിനെ കൊടുക്കുന്ന പഴമക്കാർക്ക് അതു സ്വീകരിക്കുന്ന ചിലയിടങ്ങളിൽ ചില ആദായങ്ങളും ലഭിക്കാറുണ്ട്. ഉദരംഭരിതുകാമന്മാരായ ചില പഴമക്കാർ നെയ്ത്തോണിയിൽനിന്നും കുറേശ്ശെകുറേശ്ശെയായി സംഭരിച്ച നെയ്യ് നാട്ടിൽകൊണ്ടുവന്നു "ഭഗവാനെ അഭിഷേകം ചെയ്ത നെയ്യാണ് വളരെ നല്ലതാണ്, മാഹാത്മ്യമുള്ളതാണ്. സൂക്ഷിച്ചുവച്ചിരുന്ന് ശുദ്ധമായി സേവിക്കുക'യെന്നും മററും

പറഞ്ഞു പലൎക്കുംകൊടുത്തു പണം വാങ്ങിക്കാറുണ്ടു്. ഇങ്ങിനെയുള്ളവരെപ്പററി മുൻപേജുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. ഇനിയും പറയാനുണ്ടു്. അടുത്ത അദ്ധ്യായത്തിൽ വിവരിക്കാം.

ഗണപതിക്കു് നെയ്യ് അഭിഷേകം ചെയ്യുന്നവരുമുണ്ടു്. അതു നമുക്കുതന്നെ ഇഷ്ടംപോലെ ചെയ്യാം. ദേവസ്വക്കാരുടെ അനുമതിയോ പണച്ചിലവോ വേണ്ട. ആൎക്കും എപ്പോഴും അഭിഷേകംചെയ്യുന്നതിനും തൊട്ടുവന്ദിക്കുന്നതിനും അദ്ദേഹത്തിനു് വളരെ ഇഷ്ടമാണു്. ഗണപതിഭഗവാനെത്തൊട്ടുതലോടി ആ ബിംബത്തിന്മേൽനിന്നും ഒലിച്ചുകൊണ്ടിരിക്കുന്ന നെയ്യ് തൊട്ടു് പലരും ശരീരത്തിൽ തേയ്ക്കുന്നുണ്ടു്. തലയിലും തേയ്ക്കും. തലവേദന, ശരീരത്തിലുള്ള വേദന, കൈകാൽകടച്ചിൽ മുതലായവക്കു് വളരെ ആശ്വാസം ലഭിക്കുമെന്നാണു് ഓരോരുത്തരുടേയും വിശ്വാസം. മുൻപിലും പിമ്പിലും സൎവ്വഭാഗത്തും തിങ്ങിക്കൂടിനില്ക്കുന്ന അയ്യപ്പന്മാരെ നിയന്ത്രിപ്പാൻ ഗണപതിഭഗവാനല്ലാതെ മററാൎക്കും സാദ്ധ്യമല്ല. ഇങ്ങിനെ സന്തോഷാവഹമായ ചടങ്ങിൽ സുബ്രഹ്മണ്യനേയും യഥാവിധി വഴിപാടുകൾ ചെയ്തു വണങ്ങി വടക്കുഭാഗത്തുള്ള പതിനെട്ടാംപടിയിറങ്ങി ഓരോരുത്തരും അവരവരുടെ താവളസ്ഥലത്തെത്തി വിശ്രമിക്കുന്നു.

## കർപ്പൂരകുണ്ഡം

അയ്യപ്പന്മാർ മുദ്രക്കെട്ടോടുകൂടി തീൎത്ഥയാത്രക്കു് ഒരുങ്ങുമ്പോൾതന്നെ കർപ്പൂരവും ശേഖരിച്ചുകൊണ്ടാണല്ലോ

പോകുന്നതു്. അതുവഴിമദ്ധ്യേ (മലനടയിൽ എത്തുന്നതു വരെ) ദിവസംതോറും സന്ധ്യാസമയത്തു് കെട്ടിനുമുൻപിൽ ദീപാരാധന നടത്തുന്നതിനു ഉപയോഗിക്കുന്നു. (സ്വാമിക്കു് കർപ്പൂരദീപം വളരെ ഇഷ്ടപ്പെട്ട വഴിപാടാണു്) ബാക്കി വന്നിട്ടുള്ളതും വീണ്ടും കുറച്ചുകൂടി കിട്ടാൻ സൌകൎയ്യമുണ്ടെങ്കിൽ വാങ്ങിച്ചും സ്വാമിയുടെ തിരുമുൻപിലുള്ള (ബലിക്കൽപ്പുരയുടെ മുൻഭാഗത്തുള്ള) കർപ്പൂരകുണ്ഡത്തിൽ നിക്ഷേപിക്കുന്നു. മൂന്നുനാലു ദിവസമായി രാവും പകലും ഇടവിടാതെയെരിഞ്ഞുകൊണ്ടിരിക്കുന്ന കർപ്പൂരത്തിൻെറ ആകെ തൂക്കവും അതിൻെറ വിലയും എത്രത്തോളമായിരിക്കുമെന്നു ഇതുവരെ ചിന്തിപ്പാൻ തന്നെ ആൎക്കെങ്കിലും സാധിച്ചിട്ടുണ്ടോയെന്നു് സംശയമാണു്. ഇതൊക്കെ നമ്മുടെ കണ്മുന്നിൽക്കാണുകയും, നാം തല്ക്കാലം പരമാനന്ദചിത്തരായിത്തീരുകയും ചെയ്യുന്നു. അതുപോരാ എന്നും ഇതുപോലെ കാണുവാനും പരമാനന്ദചിത്തരായിത്തീരുവാനും നാം ശ്രമിക്കണം. അതിനെന്താണു മാൎഗ്ഗം? നാട്ടിൻപുറത്തെത്തിയാലും ഈ കണ്ടതൊന്നും മറക്കാതിരിക്കണം ചിന്തിക്കണം. മനഃശ്ശുദ്ധിയോടുകൂടി ചിന്തിക്കണം. നിത്യബ്രഹ്മചാരിയാകാൻ ശീലിക്കണം. സദാചാരതല്പരനാകാൻ യത്നിക്കണം. ഈശ്വരാരാധനാതല്പരനായിത്തീരണം. എന്നാൽ മേല്പറഞ്ഞ കാഴ്ചകൾ ഒന്നും നമ്മുടെ കൺമുന്നിൽനിന്നും മായുകയില്ല നിശ്ചയമാണു്.

## മഞ്ചമാതാ (മാളികപ്പുറത്തമ്മ)

അനന്തരം അയ്യപ്പന്മാർ മാളികപ്പുറത്തമ്മയുടെ സന്നിധാനത്തിൽഎത്തി അവിടെ ചിലവഴിപാടുകൾചെ

യ്യുന്നു. മാളികപ്പുറത്തമ്മയിരിക്കുന്ന സ്ഥലവും പതിനെട്ടാംപടിയും തമ്മിൽ ഉദ്ദേശം അരഫർലോംഗ് അകലമുണ്ടു്. പതിനെട്ടാംപടിയുടെ വടക്കുഭാഗത്തായിട്ടാണ് മാളികപ്പുറത്തമ്മയിരുന്നരുളുന്നതു്. മാളികപ്പുറത്തമ്മയെ മഞ്ചമാതാവെന്നുംമഞ്ചാംബികയെന്നുംപറയാറുണ്ടു്. അവിടെ നടതുറന്നു് ദർശനംലഭിക്കാറില്ല. നടതുറക്കണമെങ്കിൽദേവിയുടെപ്രത്യേകംഅരുളപ്പാടുണ്ടാകണമെന്നാണു വിധി. അതിനെഅടിസ്ഥാനപ്പെടുത്തിയാണ്ഇന്നുംനടതുറക്കാതിരിക്കുന്നതു്. അവിടെ നടയിൽസ്ഥാപിച്ചിരിക്കുന്ന ശൂലവുംവിളക്കും ഭക്തന്മാർ കണ്ടുവന്ദിക്കുന്നു. അവിടെനാളികേരംഎറിയാതെഉരുട്ടണമെന്നാണ്നിയമം അമ്മക്കായിചെയ്യുന്നവഴിവാടുകളിൽപ്രധാനമായതു്നാളികേരം ഉരുട്ടുന്നതാണ്. കൂടാതെവെററിലക്കെട്ടോടുകൂടി പറപ്പിക്കുക, പട്ടു്, കുങ്കുമം, മുതലായവനടയ്ക്കൽ വെക്കുക കാണിയ്ക്കയിടുക, മഞ്ഞപ്പൊടിവിതറുക, വെടിവെയ്ക്കുക, മാളികപ്പുറത്തുനിന്നും സ്വാമിസന്നിധാനംവരെ (പതിനെട്ടാംപടിവരെ) ശയനയാത്രചെയ്യുകഇവയെല്ലാംഅമ്മയുടെ അനുഗ്രഹത്തിനു ഏററവും നല്ലവഴിവാടുകളാണ്. അമ്മയുടെ സന്നിധാനത്തിൽനിന്നും ലഭിക്കുന്ന മഞ്ഞപ്പൊടിക്കു് വളരെമാഹാത്മ്യമുണ്ടെന്നുഅനുഭവം തെളിയിക്കുന്നു. ഭക്തിയോടുംവിശ്വാസത്തോടുംകൂടി അതു്സേവിക്കുകയും ശരീരത്തിൽ പുരട്ടുകയും ചെയ്താൽ പലവിധരോഗങ്ങളിൽനിന്നും ഭൂതാപസ്മാരപീഡകളിൽ നിന്നും മുക്തനാകുമെന്നുമാത്രമല്ല—

ആയുസ്സാരോഗ്യമാംജസ്സിവ
ദ്ധതരമുണ്ടാകുവാൻ തക്ക—താണെന്നു കൂടി

അഭിപ്രായമുണ്ടു്.

## കടുത്ത സ്വാമി ശരണം

“വെള്ളംകുടിനടത്തുക”യെന്നാണ് കടുത്തസ്വാമിക്കു നൽകുന്നവഴിപാടിനു പേരു പറയുന്നത്. അവില്, മലര്, ശർക്കര പഴം, നാളികേരം, വറപൊടി, കഞ്ചാവ് മുതലായവയാണ് അവിടുത്തെ നിവേദ്യവസ്തുക്കൾ. ഭക്ഷണപ്പണത്തോടുകൂടിവേണം മേല്പറഞ്ഞവ നിവേദിക്കുന്നതിന് പൂജാരിയെ ഏല്പിക്കുവാൻ. ഈപ്രകാരം ചെയ്യുന്നവഴിപാടുകളാൽ കടുത്തസ്വാമി തൃപ്തനായി വനഭൂതോപദ്രവങ്ങളിൽനിന്നും ശരീരത്തിൽബാധിച്ചിട്ടുള്ള ഭൂതപ്രേതപിശാചോപദ്രവങ്ങളിൽനിന്നും നമ്മെരക്ഷിയ്ക്കുന്നു. കടുത്തസ്വാമിയെ ഉപാസനാമൂർത്തിയായി ഗണിച്ച് ഭജിച്ചു സേവിക്കുന്നവരുമുണ്ട്.

## കറുപ്പസ്വാമി ശരണം

കിഴക്കുവശത്തുള്ള പതിനെട്ടാംപടിയുടെ തൊട്ടരുകിൽ വടക്കുഭാഗത്തായിട്ടാണ് കറുപ്പസ്വാമിയെ പ്രതിഷ്ഠിച്ചിരിക്കുന്നത്. മുന്തിരിങ്ങാപ്പഴം, കൽക്കണ്ടം, കർപ്പൂരം മുതലായവയാണ് ഇവിടത്തെ വഴിപാടിനു നൽകുന്നത്. കാണിയ്ക്കയിടുന്നവരുമുണ്ട്.

## നാഗരാജാവും നാഗയക്ഷിയും ശരണം

ഭസ്മക്കുളത്തിന്ന് വടക്ക് അല്പംനീങ്ങി വഴിയരുകിൽ തന്നെയാണ് നാഗരാജാവിനെ പ്രതിഷ്ഠിച്ചിരിക്കുന്നത്.

മഞ്ഞൾപ്പൊടി, കർപ്പൂരം, കാണിയ്ക്ക, ഇവയാണ് ഇവിടുത്തെ വഴിപാടുകൾ. വിശേഷമായി സർപ്പംപാട്ടുപാടി നടത്തുന്നവരുമുണ്ട്. നമ്മുടെ ഭവനങ്ങളിൽ (ചിലയിടത്തുമാത്രം) സർപ്പ കോപമുണ്ടാകാതിരിക്കുന്നതിനും ഇവിടെവെച്ചു സർപ്പംപാട്ടു നടത്തിക്കുന്നു. നാഗരാജപ്രതിഷ്ഠയോടടുത്തു തന്നെ നാഗയക്ഷിയും അധിവസിക്കുന്നു. പട്ട്, കുങ്കുമം, പുഷ്പം ഇവകളാൽ നാഗയക്ഷിയും സംതൃപ്തമായിത്തീരുന്നു.

## വാവരുസ്വാമിശരണം

പതിനെട്ടാം പടിക്കു താഴെ തെക്കുവടക്കായി കിടക്കുന്ന റോഡിന്റെ കിഴക്കുഭാഗത്ത് അല്പം വടക്കോട്ടു നീങ്ങിയാണ് വാവരുസ്വാമിയുടെആസ്ഥാനം. അവിടത്തെ പൂജാദികൾക്കായി നിയമിച്ചിരിക്കുന്നതു് ഒരു മുഹമ്മദീയനെയാണ്. വാവരുസ്വാമിയുടെ ആസ്ഥാനമണ്ഡപത്തിൽ വെച്ചിരിക്കുന്ന ഭണ്ഡാരത്തിൽ അയ്യപ്പന്മാർ കാണിയ്ക്കയിട്ട്, നെല്ല്, കുരുമുളക്, ചന്ദനം, സാമ്പ്രാണിത്തിരി, പനിനീരു, നാളികേരം, നെയ്യ്, മുതലായവയും, മററു സുഗന്ധദ്രവ്യങ്ങളും വഴിപാടുകളായി സമർപ്പിക്കുന്നു.

## ഭസ്മക്കുളത്തിലെ സ്നാനം

ഭസ്മക്കുളത്തിലെ സ്നാനം പാപഹരമാണ്. ഇതു് ഒരു പുണ്യതീർത്ഥമെന്നാണ് സകല അയ്യപ്പന്മാരും വിശ്വസിച്ചുപോരുന്നതു്. ഇതിനെ ഭസ്മതീർത്ഥമെന്നും പറയാറുണ്ട്. ഈ തീർത്ഥത്തിൽസ്നാനംചെയ്തു് പാപശാന്തി

വരുത്തിയിട്ടുവേണം ഭഗവാനു് വഴിപാടുകൾ ചെയ്യുവാൻ എന്നു് ചില നാട്ടുകാർ അഭിപ്രായപ്പെടുന്നുണ്ടു്. ചിലർ ആ അഭിപ്രായത്തോടുയോജിച്ചു അനുഷ്ഠിക്കുന്നവരുമുണ്ടു്. ജനങ്ങൾ ഈ കുളത്തിലിറങ്ങി വൃത്തികേടായി പെരുമാറുന്നതുമൂലം അതിലെജലംഏററവും മലിനപ്പെടുന്നുവെങ്കിലുംഇതിൽ സ്നാനംചെയ്യുന്നവർ രോഗികളായിത്തീരുന്നില്ല. ഓരോ അയ്യപ്പനും ഈ ജലംപുണ്യതീർത്ഥമെന്നുകരുതിമലിനപ്പെടാതിരിപ്പാൻ ശ്രദ്ധിക്കുമെങ്കിൽ? ഹാ! അതു് പുണ്യതീർത്ഥംതന്നെയാണു്. പൊന്നുസ്വാമികളെ! അയ്യപ്പഭക്തന്മാരെ! സഹൃദയരെ! നാം സ്വയം ശ്രദ്ധിക്കുക! ശ്രമിക്കുക! മററുള്ളവരെ മനസ്സിലാക്കുക. ആ തീർത്ഥക്കുളം മലിനപ്പെടുത്താതിരിപ്പാൻ.

## സത്യമായി പതിനെട്ടു് തൃപ്പടികൾ

ഭഗവാൻെറസന്നിധാനത്തെ ശരണം പ്രാപിക്കുന്നതിനു് കയറിപ്പോകാനുള്ള നടകളെയാണു് പതിനെട്ടുതൃപ്പടികൾ എന്നും പതിനെട്ടാംപടിയെന്നും പറയുന്നതു്. സമനിരപ്പിൽനിന്നും ഉദ്ദേശം എട്ടുപത്തുകോൽ പൊക്കത്തിൽ ചുററുംകരിങ്കല്ലുകൊണ്ടു് ചതുരാകൃതിയിൽ കെട്ടിപ്പൊക്കിയമുകൾപ്പരപ്പിലാണു് ക്ഷേത്രം, തിടപ്പള്ളിനാലമ്പലം,ബലിക്കൽപ്പുരമണ്ഡപം,കർപ്പൂരകുണ്ഡം, ഗണപതിത്തറ,ഹോമകുണ്ഡം മുതലായവ ഒതുങ്ങിയിരിക്കുന്നതു്. സമനിരപ്പിൽനിന്നും ഇത്രവളരെ ഉയർത്തിക്കെട്ടിയിരിക്കുന്നതുകൊണ്ടു വന്യമൃഗങ്ങൾക്കുഅവിടെ പ്രവേശിക്കുവാൻ

യാതൊരു മാറ്റവുമില്ല. പതിനെട്ടാംപടിയുടെ മുകൾപ്പരപ്പ് (ക്ഷേത്രസ്ഥാനം) പരിശുദ്ധവും സത്യധർമ്മാദികളുടെ വിളനിലവുമാകയാൽ വ്രതാനുഷ്ഠാനങ്ങളില്ലാത്തവർക്ക് ഈ പടികൾ ചവിട്ടുന്നതിന്നോ മേല്പോട്ടു കയറുന്നതിന്നോ അർഹതയില്ല. പമ്പയിൽ സ്നാനംചെയ്ത് ദാനധർമ്മാദികൾ ചെയ്തു ശുഭ്രവസ്ത്രധാരികളായിവരുന്ന അവസരത്തിലും എല്ലാംവിധ ചടങ്ങുകളും അനുസരിച്ച് മടങ്ങാനുള്ള അവസരത്തിലുമല്ലാതെ കിഴക്കുഭാഗത്തുള്ള പടികളിൽക്കൂടി ഗതാഗതം ചെയ്യാൻ പാടില്ലാത്തതാകുന്നു.

പതിനെട്ടാംപടി കയറുമ്പോഴും ഇറങ്ങുമ്പോഴും ഓരോ തേങ്ങയുടക്കേണ്ടതാണ്. ആവശ്യാനുസരണം സന്നിധാനത്തിൽ പോകുന്നതിനും വരുന്നതിനും വടക്കേനടയിൽക്കൂടിയോ പടിഞ്ഞാറെ നടയിൽക്കൂടിയോ ഗതാഗതം ചെയ്യുന്നതിനു വിരോധമില്ല. അക്കാര്യം പരിചയമില്ലാത്തവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പതിനെട്ടാംപടി കയറുമ്പോൾ ആദ്യത്തെ പടിയിൽ വലത്തുകാൽ വെച്ച് കേറുകയും ഇറങ്ങുന്ന അവസരത്തിൽ പുറം തിരിയാതെ സ്വാമിയെ ദർശിച്ചുകൊണ്ടുതന്നെ പിറകോട്ട് ഇറങ്ങുകയും ചെയ്യണം. കയറുമ്പോഴും ഇറങ്ങുമ്പോഴും ഓരോ പടി തൊട്ട് വന്ദിക്കണം. പതിനെട്ടുകൊല്ലം മുടങ്ങാതെ വ്രതാനുഷ്ഠാനങ്ങളോടുകൂടി സ്വാമിദർശനംചെയ്തിട്ടുള്ള അയ്യപ്പന്മാർ പതിനെട്ടാമത്തെ കൊല്ലത്തിൽ ഒരു തെങ്ങിൻതൈ വെക്കണം. അപ്രകാരം ചില അയ്യപ്പന്മാർ വച്ചിട്ടുള്ള തൈകളിൽ ചിലതൊക്കെ ഇപ്പോഴും പതിനെട്ടാംപടിക്കുമുകളിൽ കാണാവുന്നതാണ്.

## സ്വാമിക്കു വഴിപാടുകൾ

ഓരോരുത്തരുടേയും പ്രാർത്ഥനപോലെയും ധനസ്ഥിതിപോലെയും വഴിപാടുകൾ നടത്താവുന്നതാണു്. എന്നാൽ എല്ലപ്രകാരമുള്ള വഴിപാടുകളായിരുന്നാലും ഭക്ത്യാദരവോടുകൂടിയും മനഃശ്ശുദ്ധിയോടുകൂടിയുമല്ലാതെ ചെയ്യരുതു്. ഭക്താഭീഷ്ടവരപ്രദനായഭഗവാനു് നാം എത്രചുരുങ്ങിയ തരത്തിൽ ചെയ്യുന്ന വഴിപാടുകളും അദ്ദേഹംസ്വീകരിച്ചു് അഭീഷ്ടത്തെപ്രദാനംചെയ്യും. ആനയെവെച്ചവനും പൂവിനെ വെച്ചവനുംസ്വാമിക്കു് തുല്യമാണു്. നെയ്യഭിഷേകം, നെയ്‌വിളക്കു്, കർപ്പൂരാരാധന, പുഷ്പാഞ്ജലി ചന്ദനംചാർത്തൽ, പനിനീരുകൊണ്ടുള്ള അഭിഷേകം ഇവയെല്ലാം സ്വാമിക്കു് ഏററവും ഇഷ്ടപ്പെട്ട വഴിപാടുകളാണു്. പുഷ്പമാലകൾ വിഗ്രഹത്തിൽചാർത്തുക. ശയനപ്രദക്ഷിണംചെയ്യുക, വെടിവെയ്പിക്കുക, എന്നിവയും ചെയ്യുന്നതു നല്ലതാകുന്നു.

## പ്രത്യേക വഴിപാടുകൾ

അപ്പം, വഴിപാടായി ചെയ്യുന്നതു സ്വാമിക്കു വളരെ ഇഷ്ടമാണു്. ശരിയായ നെയ്യപ്പം കാണണമെങ്കിലും നെയ്യപ്പത്തിൻെറ രുചി അറിയണമെങ്കിലും ശബരിമലയിലെനെയ്യപ്പംതന്നെ തിന്നണം. 101കഴിയുംമററുമുള്ള വാർപ്പുകളിൽ ലോഭംകൂടാതെ നെയ്യൊഴിച്ചു പാകപ്പെട്ട

ത്തുന്നതാകയാൽ രുചിയേറുമെന്നു പറയേണ്ടതില്ലല്ലോ. അപ്പം വഴിപാടു നടത്തുന്നതിന് മുൻകൂട്ടി ദേവസ്വം ആഫീസിൽ പണമടച്ച് രശീതിവാങ്ങി സൂക്ഷിച്ചുകൊള്ളണം. അപ്പം ഉണ്ടാക്കുന്നതിനുവേണ്ടി അരിപൊടിച്ചു കൂട്ടിയിരിക്കുന്നതും അപ്പം വാർത്തു കൂട്ടിയിരിക്കുന്നതും കണ്ടാൽ അതിശയിക്കാത്തവർ തുലോം കുറവായിരിക്കും.

2 വെടി! സ്വാമിയുടെ നടയിൽ വെടിവെക്കുന്ന സ്ഥലം പ്രത്യേകമായി കാണാം. അവിടെ ചെന്ന് നമുക്ക് ആവശ്യമുള്ളത്ര കതിനകൾ മരുന്നു നിറച്ച് മുൻകൂർ പണം കൊടുത്ത് വാങ്ങിച്ച് (കുറച്ചു ദൂരെ അതു പൊട്ടിക്കുന്നതിനുള്ള ആളുകൾ നിൽപുണ്ട്.) അവരുടെ കൈവശം ഏല്പിച്ചാൽ അവർ ഉടനെ തന്നെ പൊട്ടിക്കുന്നതായിരിക്കും. ശതക്കണക്കിനു വെടിവെയ്പിക്കുന്ന ഭക്തന്മാർ അനവധിയുണ്ട്. ശബരിമലക്കു പോകുന്നവരിൽ അധികഭാഗം അയ്യപ്പന്മാരും ഒരു വെടിയെങ്കിലും വെയ്പിക്കാതെ സന്നിധാനത്തിൽ നിന്നും തിരിച്ചു പോകാറില്ല.

3 ശയനപ്രദക്ഷിണം:- അവരവർ തന്നെയോ ആൾപ്പേരോടു കൂടിയോ (മറ്റൊരാളെക്കൊണ്ട്) ശയനപ്രദക്ഷിണം നടത്താവുന്നതാണ്. അവരവർ ചെയ്യുന്നതുപോലുള്ള ഫലസിദ്ധി അന്യന്മാരെക്കൊണ്ടു ചെയ്യിച്ചാൽ ലഭിക്കുന്നതല്ല. നമുക്കു വിശക്കുമ്പോൾ മറ്റൊരാൾ ഉണ്ടാൽ വിശപ്പുമാറുകയില്ല-നാം തന്നെ ഊണുകഴിക്കണം. മാളികപ്പുറത്തുനിന്നും പതിനെട്ടാംപടിനടവരേയും, അതുപോലെ പതിനെട്ടാംപടിക്കു മുകളിൽ ക്ഷേത്രത്തിനു ചു

റവും ശയനപ്രദക്ഷിണം നടത്താം. ശയനപ്രദക്ഷിണത്തിന് ഉദ്യമിക്കുന്ന ആൾ ഭസ്മതീൎത്ഥത്തിൽ സ്നാനംചെയ്ത് നനഞ്ഞ വസ്ത്രത്തോടുകൂടിതന്നെ പ്രദക്ഷിണം ചെയ്യണം (കുളിക്കാതേയും ചിലർ നടത്തുന്നുണ്ട്) (ശയനപ്രദക്ഷിണ സമയത്ത് അയ്യപ്പന്മാർ ഇരുപാർശ്വങ്ങളിലും ഒരുങ്ങിനിന്ന് വഴികൊടുക്കുകയും ശരണം വിളിച്ചുകൊണ്ട് പ്രദക്ഷിണംചെയ്യുന്ന ആളിന്റെ പിന്നാലെനടന്നു പ്രദക്ഷിണം വെക്കുകയും ചെയ്യുന്നു. മാനസികമായും ശാരീരികമായും മനുഷ്യനെ ബാധിച്ചിരിക്കുന്ന രോഗങ്ങൾക്ക് ഈ ശയനപ്രദക്ഷിണം ഒരു ദിവ്യൌഷധമാണെന്നാണ് പലരുടേയും ആത്മവിശ്വാസം. ഇങ്ങിനെയൊക്കെയാണെങ്കിലും, അഹങ്കാരത്തോടുകൂടിയും മററുള്ളവരെ (കാണികളെ) അതിശയിപ്പിക്കത്തക്ക തരത്തിൽ ആൎഭാടത്തോടുകൂടിയും ചെയ്യുന്നയാതൊരു വഴിപാടുകളും സ്വാമി ഇഷ്ടപ്പെടുകയില്ല എന്നു മാത്രമല്ല സ്വാമിയുടെ കോപത്തിനു കൂടി ചിലപ്പോൾ പാത്രമായിത്തീരുകയും ചെയ്യുന്നതാണ്. നമുക്ക് ഉപയോഗിക്കാൻ കൊള്ളരുതാത്തതായ യാതൊരുപദാൎത്ഥങ്ങളും അശുദ്ധമായവയും അദ്ദേഹത്തിന്റെ പൂജാകൎമ്മാദികൾക്കു വിനിയോഗിക്കുന്നതു് തെററാണ്.

## തിരുവാഭരണപ്പെട്ടിയുടെ ആഗമനം

സ്വാമിയെ അണിയിക്കാനുള്ള തിരുവാഭരണങ്ങൾ പന്തളത്തു രാജാവിന്റെ അധീനതയിലാണിരിക്കുന്നത്. മകരവിളക്കിനു മുൻപായി പന്തളത്തുനിന്നും തിരുവാഭര

ണങ്ങൾ ഇവിടെകൊണ്ടുവന്ന ചാർത്തുകയുംമകരവിളക്കുക ഴിഞ്ഞാൽ(ഉത്സവച്ചടങ്ങുകൾ) പഴയനിയമമനുസരിച്ച് വീണ്ടും പന്തളത്തുകൊട്ടാരത്തിലേക്കു തന്നെകൊണ്ടുപോകുകയും ചെയ്യുന്നു. തിരുവാഭരണപ്പെട്ടി പന്തളത്തുനിന്നും പതിനെട്ടാംപടിക്കലേക്കെത്തിക്കുന്ന ആളിനു ഒരുമണ്ഡലക്കാലത്തെകഠിനമായവ്രതാനുഷ്ഠാനങ്ങൾ വേണമെന്നാണ് നിയമം. വ്രതഭംഗമുള്ളയാതൊരുത്തനും തിരുവാഭരണക്കെട്ടിതൊട്ടുവാൻപോലും സാദ്ധ്യമല്ല. മകരസംക്രമദിവസംസന്ധ്യയോടുകൂടി തിരുവാഭരണപ്പെട്ടി ശബരപീഠത്തിൽ എത്തുന്നു. തിരുവാഭരണത്തിൻെറ വരവുകാണുന്നതിനും ദീപാരാധന തൊഴുവാനും അയ്യപ്പഭക്തന്മാർ ക്ഷേത്രത്തിൻെറപുരോഭാഗത്തുഅക്ഷമരായി തിങ്ങിക്കൂടിനില്ക്കുന്നു എല്ലാവർക്കും സൈ്വരമായി അവിടെനിന്നുകാണുന്നതിനുംതൊഴുന്നതിനുംസൌകര്യം കുറവാണെങ്കിലും സ്വാമിയെ ഒരു കണ്ണുകൊണ്ടെങ്കിലും കണ്ടുതൊഴുന്നതിനുള്ള ഭാഗ്യം സിദ്ധിക്കാതിരിക്കയില്ല ഏകമനസ്കരായി അവിടെപെരുമാറുന്നതുമൂലംഅതിനു് തടസ്സം വരുന്നില്ല. ചില ചങ്കുററന്മാരുടെ വിപരീതനടപടികൾമൂലംഅബലന്മാരായ ചിലർക്ക് ചില അസ്വാസ്ഥത വന്നുകൂടുമെന്നുള്ളതിൽ കവിഞ്ഞുയാതൊരനിഷ്ടസംഭവങ്ങളും അവിടെ ഉണ്ടാകുന്നില്ല.

സ്വാമിയുടെഅവർണ്ണനീയമായമാഹാത്മ്യങ്ങളുടെക്കൂട്ടത്തിൽഏററവുംപ്രധാനപ്പെട്ടഒരു കാര്യമാണ് തിരുവാഭരണപ്പെട്ടിയുടെ ആഗമനം. തിരുവാഭരണപ്പെട്ടിയുടെവരവ്എപ്രകാരമാണെന്നു് കണ്ടറിയാത്തവർ നിർഭാഗ്യവാ

ന്മാരെന്നേ പറയാൻ നിവൃത്തിയുള്ളൂ. 30-ാംതിയ്യതിസന്ധ്യയ്ക്കു ദീപാരാധനയ്ക്കുമുൻപായി തിരുവാഭരണപ്പെട്ടിയുമായി തുള്ളിക്കൊണ്ടു (കഠിനവ്രതദീക്ഷകൻ) പതിനെട്ടാംപടികയറിവരുന്നു. പെട്ടിയേററിയ ആൾ വരുന്നതു കണ്ടാൽ അദ്ദേഹത്തിൻെറ തലയിൽ ഇരിക്കുന്ന പെട്ടി ഇപ്പോൾ താഴെ വീണുപോകുമെന്നു നമുക്കുതോന്നിപ്പോകും. പക്ഷേ-അതു തലയിൽനിന്നും വീഴാത്തതു് എന്തുകൊണ്ടു്? ആരുടെ ശക്തി? ചിന്തിയ്ക്കുക! ആ—ഭഗവാൻെറ ശക്തിയെന്നു കരുതുക! തിരുവാഭരണപെട്ടിയ്ക്കു അകമ്പടിസേവിച്ചുകൊണ്ടുപോലീസുകാരുംകടുത്ത സ്വാമി, കറുപ്പസ്വാമി മുതലായവരുടെ വെളിച്ചപ്പാടന്മാരും ഉണ്ടായിരിക്കും തിരുവാഭരണപ്പെട്ടിവഹിച്ചു കൊണ്ടുവന്നആൾപെട്ടിതാഴെയിറക്കിയാൽഅപ്പോൾതന്നെബോധരഹിതനായിനിലംപതിക്കുന്നു. ഭഗവാനു് തിരുവാഭരണങ്ങൾ ചാർത്തി ദീപാരാധന കഴിഞ്ഞതിനു ശേഷമെ അയാൾക്കു ബോധമുണ്ടാകയുള്ളൂ. നോക്കണം ഭഗവാന്റെ ശക്തി! ഭക്തന്മാർ സ്വയം ചിന്തിച്ചറിയേണ്ട സന്ദർഭമാണിതു്.

## ദീപാരാധന

സംക്രമദിവസം ദീപാരാധന തൊഴുന്നതു തിരുവാഭരണം ചാർത്തിയതിനുശേഷമായിരുന്നാൽവളരെആനന്ദപ്രദവും ഐശ്വര്യസമൃദ്ധവുമാണു്. അതിനാൽ എല്ലാവരുംതിരുവാഭരണം ചാർത്തിയതിനുശേഷം തൊഴുവാൻനട

യിൽതിങ്ങിക്കൂടി ഭഗവാനെദർശിക്കുവാൻ കാത്തുനില്ക്കുന്ന ലക്ഷക്കണക്കിനുള്ള ഭക്തന്മാരുടെ ഒരേ സ്വരത്തിലുള്ള ശരണംവിളികളും കണക്കില്ലാത്ത മണികളുടെനാദങ്ങളും കൂട്ടവെടികളുടെ മുഴക്കവും എല്ലാംകൂടി ദീപാരാധനസമയം ഉദ്ദേശം ഒരുമണിക്കൂർ സമയംവരെ അവിടെ കൂടിയിട്ടുള്ള ഭക്തന്മാരുടെഹൃദയം ആനന്ദാമൃതത്താൽ സംപൂർണ്ണമായിരിക്കുമെന്നുള്ളതിൽകവിഞ്ഞു യാതൊന്നും വിസ്തരിക്കുന്നില്ല

## മകരവിളക്ക്

ശബരിമലക്ക് പോകുന്ന തീർത്ഥയാത്രക്കാർ മകരവിളക്ക് കണ്ടു തൊഴാതെ അവിടെനിന്നും മടങ്ങിയാൽ അത്രത്തോളം ബുദ്ധിമുട്ടിപ്പോയതുകൊണ്ട് യാതൊരുപ്രയോജനവുമില്ലെന്നാണ് പഴയകാലം മുതൽക്കുള്ള ചട്ടം. ഇന്നു ആ ചട്ടം അനുസരിച്ചു നില്ക്കുന്നവർ വളരെ കുറവാണു്.

മകരസംക്രമദിവസം രാത്രിയിൽ പലവിധ വാദ്യങ്ങളോടുകൂടി മകരവിളക്കിനു് എഴുന്നള്ളിക്കുന്നു. അങ്ങിനെ എഴുന്നള്ളിക്കുന്ന സമയം തൊഴുന്നതു് ഏററവും സന്തോഷപ്രദവും പുണ്യവുമാണ്. ശബരിമലയിലെ ഉത്സവം ഏഴുദിവസംകൊണ്ടവസാനിക്കുന്നു സംക്രമംകണ്ടു ആരംഭിച്ചു് ഏഴാം തീയതി അവസാനിക്കുന്നു. ഉത്സവത്തിന്റെ അവസാനദിവസം വനദേവതകൾക്കും മററും വിധിപ്രകാരം ഗുരുതിനടത്തിഅവരെതൃപ്തിപ്പെടുത്തുന്നു. ഗുരുതി കഴിഞ്ഞാൽ പിന്നെ ആരും മലനടയിൽ നില്ക്കരുതെന്നാണ് നിശ്ചയം.

ഇപ്പോൾ മണ്ഡലഭജനം നടത്തുവാനായി പലരും ശബരിമലയിൽവന്നുവാസമുറപ്പിക്കാറുണ്ടു്. തുലാമാസം അവസാനത്തിൽ ശബരിമലയിൽ എത്തി മണ്ഡലവ്രതം അനുഷ്ഠിക്കുന്നു. മണ്ഡലഭജനംകഴിഞ്ഞുതിരിച്ചുപോരുന്നതിൽ പലരും വീണ്ടും മകരസംക്രമദിവസം പതിനെട്ടാംപടി മുകളിലെത്തുന്നു. ഈ വിധമുള്ള യാത്ര വളരെസുഖപ്രദവും ഫലപ്രദവുമാണു്. മകരസംക്രമദിവസം ദീപാരാധനസമയത്തുപൊന്നമ്പലമേട്ടിൽ (അയ്യപ്പന്റെ സാക്ഷാൽ ഇരിപ്പിടം അവിടെയാണെന്നാണു് സവ്വസങ്കല്പം) ദേവകളും ഋഷികളും അവിടെഅയ്യപ്പനു പൂജയും ദീപാരാധനയും നടത്തുന്നുണ്ടു് എന്നു സകലരും വിശ്വസിച്ചുപോരുന്നു. അന്നേദിവസം മലമുകളിൽ ദീപാരാധനസമയത്തു വടക്കുകിഴക്കായി തിരിഞ്ഞുനിന്നു് ആനന്ദമൂർത്തിയെ ശരണംവിളിച്ചുകൊണ്ടു ഭക്തിപരവശരായി വന്ദിക്കുന്ന ഭക്തകോടികൾക്കു് ആ ദിവ്യജ്യോതി കാണുവാൻ കഴിയുന്നതാണു്.

വ്രതാനുഷ്ഠാനങ്ങൾ പാലിക്കാത്തവക്കും സംശയാലുക്കൾക്കും മൂഢന്മാക്കും; ആനന്ദമൂത്തിക്കു ദേവതകളും ഋഷികളും പൂജയും ദീപാരാധനയും നടത്തുന്ന ദിവ്യമുഹൂത്തത്തിൽ ആ വിളക്കു കണ്ടു വന്ദിക്കുവാനുള്ള സന്ദർഭം ലഭിക്കുകയില്ല.

കൂടാതെ ആലങ്ങാട്ടുയോഗത്തിലെ ഗുരുഭൂതനും, ശബരിമല വെളിച്ചപ്പാടുസ്ഥാനം ലഭിച്ചു നാല്പതുകൊല്ലത്തിലധികംകാലം ശബരിമലയാത്രചെയ്തയാളുമായ എന്റെ

വലിയതിരുന്നും മുൻപറഞ്ഞ പൊന്നമ്പലമേട്ടിലെ ദീപാരാധനാവിശേഷങ്ങളെപ്പററി വർണ്ണിക്കുന്നതും ഈ അവസരത്തിൽ ഞാൻ ഓക്കുന്നു അയ്യപ്പൻജനിച്ചതു മകരസംക്രമവേളയിലാണെന്നും അതുകൊണ്ടാണ് മകരവിളക്കിന്നു ഇത്രവളരെ പ്രാധാന്യമെന്നും മകരവിളക്കു ദർശനംപുണ്യദർശനമാണെന്നും പലരും പറയുന്നുണ്ട്. ഒരു കവി പറഞ്ഞിട്ടുള്ളതു ഈ അവസരത്തിൽ എന്റെ ഓർമ്മയിൽവന്നതു സ്വാമിഭക്തരായവരുടെ അറിവിന്നായി വെളിപ്പെടുത്തിക്കൊള്ളട്ടെ!

ചിത്രം! ജാതകമത്രനന്നിതുധനുർ-
　　മാസാന്ത്യ സംക്രാന്തിചേ-
ന്ത്രംനാൾ ശനിയാഴ്ച പഞ്ചമിയതും
　　ലഗ്നംപരം വൃശ്ചികം
മിത്രശ്രീ തിരുമേനിയീ-ശുഭമുഹൂ-
　　ർത്തത്തിങ്കലാണൂഴിയിൽ
ഗാത്രംപൂണ്ടൊരുഭക്തവത്സലതയേ-
　　പ്പോലങ്ങുകാണായതും

ഇത്രയും വിസ്തരിച്ചു പറഞ്ഞിരിക്കുന്നതുകൊണ്ടു് നമുക്ക് അനുമാനിക്കാം മകരവിളക്കിന്റെ മാഹാത്മ്യം എത്രത്തോളമുണ്ടെന്നു്. വേറേയും പലതും എടുത്തു് പറയുന്നതിനുണ്ടെങ്കിലും അവയൊന്നും തല്ക്കാലം വിസ്തരിച്ചു പുസ്തകം വിപുലീകരിക്കണമെന്നുദ്ദേശിക്കുന്നില്ല. സർവ്വാ

ക്തനായ ശാസ്താവിനെ നമ്മുടെകഴിവനുസരിച്ച് ഭക്തിയോടുകൂടി ഭജിച്ച് ജീവന്മുക്തനാകാൻ ശ്രമിക്കാം. അദ്ദേഹത്തിൻെറകഥകളെപ്പററിപലരും പലവിധത്തിൽ വർണ്ണിച്ചിട്ടുണ്ട്. അവയിൽ തെററ് ഏതു്? ശരിയേതു്? എന്നൊന്നും തക്കിച്ച് സമയം പാഴാക്കരുതെ—

'ഭക്ത്യാ ഭജിസ്സ്! പുരുഷോത്തമപാദപത്മം'

## കുംഭദളത്തോട് [ കമ്പളത്തോട് ]

ധനുമാസം 30-ാംതിയതി സംക്രമദിവസം പതിനെട്ടാംപടിയ്ക്കൽ എത്തുന്നസകല അയ്യപ്പന്മാരും പിറേറദിവസംപ്രഭാതത്തിൽ സ്നാനത്തിനായികുംഭദളത്തോട്ടിലേക്കയാത്രയാകുന്നു. അവർഅവിടെചെന്നു് ഉരൽക്കുഴി എന്നപേരായകുഴിയിൽസ്നാനംചെയ്തുഅവിടേയുംപമ്പയിൽ നടത്തിയതുപോലെ തന്നെ വിസ്തരിച്ചല്ലെങ്കിലും ചെറുതരത്തിലുള്ള സദ്യയും ദാനധർമ്മാദികളും നടത്തിതിരിച്ചുപോരുന്നു!

'സ്വാമിയുടെ ഉരൽക്കുഴിതീർത്ഥം ശരണമെൻറയ്യപ്പ!' എന്നു ശരണംവിളിച്ച് ആ ഉരൽക്കുഴിയിൽ സ്നാനം ചെയ്യാലുള്ളമഹാത്മ്യംഅവർണ്ണനീയമാണ്. മല നടയിൽ നിന്നും ഉദ്ദേശം ഒരുമൈൽ ദൂരം വടക്കുകിഴക്കു മാറിയാണ് കമ്പളത്തോടും ഉരൽക്കുഴിതീർത്ഥവും. പതിനെട്ടാംപടിമുകളിൽ ഭഗവാനു് അഭിഷേകം കഴിക്കുന്നജലവുംഇ

തുതന്നെയാണ്. ഉരക്കുഴിയുടെ മുകൾഭാഗത്തു അണകെട്ടി പൈപ്പുവഴിയാണ് ജലം വന്നെത്തുന്നതു്. മാളികപ്പുറത്തുനിന്നും നേരെ വടക്കോട്ടു കഷ്ടിച്ചു രണ്ടു ഫർലാംഗ് ദൂരം പോയാലും മേൽപറഞ്ഞ കമ്പളത്തോട്ടിലെത്താം.

ഈ ഉരൽക്കുഴിയുടെ ഒരു പ്രധാന മാഹാത്മ്യം എന്തെന്നാൽ; 'ഇതിൽ ഇറങ്ങുന്നതെങ്ങിനെ, മുങ്ങിക്കളിക്കുന്നതെങ്ങനെ, മുങ്ങാൻമാത്രം വെള്ളം ഇതിനകത്തുണ്ടോ, എന്നുംമററുമുള്ള ചിന്തകൾക്ക് കാണികൾ അധീനമായിത്തീരുന്നു. ഇതിൽ പെട്ടെന്നു ചാടിയിറങ്ങാം. യാതൊരു വിഷമവും കൂടാതെ മുങ്ങാം അതുപോലെകേറിപ്പോരാം. കരയ്ക്കുകയറി വീണ്ടും നോക്കിയാൽ ഇതിലിറങ്ങി എങ്ങിനെ മുങ്ങിക്കേറിയെന്നുള്ള അതിശയം നമ്മെ വിട്ടുപിരിയുന്നില്ല. ഇതിൽ ഇറങ്ങി മുങ്ങാനുള്ള ഭയം മൂലം ചിലർ തോട്ടിൽ (ഉരൽക്കുഴിയിൽനിന്നും ഒഴുകിപ്പോകുന്ന നീർച്ചാലിൽ) കുളിച്ചു മടങ്ങുന്നവരുമുണ്ടു്.

ഇങ്ങിനെ നമ്മുടെ പ്രയത്നംകൊണ്ടും സ്വാമിയുടെ കരുണാകടാക്ഷംകൊണ്ടും പലതരത്തിലുള്ള ബുദ്ധിമുട്ടുകളും സഹിച്ച് അദ്ദേഹത്തിൻെറ സന്നിധാനത്തിലെത്തി പലതും കാണുകയും പഠിക്കുകയുംചെയ്തു. ഇനിനമുക്ക് അദ്ദേഹത്തിൻെറ വ്രതാനുഷ്ഠാനപദ്ധതിയെപ്പററി കുറഞ്ഞൊന്നു പഠിക്കാം.

# അദ്ധ്യായം 2

## വ്രതാനുഷ്ഠാനപദ്ധതി

## സ്വാമിദർശനകാലങ്ങൾ

മണ്ഡലകാലം (നാല്പത്തൊന്ന്)മകരവിളക്ക്, വിഷുസംക്രമം (വിഷുക്കണി) ഇങ്ങിനെആണ്ടിൽ മൂന്നുതവണ സ്വാമിഭക്തന്മാർ ശബരിമല യാത്ര ചെയ്യുന്നു. അവയിൽ ഏററവും പ്രധാനമായയാത്ര മകരവിളക്കിനാണ്. അക്കാലത്തുണ്ടാകുന്ന ജനബാഹുല്യംപോലെമററുകാലങ്ങളിൽ ഉണ്ടാകാറില്ല. ഈ മൂന്നു കാലഘട്ടങ്ങളിലും യഥാവിധിവ്രതമെടുത്ത്മുദ്രക്കെട്ടോടുകൂടിത്തന്നെവേണം പോകുവാൻ വ്രതാനുഷ്ഠാനമില്ലാതെ ഏതൊരവസരത്തിലും ശബരിമലയാത്രചെയ്യുന്നത് പാപമാണെന്നുംപലആപത്തുകൾക്കും കാരണഭൂതനായിത്തീരുമെന്നും, ഭഗവാനെ നിന്ദിക്കുന്ന ഒരുസമ്പ്രദായമാണെന്നും ചിലഗുരുഭൂതന്മാർ

പറയുന്നതു് ഞാൻ കേട്ടിട്ടുണ്ടു്. പരീക്ഷണാർത്ഥം ശബരിമലക്കു പോകുന്നതു് തെററും ഈശ്വരാനുഗ്രഹത്തിനു് ഹാനികരവുമാണു്, അതിനാൽ ഏതൊരാളും ശരിയായ വ്രതാനുഷ്ഠാനങ്ങളോടുകൂടിത്തന്നെ യാത്രചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാകുന്നു.

## സ്വാമിദർശനത്തിന്നർഹനാര്

സ്വാമിയേ! ശരണമയ്യപ്പ! യെന്നുള്ള പരിപാവനമന്ത്രം സദാഹൃദയത്തിൽ ധ്യാനിച്ച സൽബുദ്ധിയോടുകൂടി ബ്രഹ്മചാരിയായി അഹങ്കാരരഹിതനായി മററുള്ളവരിൽ അനുകമ്പാശീലനായി എന്റെതെന്നും നിന്റെതെന്നുമുള്ള വ്യത്യാസമുപേക്ഷിച്ച മുൻഅദ്ധ്യായത്തിൽ വിവരിച്ചതുപോലെ സത്യധർമ്മാദികളെ സഹചാരികളാക്കി യാത്രചെയ്യുവാൻആരു് തയ്യാറാകുന്നുവോ അവനാണു് സ്വാമിദർശനം ചെയ്യുന്നതിനർഹനായിട്ടുള്ളവൻ. മനസാ വാചാ കർമ്മണാ അന്യന്നു (മറെറാരാൾക്കും) യാതൊരുവിധ ഉപദ്രവങ്ങളും ചെയ്യാതെ സമചിത്തഭാവനയോടു കൂടി ദുശ്ചിന്തകൾക്കും ദുഷ്പ്രവൃത്തികൾക്കും വശംവദനാകാതെനിവൃത്തികാമനായി യാത്രചെയ്യുന്നവനാണു് സ്വാമിദർശനത്തിനർഹനായിട്ടുള്ളവൻ ശബരിമലധർമ്മശാസ്താവിനെ പരബ്രഹ്മമൂർത്തിയെന്നും ചിദാനന്ദമൂർത്തിയെന്നും ഓങ്കാരമൂർത്തിയെന്നുംമററുംസംബോധന ചെയ്തുഭക്ത്യാദരവോടെ ധ്യാനപൂജാദികൾചെയ്തു അഭീഷ്ടത്തെ അറിയിക്കുന്നു. അങ്ങിനെയുള്ള ഭക്തന്മാരും സ്വാമിദർശനത്തിനർഹരായി

ത്തിരുന്ന ആൾക്കാണ് ഈശ്വരഭക്തിയുള്ളതു്, ആരിലാണു് ഈശ്വരൻ കുടികൊള്ളുന്നതു്, ആരെയാണു് ഈശ്വരൻ കടാക്ഷിക്കുന്നതു്, എന്നും മററുമുള്ള ചോദ്യങ്ങൾക്കു് ആരെങ്കിലും മുതിരുന്നുണ്ടെങ്കിൽ അവരോടു എനിക്കു പറയാനുള്ളതു ഒററവാക്കുമാത്രമെയുള്ളൂ. ആരാണൊ പരിശുദ്ധമാനസനായി ജീവിതം നയിക്കുന്നതു അവനിൽ ഈശ്വരകാരുണ്യമുണ്ടായിരിക്കും. അവനിൽ ഈശ്വരൻ നിലകൊള്ളും. അവൻ മുക്തിയെ പ്രാപിക്കും.

## ബ്രഹ്മചര്യം

അനുഷ്ഠാനങ്ങൾ പലവിധത്തിലുണ്ടെങ്കിലും ശബരിമലയാത്രക്കായി ഒരുങ്ങുന്ന ഒരുവൻ ഏററവും പ്രധാനമായി അനുഷ്ഠിക്കേണ്ടതു് ബ്രഹ്മചര്യമാണ്. എങ്ങിനെയാണ് ബ്രഹ്മചര്യം അനുഷ്ഠിക്കേണ്ടതു്? അവനവന്റെ മനസ്സിനെ അവനവൻ തന്നെ നിയന്ത്രിക്കാൻ പഠിക്കണം. സ്വാമീദർശനാർത്ഥം മുദ്ര(മാല) ധരിച്ചാൽ അന്നുമുതൽ, സ്വാമിയേ ശരണമയ്യപ്പായെന്നു സദാ ജപിക്കുകയും കാമവികാരങ്ങളെ പാടെ ഹൃദയത്തിൽനിന്നും അകററി നിറുത്താൻ ശ്രമിക്കുകയും, സ്വാമിഭക്തന്മാരായ സജ്ജനങ്ങളോടു കൂടി സമയമുള്ളപ്പോഴൊക്കെ സ്വാമിയുടെ നാമകീർത്തനങ്ങൾ പാടി രസിച്ചു് ആനന്ദിക്കുകയും ചെയ്യുക! സ്ത്രീസംസർഗ്ഗത്തിന്നായൊരുകാരണവശാലും ഇടവരാതെ മനസ്സിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നവൻ ക്രമേണ ബ്രഹ്മചാരിയാ

യിത്തീരുന്നു സ്ത്രീസംഭോഗം ചെയ്തുകൊണ്ടു ശബരിമലക്കുപോയാലെന്താ, കടുവ പിടിക്കുമോ, സ്വാമി കോപിക്കുമോ, എന്നും മററും പുച്ഛരസത്തിൽ ചിലർ ചോദിക്കാറുണ്ടു്. പക്ഷെ അതുപോലുള്ള ചോദ്യങ്ങൾക്കു് ഉത്തരംപറയാൻ നാം സന്നദ്ധരാകരുതു്. അവൻെറ വിശ്വാസം അവനെ പൊറുപ്പിക്കട്ടെ! നിൻെറ വിശ്വാസം നിന്നെ പൊറുപ്പിക്കും. എൻെറ വിശ്വാസത്തിൽ നിന്നും ഞാൻ അണുപോലും വ്യതിചലിക്കയില്ലെന്നുള്ള തത്വം വിസ്മരിക്കാതിരുന്നാൽ എൻ്റെ മനസ്സു് നിയന്ത്രണാധീനമായിത്തീരുന്നു.

## ക്ഷമാശീലഃ

ഏതൊരുവനാണു് ശബരിമലക്കുപോയി സ്വാമി ദർനം നടത്താൻ ആഗ്രഹിക്കുന്നതു് അയാൾ രണ്ടാമതായി ക്ഷമാശീലനാകാൻ യത്നിക്കണം. (പഠിക്കണം.) അതെങ്ങിനെ? ഒരുവൻ നമ്മുടെ രീതികളെക്കണ്ടു് പരിഹാസഭാവത്തിൽ പരസ്യമായി അധിക്ഷേപിക്കുന്നു എന്നിരുക്കട്ടെ, നാം അതിനെ ശ്രദ്ധിച്ചില്ലെന്നു നടിക്കണം. അങ്ങിനെ നടിക്കണമെങ്കിൽ മനസ്സിനെ നിയന്ത്രിക്കണം. മനസ്സാകുന്ന കുതിരയെ ഒരിക്കലും അനിയന്ത്രിതമായ പന്ഥാവിലേക്കു് നയിക്കാതിരിക്കാൻ ശ്രമിക്കേണ്ടതു് നമ്മുടെ കർത്തവ്യമാണു്. അതിനു് ക്ഷമ അത്യാവശ്യമാണു്. മൌനമവലംബിച്ചുനടക്കുന്ന ഒരുവനെ മററൊരുവൻ അപഹസിച്ചാൽ അവനു് യാതൊരു തര

ത്തിലും ദോഷം വരുന്നില്ല. അവൻ ക്ഷമാശീലനല്ലെങ്കിൽ പലവിധത്തിലുമുള്ള നാശങ്ങൾക്ക് ഇടയായിത്തീരുകയും ചെയ്യുന്നു.

പൊന്നിന്റെ പിച്ചളയെന്നുചൊന്നാൽ
വന്നിടം; മററിന്നു ഹാനിതെല്ലും
നിന്നെ ദുഷിച്ചാൽ നിനക്കും കുറവില്ല.
ഒന്നുംപറയാതെ............എന്ന

ബ്രഹ്മാനന്ദസ്വാമിയുടെതത്വം എത്രത്തോളം ഫലവത്തായിരിക്കുന്നുവെന്നു ചിന്തിക്കുക! മറെറാരുവൻ എന്തും പറയട്ടെ! നമുക്കെന്തുചേതം? ഒരുപക്ഷെ നമ്മെസ്തുതിക്കട്ടെ! നമുക്കെന്തുലാഭം? രണ്ടുമില്ല.

'ക്ഷമാശീലമശക്താനാം
ശക്താനാം ഭൂഷണം ക്ഷമാ'

എന്നുള്ള ആപ്തവാക്യം ഈ അവസരത്തിൽ സ്മരിക്കുന്നതു നമ്മുടെ ക്ഷമാശീലത്തിന്നു മാററുകൂട്ടുന്നതുമാകുന്നു.

## കോപഭാവം

അടുത്തതായി നാം അഭ്യസിക്കേണ്ടതു കോപഭാവത്തെ നശിപ്പിക്കുകയെന്നതാകുന്നു. ഒരുവൻ നമുക്ക് ഇഷ്ടപ്പെടാത്തരീതിയിൽ എന്തെങ്കിലും സംസാരിക്കുകയോ പ്രവർത്തിക്കുകയോചെയ്യുന്നെങ്കിൽ അതിനെപ്പററി കോപി

ഷ്ഠനായി പ്രതിക്രിയക്ക് ഒരുങ്ങരുത്. കോപഭാവംനമ്മെ ഒരിക്കലുംനല്ലവനാക്കിത്തീർക്കയില്ല. എപ്പോഴും അധഃപതനത്തിലേക്ക് ചാടുവാനുള്ളവഴികാട്ടിത്തരികയുംചെയ്യും നമ്മുടെ വീട്ടിൽ നില്ക്കുന്ന വേലക്കാരോടുപോലും നാം സന്തുഷ്ടചിത്തരായി പെരുമാറണം. അവരിൽനിന്നുംപലതെററുകളുംസംഭവിക്കാം അവയെകണ്ടുകോപിച്ച് അക്രമത്തിനു വിധേയരാകാൻ ശ്രമിക്കരുത്. കോപമാണ് നമ്മെ അനീതിപരമായമാർഗ്ഗങ്ങളിലേക്ക് നയിക്കുന്നത് കോപമാണ്നമ്മെ അല്പായുസ്സുകളാക്കിമാററാനും ശ്രമിക്കുന്നത്. അതുകൊണ്ടു സ്വാമിദർശനത്തിനു യാത്രയാകുന്നവൻ കോപഭാവം വെടിഞ്ഞു സന്തുഷ്ടചിത്തരാകുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

## അനുകമ്പാശീലം

സ്വാമിദർശനത്തിനായി ഒരുങ്ങുന്നവർ ആരുതന്നെയായാലും ആരോടും വിശിഷ്യ ശത്രുക്കളോടും അനുകമ്പയുള്ളവരായിരിക്കണം. വൈരാഗ്യബുദ്ധിയോടുകൂടി ഒരുവൻ നമ്മെ ദ്രോഹിക്കുവാൻ തയ്യാറായിട്ടുണ്ടെങ്കിൽ കഴിയുന്നതും അവനെസ്നേഹിക്കുകയും അത്തരം ദ്രോഹചിന്തയിൽനിന്നും അവനെ പിൻതിരിപ്പിക്കുകയും ചെയ്യാൻ നാം ശ്രമിക്കണം.

# അഹിംസാതത്വം

അഹിംസാപരമോ ധൎമ്മഃ എന്നുള്ള വേദവാക്യം ഒരിക്കലും വിസ്മരിക്കരുതു്. യാതൊരു ജീവനേയും നാം ഹിംസിക്കരുതു്. (കൊല്ലരുതു്) ദ്രോഹോപദ്രവത്തിനു പോലും തയ്യാറാകരുതു്.

ഒരു ജന്തുവിന്നുമൊരുപദ്രത്തിനെ
കരണത്രയാലപി കൊടുത്തിടാത്തതു്
പരമാ 'മഹിംസ'യതിൽ മീതെ ധൎമ്മമി-
ല്ലറിവിൻ! നടപ്പിനതുപോലെയെപ്പൊഴും
(ബ്രഹ്മാനന്ദ സ്വാമി)

നാം അഹിംസാതല്പരരായിത്തീരുവാൻ ശ്രമിക്കുന്നതു നല്ലതാണ്. ഒരുത്തനെ ഉപദ്രവിക്കുകയോ കൊല്ലുകയോ ചെയ്താൽ താല്ക്കാലികമായി ചില ഗുണങ്ങൾ ലഭിക്കുമെന്നുകരുതി പലരും പലവിധഹിംസാദികൾക്കും പാത്രമായിത്തീരുന്നതും നാംകണ്ടിട്ടുള്ളതാണ്. പക്ഷെ-അവന്റെ ഭാവിഅവനോൎക്കുന്നില്ല. സകലചരാചരങ്ങളിലും ഈശ്വരശക്തി വിളയാടുന്നതുകൊണ്ടു് നമുക്ക് ആരേയുംകൊല്ലാനുള്ള അധികാരമില്ല. ജീവിതാശസൎവ്വജീവികൾക്കും ഒരുപോലെയാണ്. ഒരുത്തൻ പശുവിനെ കൊല്ലുന്നു, മറെറാരുത്തൻഅതിന്റെ കിടാവിനെ (കുട്ടിയെ) കൊല്ലുന്നു അവനെ മറെറാരുത്തൻ കൊല്ലുന്നു കഷ്ടം! ഇതിന്റെയെ

ല്ലും അനന്തരഫലവും എന്താണെന്നു ആരെങ്കിലും ചിന്തിച്ചിരുന്നെങ്കിൽ.

ചരാചരസ്ഥിതനായ സാക്ഷാൽസ്വാമിയെ (അയ്യപ്പനെ) ദർശനം ചെയ്യാൻ നാം പുറപ്പെടുന്നു. സ്വാമിഭക്തരേ! നാം ഈ കാണുന്ന സർവ്വചരാചരങ്ങളും നമ്മുടെയാണു്. നമുക്കവരെ സ്നേഹിക്കാനുള്ള അവകാശം മാത്രമേയുള്ളൂ. അവരെദ്രോഹിപ്പാനോ ഹിംസിപ്പാനോഅധികാരമില്ലെന്നു മനസ്സിലാക്കി അഹിംസാതല്പരന്മാരായിത്തീരുകയും നമ്മുടെ പിൻഗാമികളെ പഠിപ്പിക്കുകയും ചെയ്യണം.

## സത്യദീക്ഷ

വ്രതാനുഷ്ഠാന വിധികളിൽ, ഏററവും നിഷ്കൃഷ്ടയോടുകൂടി അനുഷ്ഠിക്കേണ്ട കാര്യമാണിതു്. മുദ്രധരിച്ചാൽ ഒരുവിധത്തിലും ഒരു കാര്യത്തിനും ഒരിക്കലും അസത്യം പറയാൻ ശ്രമിക്കരുതു്, അതു് വലിയ പാപമാണു്. സത്യസ്വരൂപനായ സ്വാമിയേ ദർശിപ്പാൻ വ്രതമെടുത്തിട്ടുള്ള ഏതൊരുവന്റെ ഹൃദയത്തിലും അസത്യത്തിനു സ്ഥാനം കൊടുക്കരുതു്.

സത്യം വെടിഞ്ഞു നടക്കുന്ന മർത്ത്യനെ
ശത്രുക്കൾ കണ്ടാൽ ഭയപ്പെടുന്നു; സദാ
.....................................................
സത്യംമറച്ചുള്ളസത്യം പുലത്തുവാൻ

നിത്യവും ശ്രദ്ധചെലുത്തും നരാധമൻ,
സത്യത്തെ ലംഘിപ്പതിന്നുമടിക്കുന്ന
മർത്ത്യനാണുത്തമ-നെന്നറിഞ്ഞീടണം.

## മനഃശുദ്ധി

വ്രതാനുഷ്ഠാനവിധികളിൽ പ്രാധാന്യമർഹിക്കുന്ന വിധിയാണ് മനശ്ശുദ്ധി. ഓരോവ്യക്തിയും മുദ്ര ധരിച്ചാൽമനശ്ശുദ്ധിയോടുകൂടിദിനകൃത്യങ്ങൾചെയ്യണം. മനസ്സിനെ എങ്ങിനേയാണ് ശുദ്ധിചെയ്യേണ്ടതു്?ഒരിക്കലും ദുശ്ചിന്തകൾക്ക്സ്ഥാനംകൊടുക്കരുതു് പരദ്രോഹചിന്ത, സ്ത്രീസംഗമാസക്തി,വഞ്ചനാപരമായകാര്യങ്ങൾ ചിന്തിക്കുക, ദുഷ്ടസംസർഗ്ഗത്തിനാഗ്രഹിയ്ക്കുക ഇങ്ങിനെയുള്ളദുഷിച്ചകാര്യങ്ങൾക്ക് മനസ്സിൽ സ്ഥാനം കൊടുക്കാതെ; എപ്പോഴും ഈശ്വരവിചാരംകൊണ്ടുംസജ്ജന സംസർഗ്ഗം കൊണ്ടുംസൽപ്രവൃത്തികൾകൊണ്ടും സൽപുരാണപാരായണത്തിനാശ്രദ്ധിപ്പിച്ചുകൊണ്ടും സദാചാരപ്രിയനായിട്ടും സ്വാമിയെ ദർശിക്കുന്നവനു് മനശ്ശുദ്ധിയും ആത്മജ്ഞാനവും വർദ്ധിച്ചു പരബ്രഹ്മപാദത്തിൽ ലയിക്കുവാൻ സാധിക്കുന്നതാണു്,

കാമരാഗദ്വേഷലോഭമോഹങ്ങളും-
ലാമയം കൂടാതിരിപ്പവൻ നിർമ്മലൻ.

അവൻ സ്വർഗ്ഗീയസുഖങ്ങൾ അനുഭവിപ്പാൻ അവകാശിയായിത്തീരുന്നു.

ദർപ്പമഹങ്കാരമീർഷ്യകാമം
ഡാംഭമസൂയമദരാഗങ്ങൾ

അപ്പോലെ മാത്സര്യം ലോഭംമോഹംദ്വേഷം
അത്യന്തം പാപികരം ജ്ഞാനപ്പെണ്ണേ!
ക്രോധമെന്നുള്ളോരു പാപിതാനും
കൂടി പതിമൂന്നു കള്ളരുണ്ട്
കൂട്ടുകിലാക്കൂട്ടരോട് നരകമാം
കൂപത്തിൽ ചാടിക്കും ജ്ഞാനപ്പെണ്ണേ!

എന്നും മററും ബ്രഹ്മാനന്ദസ്വാമി ശിവയോഗി ഉൽഘോഷിച്ചിരിക്കുന്നതു ശ്രദ്ധിച്ചുപഠിക്കേണ്ടതാണ്. അതുകൊണ്ട് അവയെ ഓരോന്നിനേയും നമ്മുടെ മനസ്സിൽനിന്നും അകററിനിറുത്തിയാൽ മനസ്സ് പരിശുദ്ധമായിത്തീരും.

## മിതാഹാരനിഷ്ഠയും അന്നദാനക്രമവും

മണ്ഡലവ്രതമാരംഭിച്ചാൽ മിതമായആഹാരംമാത്രമെ കഴിക്കുകയുള്ളുവെന്നു നിർബ്ബന്ധമുണ്ടായിരിക്കണം. കണ്ണിൽകണ്ടതും കയ്യിൽകിട്ടിയതും തിന്നുഉദരപൂരണപ്രിയന്മാരായിത്തീരാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. ഒരുനേരത്തെഭക്ഷണംകൊണ്ടുതൃപ്തിപ്പെടുന്നതു ഉത്തമമാകുന്നു. സ്വയം പാകപ്പെടുത്തിയ ആഹാരപദാർത്ഥങ്ങളായിരുന്നാൽ വിശേഷമാണ്. മത്സ്യമാംസാദികളിലോ മദ്യപാനാദികളിലൊ അണുപോലും ആസക്തനാകരുത്. ഒരുനേരത്തെ അരിആഹാരംകൊണ്ടു തൃപ്തിവന്നില്ലെങ്കിൽ രാവിലേയും വൈകുന്നേരവും പാലൊ പഴവർഗ്ഗമോ ഭക്ഷിക്കാം.

അന്നത്താൽ കക്ഷിയദ്ധാത്തെ
മന്ദം പൂരിച്ചുകൊള്ളുവിൻ
പിന്നെ കാൽവയർ വെള്ളത്താൽ
തന്നെ പൂരിക്കവേണ്ടതു്.
ഉറക്കവും വേണ്ടതുപോലെ വേണം
മറക്കൊലാ നമ്മുടെ ഭാഷിതത്തെ
വെറുപ്പുകാട്ടീടരുതേവനോടും
ഉരച്ചീടേണം പ്രിയമേവനോടും.

എന്നു് ബ്രഹ്മാനന്ദസ്വാമി ശിഷ്യഗണത്തിനുപദേശിച്ച വരികൾ നാം ഈ അവസരത്തിൽ ശ്രദ്ധിക്കേണ്ടതാണ്. അതുപോലെതന്നെ ശ്രദ്ധയോടുകൂടി ചെയ്യേണ്ടതായ മറ്റൊരുകാര്യം അന്നദാനമാണ്. വ്രതദീക്ഷിതൻദിവസത്തിലൊരിക്കലെങ്കിലും ഒരുസാധുവിനു ആഹാരം കൊടുക്കാൻ ശ്രദ്ധിക്കുകയും പരിശ്രമിക്കുകയും ചെയ്യണം. ആഹാരംകൊടുക്കുന്നതിനു കഴിവില്ലെങ്കിൽ ആഹാരം ലഭിക്കുന്നതിന്നു് തടസ്സമില്ലാത്തയിടം കാണിച്ചുകൊടുക്കണം. അതു നമ്മുടെ കടമയാണ്. പൊന്നോ, പണമോ കൊടുത്തു് ഒരാളേയും തൃപ്തിപ്പെടുത്താൻ ആരാലും സാദ്ധ്യമല്ല. നേരെമറിച്ചു ഒരുനേരത്തെ ആഹാരംകൊടുത്തുഒരുത്തനെ തൃപ്തിപ്പെടുത്താൻ സാധിക്കുന്നകാര്യമാണ്. അന്നദാനം ചെയ്യുന്നതിനു കഴിവുള്ളവർ (സാമ്പത്തികശേഷിപോലെ) 1-3-5-7-9-10-21-41-101-എന്നീക്രമത്തിൽ അന്നദാനംചെയ്യുന്നെങ്കിൽ ധർമ്മശാസ്താവായഅയ്യപ്പന്റെ അനുഗ്രഹത്തിന്നു പാത്രമായിത്തീരുമെന്നുള്ളതിന്നു സംശയമില്ല.

അന്നദാനപ്രഭുവേ! ശരണമെൻറയ്യപ്പ! എന്നുവിളിച്ചതുകൊണ്ടു പ്രയോജനമില്ല അന്നദാനം ചെയ്തിട്ടുവിളിക്കുന്നതിൽ പ്രയോജനംസിദ്ധിക്കും. ഇന്നല്ലെങ്കിൽനാളെ. സമഭാവനയോടുകൂടി (പന്തിയിൽ പക്ഷഭേദംകൂടാതെ) കുബേരകുചേലവ്യത്യാസമില്ലാതെ ഒരുമിച്ചിരുന്നു ആഹാരം കഴിക്കുന്നതു സ്വാമിക്കു വളരെ ഇഷ്ടമാണു്.

## ത്യാഗവും സേവനവും

വ്രതാരംഭംമുതൽ ത്യാഗസന്നദ്ധരായി സാധുജനസേവനത്തിന്നു ഇറങ്ങേണ്ടതു ഓരോ അയ്യപ്പഭക്തൻെറയും കൎത്തവ്യമാണു്. സ്വാമിതന്നെ സ്വസുഖങ്ങളെ ത്യജിച്ചു അന്യാധീനത്തിൽ അന്യരുടെ കുതന്ത്രങ്ങൾക്കു വശംവദനായി ജീവിക്കുകയും ക്രമേണ അതിനെയെല്ലാം തരണം ചെയ്തു സജ്ജനപ്രിയനായി ദുൎജ്ജനവിരോധിയായി ലോകസേവനമനുഷ്ഠിച്ച കഥകൾ നാം ഒരിക്കലും വിസ്മരിക്കരുതു്. ഏതൊരുത്തൻെറ സങ്കടത്തിലും നാം ശ്രദ്ധ ചെലുത്തണം. തന്നാൽ കഴിവുള്ള സഹായങ്ങൾ ചെയ്തു അവരെ സങ്കടാവസ്ഥയിൽനിന്നും മാററുവാൻ ശ്രമിക്കണം.

"അവരവരാത്മസുഖത്തിനാചരിക്കുന്നവ-
യപരൻെറ സുഖത്തിനായ് വരേണ"-
മെന്നും................
"അയലുതഴപ്പതിനായതിപ്രയത്നം
നയമറിയും നരനാചരിച്ചിടേണ"-മെന്നും

ശ്രീ നാരായണഗുരുസ്വാമി വളരെക്കാലം മുൻപുതന്നെ നമുക്കുപദേശിച്ചിട്ടുള്ളതാണു്. അതിന്റെ ഫലകോടിയിലെത്തിക്കേണ്ടതു ശിഷ്യന്മാരായ നമ്മുടെ ഓരോരുത്തരുടേയും കടമയാണു്. നാം നമ്മുടെ സുഖം നോക്കാതെ അന്യന്റെ സുഖത്തിനുവേണ്ടി യത്നിക്കുക. അതാണു് നമ്മുടെ ത്യാഗവും സേവനവും.

## ധർമ്മതാൽപ്പര്യം

ധർമ്മാർത്ഥകാമമോക്ഷങ്ങളിൽവെച്ചു പ്രാധാന്യമർഹിക്കുന്നതു ധർമ്മമാണു്. ധർമ്മം പലവിധത്തിലുണ്ടു്. ദാഹിക്കുന്നവനു് വെള്ളംകൊടുക്കുക, വിശക്കുന്നവനു ആഹാരംകൊടുക്കുക. ഇതൊക്കെ ശരിയായ ധർമ്മങ്ങളാണു്. വിശപ്പില്ലാത്തവനെക്ഷണിച്ചു ആഹാരംകഴിക്കുന്നതിനു നിർബ്ബന്ധിക്കുക! ദാഹമില്ലാത്തവനുവെള്ളം കൊടുക്കുക ഇതൊക്കെഅധർമ്മങ്ങളുമാകുന്നു. പാത്രം അറിഞ്ഞു ഭിക്ഷയിടണമെന്നൊരു പഴഞ്ചൊല്ലുണ്ടു്. പരമാർത്ഥമാണു്! പാത്രമറിയാതെ ഭിക്ഷയിടുന്നതുദൈവനീതിക്കു വിരോധമാണു്. കപടവേഷമണിഞ്ഞുവരുന്ന ഭിക്ഷുവിനു് ഭിക്ഷകൊടുക്കുന്നതുകൊണ്ടെന്തു പ്രയോജനം പട്ടിണികിടന്നു പണംസമ്പാദിക്കുവാൻ നടക്കുന്ന ചിലക്കൂട്ടരുണ്ടു്. അവർക്കല്ല — ധർമ്മംചെയ്യേണ്ടതു്. വിശന്നു പൊരിഞ്ഞുനടന്നലയുന്ന സാധുവർഗ്ഗത്തിനാണു് ധർമ്മം ചെയ്യേണ്ടതു്, അങ്ങിനെ ഒരു ദിവസത്തിൽ ഒരാൾക്കെങ്കിലും നമ്മുടെ വരുമാനത്തിൽനിന്നു് നമ്മുടെ സ്വന്തമാ

വശ്യങ്ങളിൽ കുറവുചെയ്യേണ്ടതെങ്കിലും ധർമ്മം ചെയ്യുവാൻസ ന്നദ്ധനാകണം. അങ്ങിനെ ചെയ്യുന്ന ഭക്തന്മാർക്ക് ധർമ്മ ശാസ്താവായ അയ്യപ്പൻെറ സഹായം സിദ്ധിക്കുന്നതാണു്.

## കൃത്യബോധം

നാം എന്തിനുവേണ്ടിയാണു് മാലധരിച്ച് വ്രതമെടുത്തു് ശരണവുംവിളിച്ച് വേഷപ്രച്ഛന്നരായി നടക്കുന്നതു് എന്നു് സ്വയം ചിന്തിക്കണം. നാം നമ്മുടെ കഷ്ടപ്പാടുകളേയും ബുദ്ധിമുട്ടുകളേയും സ്വാമിസന്നിധാനത്തിൽ സമർപ്പിക്കുന്നതിനു്വേണ്ടിയാണ് വ്രതദീക്ഷയോടു കൂടിശബരിമലയാത്രചെയ്യുന്നതു്. മാലധരിച്ചാൽഅന്നുമുതൽനാം നമ്മുടെഓരോപ്രവൃത്തിയിലും കൃത്യബോധമുള്ളവരായിത്തീരണം രാവിലെ കുളിക്കേണ്ടതു് വൈകുന്നേരമാകട്ടെയെന്നും ഒരു നേരംമാത്രംആഹാരംകഴിക്കേണ്ടതു് പലവട്ടമായാലും തരക്കേടില്ലയെന്നും ശരണംവിളിക്കുന്നകാര്യം തൽക്കാലം മാററിവയ്ക്കാമെന്നും മററും വിചാരിക്കുന്നതു് തെററാണ്. അതാതുസമയങ്ങളിൽചെയ്യേണ്ടവ അതാതു സന്ദർഭങ്ങളിൽ ചെയ്യാൻബോധമുണ്ടായിരിക്കണം. ഇന്നു വേണ്ടകാര്യംനാളത്തേക്കുമാററിവക്കുക നാളെചെയ്യേണ്ടതു്ഇന്നുതന്നെയെങ്ങിനെയെങ്കിലുംചെയ്തുവസാനിപ്പിക്കുക. ഇതെല്ലാംഅലസന്മാരുടെ ശീലങ്ങളാണ്. അങ്ങിനേയുള്ള ശീലങ്ങളെപാടെമാററി വ്രതകാലത്തു്യാതൊരുനിഷ്ക്കും വിഘ്നം വരാതെ സ്വാമിദർശനം കഴിയുന്നതുവരെയെങ്കിലും കൃത്യബോധത്തോടുകൂടി ദിനചര്യകളനു

ഷ്ടിക്കുന്നതായാൽ നിത്യാനന്ദപ്രദനായ ശ്രീ അയ്യപ്പൻ നമ്മെ അനുഗ്രഹിക്കുകതന്നെ ചെയ്യും.

## അപരാധവും ക്ഷമാപണവും

ശബരിമലയാത്രക്ക് ഒരുങ്ങുമ്പോൾ സ്വാമിയെസ കല്പിച്ചു പൂജ നടത്തി മുദ്രകെട്ടു നിറക്കണം. അതിന്റെ ചടങ്ങുകൾ കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടെങ്കിലും ചില കാര്യങ്ങൾ കൂടി ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ! മുദ്രകെട്ടു നിറച്ചു കഴിഞ്ഞാൽ ഗുരുഭൂതന്റെ സാമീപ്യത്തോടുകൂടി കെട്ടിൻപുറത്തു ദക്ഷിണ ചെയ്യണം ദക്ഷിണ ചെയ്യേണ്ടതു എങ്ങിനെയെന്നാൽ വെററിലയും അടക്കയും (പാക്കും) കയ്യിലെടുത്തു (നാണയം കൂടിവേണ്ടതാണ്.) കെട്ടിന്നഭിമുഖമായിനിന്നു കൈകൂപ്പിത്തൊഴുതുകൊണ്ടു് താഴെ പറയുന്നതുപോലെ ഉച്ചരിക്കണം.

"ഞാൻ സ്വാമിദർശനാർത്ഥം മുദ്രധരിച്ചുവ്രതമെടുത്ത കാലംമുതൽ ഇന്നുവരെ മനസാ, വാചാ, കർമ്മണാ അറിഞ്ഞോഅറിയാതേയോ, (സ്വാമിക്കുസഹിക്കാൻവയ്യാത്ത നിലയിൽ)വല്ലഅപരാധങ്ങളും ചെയ്തിട്ടുണ്ടെങ്കിൽ അവയെല്ലാം സ്വാമിക്ഷമിച്ചുഅടിയനു മാപ്പുതരികയും അവിടത്തെ എത്തി അങ്ങയെ ദർശിപ്പാനുള്ള ഭാഗ്യംഎനിക്കുതരികയുംചെയ്യണമെന്നുഭക്തി ശ്രദ്ധാബഹുമാനവിനയാന്വിതനായിതാണുവീണുകേണപേക്ഷിക്കുന്നു". ഇങ്ങിനെ ചൊല്ലിക്കൈവശമിരിക്കുന്നതിനെ കെട്ടിൻ പുറത്തുവെച്ചു്നമസ്കരിക്കണം. അതിനുശേഷംനമുക്ക് ബന്ധപ്പെട്ട

രോടും ഗുരുവിനോടും ക്ഷമാപണംചെയ്തു അനുഗ്രഹം വാങ്ങിക്കേണ്ടതു വ്രതാനുഷ്ഠാനവിധികളിൽ പ്രധാന കർത്തവ്യമാകുന്നു ഇപ്രകാരമുള്ള വ്രതാനുഷ്ഠാനങ്ങളോടുകൂടി അഖിലാണ്ഡനാഥനായി സച്ചിദാനന്ദസ്വരൂപനായി ശബരിമലയിൽ അധിവസിക്കുന്ന ശ്രീഭൂതനാഥനെ (അയ്യപ്പനെ) ദർശനംചെയ്യുന്ന ഏതൊരു മർത്ത്യനും പരമാനന്ദപ്രാപ്തി ലഭിക്കുമാറാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടു് ഈ വ്രതാനുഷ്ഠാനപദ്ധതിയെന്ന — രണ്ടാമദ്ധ്യായം തൽക്കാലം അവസാനിപ്പിച്ചുകൊള്ളുന്നു.

സ്വാമിയേ ശരണമയ്യപ്പ!
പിഴകൾ പൊറുക്കണേ! സ്വാമിപൊന്നയ്യപ്പം!
തിരുവടി ശരണം തരണമെൻറയ്യപ്പ!

## അദ്ധ്യായം 3

ഈ അദ്ധ്യായത്തിൽ പന്തളരാജ്ഞിയുടെ രോഗശാന്തിക്കായി പുലിപ്പാൽകൊണ്ടുവരുവാൻ വനത്തിലേക്കുപോയ മണികണ്ഠൻ (അയ്യപ്പൻ) അനവധിപുലിക്കുട്ടികളോടുകൂടി വലിയ പുലിയുടെ പുറത്തുകയറി പന്തളരാജധാനിയിൽ പ്രവേശിച്ചപ്പോൾ സന്തോഷപരവശനായ രാജാവു് മണികണ്ഠനെസ്തുതിക്കുന്നതും മണികണ്ഠം ഗമനത്താൽ ഭയവിഹ്വലരായിത്തീർന്ന രാജ്ഞയും

മന്ത്രിയും മണികണ്ഠപാദാരവിന്ദങ്ങളിൽ നമസ്കരിച്ചു ക്ഷമായാചനം ചെയ്യുന്നതും, മണികണ്ഠൻ അന്തർദ്ധാനം ചെയ്യുന്നതുമായ ഭാഗമാണ് വിവരിക്കുന്നത്. ഭക്തിസംവർദ്ധകമായ ഈ രംഗം ഭക്തജനങ്ങൾക്ക് വളരെ ഇഷ്ടപ്പെടുമെന്നുള്ള വിശ്വാസത്തോടുകൂടിയാണ് ഇവിടെ ചേർക്കുന്നത്.

(പാട്ട)

അത്തലോടെ ദിനങ്ങൾ നയിച്ചോര-
ഭക്തചിത്തനാം പന്തളഭൂപതി
പുത്രഭാവേന ലാളിച്ചു പോററിയ
സത്യമൂർത്തിയെ വന്ദിച്ചു ചൊല്ലിനാൻ:
കാരുണ്യാംബുധേ ദീനദയാപര
ധീര! വീര! കുമാരമണികണ്ഠ!
നാരദാദിമുനിജനസേവിത
കാരുണ്യമോടെ കാത്തരുളേണമെ!
തെററുചെയ്തതു സർവ്വം ക്ഷമിക്കണേ!
കുററമായ് കരുതായ്കനിൻമാനസേ,
അററമില്ലാത്ത തെററുകൾചെയ്കിലും
പെററമ്മയ്ക്കതു കുററമായ് തീരുമോ?
കാട്ടിലേക്കു നീ പോയനാൾ തൊട്ടെനി-
ക്കൊട്ടുമേ; നിദ്രയില്ല, കുളിയില്ല
ഇഷ്ടമില്ലെനിക്കുണ്ണിലും, മററുള്ള
നാട്ടുകാര്യങ്ങൾ ചിന്തിപ്പതിനുമേ,

ഇന്നുനിൻവദനാംബുജം കാൺകയാ-
ലെന്നുടെ മനംനന്നായ് തെളിഞ്ഞഹോ!
ഇന്നിമേലെനിക്കാശയുമില്ല-യീ-
മന്നിടേ വസിപ്പാനും മഹാമതേ!

താതനീവിധം ഖേദിച്ചിടാതെ;യെൻ-
മാതൃരോഗവിനാശം വരുത്തുക!
പ്രീതിയോടെയീ-നില്ക്കും പുലികളി-
ലേതിനേയും യഥേഷ്ടം കറന്നിടാം

ഒട്ടുമേ ഭയം വേണ്ട, യിവററക-
ളാട്ടിൻകുട്ടികളെപ്പോലെ ശാന്തരാം
കെട്ടുകവേണ്ട; ഗോക്കളെപ്പോലെ-യീ
കാട്ടുജന്തുക്കളെക്കറന്നീടുവാൻ

അമ്മതൻ രുജ തീർപ്പതിന്നിപ്പോഴെ
ചെമ്മേ വന്നു കറക്കാം പുലികളെ.
കന്മഷങ്ങളകററുക! മുന്നേപ്പോൽ
സന്മനസ്സരായ് വാഴുക! സന്തതം

ഭക്തനാം ക്ഷിതിപാലനോടിങ്ങനെ
ഭക്തവത്സലനായ മണികണ്ഠൻ
യുക്തിയോടരുൾ ചെയ്തൊരു നേരത്താ-
ങ്ങെത്തി; രാജ്ഞിയും മന്ത്രിയുമാദരാൽ

ശ്രീമണികണ്ഠപാദങ്ങളിൽനമി-
ച്ചാമയമെന്നുമില്ലെനിക്കിന്നഹോ

സോമബിംബസമാനമാം ശോഭന-
കോമളാനനം ദർശിക്കകാരണം

ഈശ്വരൻെറ കൃപാകടാക്ഷത്തിനാ-
ലാശ്വസിച്ചെൻെറ രോഗമശേഷവും
ആശ്ചര്യം? തവദർശനം കൊണ്ടിന്നു
നിശ്ചയം മഹാശുദ്ധനായ്തീർന്നുഞാൻ

വേണ്ട വേണ്ട! പുലിപ്പാലെനിക്കിനി
വേണ്ടാ രോഗം ശമിച്ചുതു കാരണം
കൊണ്ടുപോയി വനത്തിങ്കലാക്കുകീ-
ഘലണ്ടാരാവം മുഴക്കും പുലികളെ.

ഈവിധം നരപാലക പത്നിത-
ന്നാവലാതി പറയുന്ന വേളയിൽ
ആ—വിവേകമില്ലാത്ത മഹാഖലൻ
സേവകൻ വിറച്ചേവമറിയിച്ചു.

ധന്യമൂർത്തേ! മഹാമതേ ശ്രീനിധേ!
സുന്ദര സുകുമാരകളേബര
അന്നു ഞാൻ ചെയ്തു തെററുകൾ സർവ്വവും
ഇന്നു നീ ക്ഷമിച്ചെന്നെ രക്ഷിക്കണേ!

വൻചതികൾ പലതും പ്രയോഗിച്ചു
പിഞ്ചുപൈതലാം നിന്നെ ഹനിക്കുവാൻ
നെഞ്ച് പൊട്ടുന്നിതിന്നവയോർത്തെൻെറ
പഞ്ചഭൂതികളും വിറച്ചീടുന്നു.

കർമ്മബന്ധം തടുക്കാവതല്ലല്ലോ
നിർമ്മലാനന്ദ വീര മണികണ്ഠ!
ധർമ്മബുദ്ധിയോടൊക്കെ ക്ഷമിക്കവാൻ
നിർമ്മായം തവ ചേവടി കൂപ്പുന്നേൻ!

ഓരോരുത്തരായേവം മണിഗള-
ചാരുതൃപ്പദം വന്ദിച്ചുനില്ക്കുമ്പോൾ
ചാരേനില്ക്കും നരപതിയോടിദം
കാര്യമായ് ചിലതോതി മണിഗളൻ.

ഞാനറിഞ്ഞു, നിൻ സത്യവും, ഭക്തിയും,
ജ്ഞാനവു-മതുകൊണ്ടു നീ മന്നിടേ
മാനവകുലാലങ്കാരരത്നമായ്
ദീനബന്ധുവായ് വാഴ്ക! ചിരം പ്രഭോ!

ഒന്നുകൂടിഞാൻ ചൊല്ലാമതുകേൾക്ക!
ഖിന്നതയ്ക്കവകാശമില്ലൊട്ടുമേ
ഇന്നിമേലിവിടത്തിൽ ഞാൻ വാഴ്കയി-
ല്ലിന്നുതന്നെ ഗമിക്കുന്നു കാനനേ!

എന്നെക്കാണണമെന്നുനിനയ്ക്കുമ്പോൾ
വന്നുകാണ്മതിന്നുള്ളോരുപായവും
ഇന്നുതന്നെ രഹസ്യമായ് ചൊല്ലിടാം
പിന്നെയൊന്നിലും ഖേദവും വേണ്ട തേ,

അമ്പുഞാനൊന്നയച്ചിടാമിന്നതു
കമ്പംകൂടാതെ ചെന്നുചേരും ദിശി;

അമ്പലമൊന്നു നന്നായ് ചമയ്ക്കണം
ഇമ്പമോടെ ഞാൻ തത്ര വസിച്ചീടാം.
ഭക്തിയോടെന്നെയാരു ഭജിച്ചാലും
മുക്തിനല്കുവൻ! ഖേദമകററിഞാൻ
ഇച്ഛക്കൊത്തപോൽ വേണ്ടും വരങ്ങളും
നിശ്ചയമവർക്കാസ്ഥയാ—നല്കീടാം

ഒരുഗതിയുമില്ലാത്ത ശബരിയെ—
ന്നൊരുവളെന്നെ ഭജിച്ചങ്ങിരിക്കുന്നു.
ശരണമേകുവാൻ പോകുന്നിതാദ്രിശി
വരിക! തത്ര നീ; യെന്നാൽ ശരംകാണാം·

പമ്പയാററിലെ വെള്ളം കുടിച്ചതും
കമ്പം തീരുവാനൊട്ടാശ്വസിച്ചതും
ഇമ്പമോടൊരു കുഞ്ഞിനെക്കണ്ടതും
ശംഭുദേവനെ ധ്യാനിച്ചുനിന്നതും;

കർമ്മസാക്ഷിയാമെന്നെ ലഭിച്ചതും
ഓർമ്മയുണ്ടോ മറന്നിതോ ഭൂപതേ!
ആ—സ്ഥലത്തെത്തി നീലിമലകേറി
ചെന്നാൽ കാണാം ശബരിതൻ പാർപ്പിടം.

പിന്നെയുമൊട്ടുദൂരെയായ് കാണും ഞാ—
നിന്നയക്കും ശരം കുത്തിനിൽപ്പത്
ഇന്നു ഞാനീപ്പറഞ്ഞ രഹസ്യങ്ങ—
ളൊന്നുപോലും പൊളിയല്ല നിശ്ചയം.

കണ്ടുകൊൾക! ശയന്നമ്പു പോകുന്നതും
ഇണ്ടൽക്കൂടാതെ ഞാൻഗമിക്കുന്നതും
കൊണ്ടുവന്ന മൃഗഗണം പോവതും
രണ്ടുമൂന്നു നിമിഷത്തിനുള്ളിലായ്.

ദേവനേവം പറഞ്ഞുമറഞ്ഞതു്
ഭുവിലാരുമറിഞ്ഞതില്ലെങ്കിലും
സേവിച്ചിടുന്ന ഭക്തജനങ്ങൾതൻ-
പാവനഹൃദയങ്ങളിലെത്തിടും.

ഭക്തിയോടെ ഭജിക്ക! മണികണ്ഠം
മുക്തിനൽകും നമുക്കാ മണികണ്ഠൻ
ഭക്തവത്സലനാകും മണികണ്ഠ-
ഭക്തരായ് ഭുവിവാഴാം ചിരം ശുഭം.

### ശബരിമലയാത്രയിൽ മലകേറുമ്പോഴും വിളിക്കുന്ന

## അഷ്ടോത്തരശതശരണങ്ങൾ

സ്വാമി ശരണം അയ്യപ്പ
ശരണം തരണേ സ്വാമീ!
അയ്യപ്പ ശരണം സ്വാമീ!
ശരണം തരണേ! അയ്യപ്പ! 4

ഹരിഹരസുതനേ സ്വാമീ!
ശബരി ഗിരീശ! സ്വാമീ!
ശ്രീഭൂതനാഥ സ്വാമീ!
ശരണം തരണേ! അയ്യപ്പ! 8

ശ്രീമണികണ്ഠ! സ്വാമീ!
ഭൂലോകനാഥ! സ്വാമീ!
ഭൂപതിദാസ സ്വാമീ!
ശരണം തരണേ അയ്യപ്പ! 12

ഭക്തജനപ്രിയ! സ്വാമീ!
ഭാസുരമൂർത്തേ! സ്വാമീ!
സർവ്വാത്മകനേ! സ്വാമീ
ശരണംതരണേ അയ്യപ്പ! 16

ഗണപതിസോദര! സ്വാമീ!
ആശ്രിതവത്സല! സ്വാമീ!
ആനന്ദമൂർത്തേ! സ്വാമീ!
ശരണം തരണേ! അയ്യപ്പ! 20

ആതങ്കനിഗ്രഹ! സ്വാമീ!
ആമയഹരണ! സ്വാമീ!
ആർത്തിവിനാശന! സ്വാമീ!
ശരണം തരണേ! അയ്യപ്പ! 24

അത്ഭുതവിഗ്രഹ! സ്വാമീ!
അമരാധീശ്വര! സ്വാമീ!
ആപന്നാശന! സ്വാമി
ശരണം തരണേ! അയ്യപ്പ! 28

അഭയപ്രദനേ! സ്വാമീ!
ജ്ഞാനപ്രദായക സ്വാമീ!
അജ്ഞാനനാശന സ്വാമീ!
ശരണം തരണേ! അയ്യപ്പ! 32

ഇന്ദ്രാദിപ്രിയസ്വാമി!
ഇഷ്ടജനപാലക സ്വാമീ!
ഈശ്വരതനയ സ്വാമീ!
ശരണം തരണേ അയ്യപ്പ! 36

കരുണാകരനേ സ്വാമീ!
ദീനദയാലോ സ്വാമി!

മോഹിനിതനയ സ്വാമി!
ശരണം തരണേ അയ്യപ്പ! 40

മണ്ഡലവ്രതവും സ്വാമി!
നിത്യാനന്ദം സ്വാമി!
എരുമേലിൽ ശാസ്താവേ സ്വാമി!
ശരണം തരണേ അയ്യപ്പ! 44

എരുമേലിൽ താവളം സ്വാമി!
എരുമേലിൽ പേട്ട സ്വാമി!
അയ്യപ്പൻ തിന്തക സ്വാമി!
ശരണം തരണേ അയ്യപ്പ! 48

പേരൂത്തോടെ സ്വാമി!
തീർത്ഥസ്നാനം സ്വാമി!
വന്ദിക്കുന്നേൻ സ്വാമി!
ശരണം തരണേ അയ്യപ്പ! 52

കാളകെട്ട്യാശ്രമം സ്വാമി!
അഴുതാനദിയെ സ്വാമി!
പുണ്യമാംതീർത്ഥം സ്വാമി!
ശരണം തരണേ അയ്യപ്പ 54

അഴുതാസ്നാനം സ്വാമീ
കല്ലുമെടുത്തു സ്വാമീ
കല്ലൊരു ചുമടേ സ്വാമീ
ശരണം തരണേ അയ്യപ്പ 60

അഴുതകയററം സ്വാമി!
അഴുതാമേടേ സ്വാമി!
കയററം കഠിനം സ്വാമി!
ശരണം തരണേ അയ്യപ്പ! 64

കല്ലിടുംകുന്നേ സ്വാമി!
കല്ലിട്ടുവന്ദനം സ്വാമി!
ഇഞ്ചിപ്പാറക്കോട്ട സ്വാമി!
ശരണം തരണേ അയ്യപ്പ! 68

മേട്ടുകളേഴും സ്വാമി!
കഠിനം കഠിനം സ്വാമി!
കരിമലത്തോടെ സ്വാമി!
ശരണം തരണേ അയ്യപ്പ! 72

കരിമലകേററം സ്വാമി!
കയററം കഠിനം സ്വാമി!
കരിമലത്താവളം സ്വാമി!
ശരണം തരണേ അയ്യപ്പ! 76

കിണറും കുളവും സ്വാമി!
വന്ദിക്കുന്നേൻ സ്വാമി!
കരിമലയിറക്കം സ്വാമി!
ശരണം തരണേ അയ്യപ്പ! 80

വലിയാനവട്ടം സ്വാമി!
ചെറിയാനവട്ടം സ്വാമി!

പമ്പയിൽ താവളം സ്വാമി!
ശരണം തരണേ അയ്യപ്പാ! 84

പമ്പയിൽ സ്നാനം സ്വാമി
ബലികർമ്മാദികൾ സ്വാമി
പമ്പയിൽ സദ്യ സ്വാമി
ശരണം തരണം അയ്യപ്പ 88

ഗുരുദക്ഷിണയും സ്വാമി
പരമാനന്ദം സ്വാമി
നീലിമല കേററം സ്വാമി
ശരണം തരണേ അയ്യപ്പ 92

ശബരിപ്പീഠം സ്വാമി!
ശരംകുത്തിയാലും സ്വാമി
ശരംകുത്തിവന്ദനം സ്വാമി
ശരണം തരണേ അയ്യപ്പ 96

പതിനെട്ടാം പടിയേ സ്വാമി
പടിതൊട്ടുവന്ദനം സ്വാമി
പടിമുകളേറി സ്വാമി
തിരുമുഖദർശനം അയ്യപ്പാ! 100

നെയ്യഭിഷേകം സ്വാമി
അഭിഷേകോത്സവം സ്വാമി.
അയ്യപ്പ ശരണം സ്വാമി
ശരണം തരണേ അയ്യപ്പ 104

ശബരിമലയാത്രാ സ്വാമി
ആനന്ദയാത്രാ സ്വാമി
വനവാസം സുഖം സ്വാമി
ചരണം ശരണമയ്യപ്പ! 103

മുടങ്ങാതെ ഭവൽപാദ-
ദശ്നം ചെയ്തുപോകുവാൻ
വരംതരേണമേ; സ്വാമി
തൃപ്പാദാംബുജമേ ഗതി.

## അയ്യപ്പഭക്തന്മാർ അനുഷ്ഠിക്കേണ്ടതായ

# 41 തത്വോപദേശങ്ങൾ

ഈ ഉപദേശങ്ങൾ, ത്യാഗശീലനും സദാചാരതല്പരനും സംസ്കാരസമ്പന്നനും സന്മാർഗ്ഗസഞ്ചാരിയുമായ ഒരു ഗുരുസ്വാമിയുടെ തിരുവായ്മൊഴികളാണ്. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരമാണ് ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നത്.

1 മണ്ഡലം മുതൽ ബ്രഹ്മചര്യമനുഷ്ഠിക്കുക

2 മാതാപിതാക്കളേയും ഗുരുഭൂതന്മാരേയും വന്ദിക്കുക

3 സജ്ജനങ്ങളെ സ്നേഹിക്കാനും പരിചരിക്കാനും ശീലിക്കുക.

4 സർവ്വചരാചരങ്ങളേയും "സ്വാമി" യെന്നു സങ്കല്പിക്കുക.

5 അഹങ്കാരം ഉപേക്ഷിക്കുക

6 ത്യാഗങ്ങൾ സഹിക്കുവാൻ സന്നദ്ധനാകുക

7 നമുക്കറിയാവുന്ന സാത്വിക തത്വങ്ങൾ മററുള്ളവരേയും പഠിപ്പിക്കുക.

8 വിശന്നുവലയുന്നവനു് തന്നാൽ കഴിവുള്ള ആഹാരം കൊടുത്തു് തൃപ്തനാക്കുക

9 ആഡംബരഭ്രമത്തിൽ ആഗ്രഹിക്കാതിരിക്കുക.

10 സുഖഭോഗങ്ങളിലുള്ള ആസക്തി പരിച്ഛേദം ഉപേക്ഷിക്കുക.

11 ധനസമ്പാദനത്തിനുംവേണ്ടിയുള്ള മത്സരങ്ങളിൽ നിന്നും പിന്മാറുക

12 അന്യരുടെ ഉന്നതിയിൽ അസൂയപ്പെടാതിരിക്കുക.

13 കഴിവുള്ളവർ യോഗാഭ്യാസമുറകൾ ക്രമമായിശീലിച്ച് മനഃശക്തി വളർത്തുക.

14 വ്രതകാലങ്ങളിൽസുഗന്ധവസ്തുക്കൾ, വാസനസോപ്പ് പൌഡർ, ഹെയർഓയിൽമുതലായവ കഴിയുന്നതും ഉപയോഗിക്കാതിരിക്കുക.

15 യാതൊരു ജീവിയേയും ഹിംസിക്കരുത്.

16 അന്യന്റെ യാതൊരുവസ്തുക്കളും മോഷ്ടിക്കുന്നതിനാഗ്രഹിക്കരുത്.

17 ന്യായാധിപന്റെമുമ്പിൽ (കോടതികളിൽ) നിന്ന് കള്ളസ്സാക്ഷിപറയരുത്.

18 അന്യായമായകാര്യങ്ങൾക്ക് ജാമ്യം നില്ക്കാതിരിക്കുക

19 ഋതുവായ സ്ത്രീകൾ വസിക്കുന്ന ഗൃഹങ്ങളിൽ പ്രവേശിക്കാതിരിക്കുക.

20 ശരണംവിളിക്കാതെഅന്യഗൃഹങ്ങളിൽ പോകരുത്

21 അജ്ഞതമൂലംആരെങ്കിലും ദുഷ്ക്കർമ്മങ്ങളിലേർപ്പെടുന്നതുകണ്ടാൽ നാം അയാളെ സദുപദേശങ്ങളാൽ അതിൽ നിന്നും പിൻതിരിപ്പിക്കുക.

22 മനസാ, വാചാ, കർമ്മണാആരേയും വഞ്ചിക്കാതിരിക്കുക.

23 ഏതുകാര്യങ്ങളിലും സമത്വം പാലിക്കുക.

24 ദാനധർമ്മാദികളിൽ ജാഗ്രതയുണ്ടായിരിക്കുക.

25 അമിതാഹാരങ്ങൾ ഭക്ഷിക്കാതിരിക്കുക.


26 ദുശ്ചിന്തകൾക്ക് ഹൃദയത്തിൽ സ്ഥാനംകൊടുക്കാതിരിക്കുക.

27 രാഷ്ട്രീയപ്രവൎത്തനങ്ങളിൽ ഇടപെടാതിരിക്കുക.
28 അമിതാദായത്തെ ഉദ്ദേശിച്ച് വ്യാപാരങ്ങൾ ചെയ്യാതിരിക്കുക.
29 ഭാരംചുമക്കുന്നവരെകഴിവനുസരിച്ച സഹായിക്കുക.
30 ഫലപ്രദമായ വൃക്ഷങ്ങൾ നട്ടുവളൎത്തുക.
31 ഭഗവൽഭക്തി സംവൎദ്ധകങ്ങളായ പുണ്യകഥകൾ പാരായണം ചെയ്യുന്നതിന്ന് ശ്രദ്ധാലുവായിരിക്കുക.
32 മണ്ണിലുംവിണ്ണിലും സൎവചരാചരങ്ങളിലും ആദിവ്യജ്യോതിസ്സ് പ്രകാശിക്കുന്നുണ്ടെന്നുള്ളകാൎയ്യംവിസ്മരിക്കാതിരിക്കുക
33 വൎഗ്ഗീയചിന്താഗതിമൂലം അന്യമതാദൎശങ്ങളെ ദൂഷിപ്പിക്കാതിരിക്കുക.
34 അന്യരിൽവെറുപ്പുംവിദ്വേഷവും തോന്നാതിരിക്കുക.
35 ഏതാപൽഘട്ടങ്ങളിലുംമനോധൈൎയ്യമവലംബിക്കുക
36 ലഹരിപദാൎത്ഥങ്ങൾ ഉപയോഗിക്കരുത്
37 സൽക്കഥാശ്രവണങ്ങളിൽ സന്തുഷ്ടചിത്തനാകുക.
38 ആരോടുംകോപിഷ്ടനായി സംസാരിക്കാതിരിക്കുക
39 അരുണോദയത്തിന്നുമുൻപ് സ്നാനം ചെയ്യുക.
40 'ആദിത്യഹൃദയ' മന്ത്രത്താൽ സൂൎയ്യദേവനെ തൃപ്തനാക്കുക.
41 സ്വാമീ ശരണമയ്യപ്പ! യെന്നദിവ്യമന്ത്രം ആയുരന്തംവരെ ജപിക്കുകയും ആ മന്ത്രം പഠിക്കുന്നതിനു് അന്യരെ പ്രേരിപ്പിക്കുകയും ചെയ്യുക.

ഇപ്രകാരമുള്ള നാല്പത്തിയൊന്നുപദേശങ്ങളും സ്വാമിഭക്തരായ സഹൃദയർപഠിച്ച വ്രതാനുഷ്ഠാനകാലങ്ങളിൽ ആചരിക്കുന്നതായാൽ ആനന്ദമൂൎത്തിയായ അയ്യപ്പന്റെ അനുഗ്രഹം സിദ്ധിക്കുമെന്നുള്ളതിനു് സംശയമില്ല.

ശുഭം

# ശബരിമലയാത്ര



പ്രണതക്ഷനലതി